REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

മലയാളരാജ്യം

ചിത്രവാരിക

13th Kumbham 1110.

25th February 1935.

സിഡ്നി മൃഗമന്ദിരത്തിലെ ഫ്രെഡ്ഡി എന്ന വാനരൻ.

മദ്ധ്യരേഖയ്ക്കു തെക്കുള്ള വാനരങ്ങളിൽ ഏററവും മനുഷ്യസദൃശനായുള്ളതു് 'ഫ്റെഡ്ഡി'യാണത്രെ.

N. I. A

VOL. VII. NO. 25

Price As. 2. വില ൨ ണ.

ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

ഉപനിഷത്തുകൾ.

	ക.	ണ.	സ.
ഈശാവാസ്യോപനിഷത്ത്	0	10	0
കേനോപനിഷത്ത്	0	6	0
കാഠകോപനിഷത്ത്	1	2	0
പ്രശ്നോപനിഷത്ത്	0	12	0
മുണ്ഡകോപനിഷത്ത്	0	12	0
മാണ്ഡൂക്യോപനിഷത്ത്	1	8	0
തൈത്തരീയോപനിഷത്ത്	1	4	0
ഐതരേയോപനിഷത്ത്	0	10	0
ഛാന്ദോഗ്യോപനിഷത്ത്	5	0	0

ഇതിഹാസപുരാണാദി.

അദ്ധ്യാത്മരാമായണം (സവ്യാഖ്യാനം)	1	8	0
ടി (വലിയ അക്ഷരം) ഒന്നാംതരം	1	8	0
ടി (പത്തിതിരിച്ചു അച്ചടിച്ചതു്) ടി	1	8	0
ടി (ആരണ്യകാണ്ഡം മാത്രം.)	0	6	0
ടി (ഉത്തരയോടുകൂടിയതു)	0	8	0
ശ്രീമഹാഭാരതം (കിളിപ്പാട്ട്)	0	8	0
ശ്രീമഹാഭാഗവതം (കിളിപ്പാട്ട്)	1	0	0
ടി (കട്ടിക്കടലാസിൽ,	1	12	0
ടി മേനിക്കടലാസിൽ (തോൽബയൻറ)	3	0	0
തുളസീദാസരാമായണം (ഭാഷാഗദ്യം)			
ഒന്നാംഭാഗം	1	4	0
രണ്ടാംഭാഗം	1	4	0
ജ്ഞാനവാസിഷ്ഠം (കിളിപ്പാട്ട്)	2	0	0
ശ്രീമഹാദേവീഭാഗവതം(സംപൂർണ്ണഗദ്യഗ്രന്ഥം)	1	8	0
കണ്ണശ്ശരാമായണം (ഉത്തരകാണ്ഡം)	0	12	0
രുഗ്മാംഗദചരിതം.	0	4	0
കിരാതാർജ്ജുനീയം കിളിപ്പാട്ട്.	0	4	0
അഘനാശപദ്ധതി.	0	2	0
ഹരിഹരപുത്രചരിത്രം	0	3	0

വേദാന്തഗ്രന്ഥങ്ങൾ.

ശ്രീമദ് ഭഗവദ്ഗീത	0	8	0
സ്വാമി രാമതീർത്ഥൻ (ഒന്നാം ഭാഗം)	0	12	0
സ്വാമി രാമതീർത്ഥൻ (൨-ം ൩-ം ഭാഗങ്ങൾ)	1	4	0
സ്വാമി വിവേകാനന്ദന്റെ 1004 ഉപദേശങ്ങൾ അഥവാ അദ്ധ്യാത്മചിന്താമണി	1	0	0
ജീവോൽപത്തിചിന്താമണി	0	2	0
നാരദഗീത	0	1	0
പുനർജ്ജന്മസിദ്ധാന്തം	0	4	0
മോക്ഷപ്രദീപവിമർശം അഥവാ അന്ധവിശ്വാസങ്ങൾ	0	6	0
ദിവ്യരഹസ്യപ്രകാശിക	1	4	0
ദിവ്യരഹസ്യപ്രകാശിക രണ്ടാംഭാഗം	0	12	0
ഹഠയോഗപ്രദീപിക.	0	8	0
കേരളാചാരനാഡീപരീക്ഷ അഥവാ ക്ഷേത്രപ്രവേശവാദം	0	4	0
ഏകാദശിമാഹാത്മ്യം	0	4	0

സ്തോത്രഗ്രന്ഥങ്ങൾ.

	ക.	ണ.	സ.
നാരായണീയം ഭാഷാവ്യഖ്യാനസഹിതം	0	12	0
നാരായണീയം പാക്കറ്റുബുക്ക്	0	4	0
സംക്ഷിപ്തഭാരതം	0	8	0
ദേവീമാഹാത്മ്യസംഗ്രഹം സവ്യാഖ്യാനം	0	2	0
ശ്രീഗുരുഗീത.	0	4	0
സ്തോത്രരത്നാകരം വ്യാഖ്യാനസഹിതം.	1	0	0
സൌന്ദര്യലഹരി.	0	6	0
ശ്രീകൃഷ്ണലീലകൾ.	0	2	0
സംഗീതസുധാമൃതതരംഗിണി	0	2	0
ശ്രീവിഷ്ണുപാദാദികേശാന്തവർണ്ണനസ്തോത്രം	0	8	0

സാഹിത്യഗ്രന്ഥങ്ങൾ.

കൃഷ്ണഗാഥ പി. കെ നാരായണപിള്ളയുടെ അവതാരികയോടുകൂടിയതു്	1	4	
111-ആട്ടക്കഥകൾ സാധാരണബയൻറ്.	3	0	0
തോൽ, കാലിക്കോ.	3	8	0
60-തുള്ളൽകഥകൾ സാധാരണ	2	8	0
തോൽബയൻറ്	3	0	0
ശ്രീകൃഷ്ണചരിതം മണിപ്രവാളം(സവ്യാഖ്യാനം)	0	12	0
മേഘദൂതം ഖണ്ഡകാവ്യം.	0	8	0
അഭിജ്ഞാനശാകുന്തളം സവ്യാഖ്യാനം.	1	0	0
ഭർത്തൃഹരി വ്യാഖ്യാനസഹിതം	0	8	0
വടക്കൻപാട്ടുകൾ.	0	8	0
എഴുത്തച്ഛൻ.	0	9	0
പദ്യമഞ്ജുഷ.	0	6	0
വേലുത്തമ്പിദളവാ	0	8	0
വ്യാസഭാരതം (ഗദ്യം)	1	0	0
വിജ്ഞാനരഞ്ജിനി (പരിഷ്കരിച്ചപതിപ്പ്)	0	12	0
പ്രബന്ധരത്നാവലി വ്യാഖ്യാനസഹിതം	1	0	0
ഗദ്യരത്നാവലി.	0	12	0
ഗദ്യമുക്താവലി.	0	12	0
ഉപന്യാസമാല ഒന്നാം ഭാഗം.	0	10	0
രണ്ടാം ഭാഗം.	0	12	0
കർണ്ണപർവ്വം സവ്യാഖ്യാനം	0	4	0
ചില കവിതാപ്രതിധ്വനികൾ	0	13	6
പ്രബന്ധമാല്യം.	0	8	0
പ്രസംഗതരംഗിണി രണ്ടാംഭാഗം	0	8	0
ശ്രീകൃഷ്ണകഥാനുവർണ്ണനം	0	8	0
ശ്രീപത്മനാഭദാസൻ.	0	4	0
ഭാരതീയമഹതികൾ.	0	6	0
പുഷ്പമാല.	0	6	0
സീതാദേവി	0	6	0

മലയാളരാജ്യം

ചിത്രവാരിക.

പുസ്തകം ൨ | ൧൧൧൦ കുംഭം ൧൩-ാംനു- തിങ്കളാഴ്ച. | ലക്കം ൨൫

മെൽബോണിലെ ഒരു രഥം.

മെൽബോൺ ശതവത്സരാഘോഷത്തിൽ പുഷ്പലതാദികൾ കൊണ്ടു് അലങ്കരിച്ച വീഥികളിൽ കൂടി കൊണ്ടു പോയ മനോഹരമായ രഥങ്ങളിൽ ഒന്നു്.

N. I. A.

ചിത്രകല.

വി. ഗോപാലപിള്ള ബി. എ എൽ. റ്റി.

സംഗീതസാഹിത്യങ്ങൾ സരസ്വതിയുടെ സ്തനദ്വയമാണ്. ഒന്ന് ആപാദമധുരവും മററൊന്ന് ആലോചനാമൃതവുമാണെന്ന് വിവക്ഷിക്കുമ്പോൾ സരസ്വതിയുടെ സ്തനങ്ങൾക്കും ഇങ്ങനെ ഒരു പ്രത്യേകതയുണ്ടെന്നു വിചാരിച്ചുപോകരുതു്. സംഗീതസാഹിത്യങ്ങളുടെ ആസ്വാദ്യത വേർതിരിച്ച് നിരൂപണം ചെയ്യത്തക്കതല്ല. ബ്രഹ്മാവിനെ സൃഷ്ടിവിഷയത്തിൽസഹായിച്ച ലോകമാതാവാണു സരസ്വതി. അവരുടെ സ്തനദ്വയം പീയൂഷംചൊരിഞ്ഞു ലോകത്തെ സജീവമാക്കി. സംഗീതസാഹിതങ്ങളും എന്തെന്നില്ലാത്ത ആനന്ദാനുഭൂതി ലോകത്തിനു പ്രദാനംചെയ്തുലോകത്തെ സജീവമാക്കുന്നു. കലകളെല്ലാംതന്നെ പ്രകൃതിമാഹാത്മ്യങ്ങളുടെ ദൃശ്യതയിൽകൂടി അരൂപിയായ ഒരു പരാശക്തിയെ കാട്ടിക്കൊടുക്കുന്നതിനു പര്യാപ്തങ്ങളാണു്.

നമസ്തേസ്തു ഗംഗേ ത്വദംഗ പ്രസംഗാൽ
ഭുജംഗാ കുര ഗാ സ്തുരംഗാ പ്ലവംഗാ
അനംഗാരി രംഗാ സസാം ഗാ ശിവാംഗാ
ഭുജംഗാധിപാംഗീകൃതാംഗാ ഭവന്തു.

എന്നോ,

ജയ ജനനി സുധാ സമുദ്രാന്തരുദ്യൻ മണിദ്വീപ സംരൂഢ വില്വാടവീമധ്യകല്പദ്രുമാകല്പ കാദംബകാന്താര വാസപ്രിയേ കൃത്തിവാസപ്രിയേ.

എന്നോ

ജഗദംബികയെ സ്തോത്രംചെയ്യുന്ന കവ സംഗീതത്തെ സാഹിത്യത്തിൽ നിന്നും വേർതിരിച്ചുകാണുന്നില്ല സംഗീതം സാഹിത്യത്തിൽകൂടിയല്ലാതെ ആസ്വാദ്യവുമാകുന്നില്ല അതുകൊണ്ടു് സംഗീതസാഹിത്യങ്ങളെ ഒന്നായ ചേർത്തു സാഹിത്യകാരൻ അവയ്ക്കു അനശ്വരത്വം നൽകിക്കഴിഞ്ഞിരിക്കുന്നു.

"ജയസംഗീതരസികേ ജയ ലീലാശുകപ്രിയേ" എന്നൊക്കെ ജഗന്മാതാവിനെവാഴ്ത്താറുമുണ്ടു്. സംഗീതത്തിന്റെ മാഹാത്മ്യം എത്രതന്നെ വാഴ്ത്തിയാലും അധികമാവുന്നതല്ല.

"ഗാനാനന്ദ രസാനുഭൂതി ചെവികൾ-
ക്കാതിഥ്യമായും ലയ
സ്ഥാനങ്ങൾക്കതിരായുമാത്മസുഖസ-
മ്പത്തായുമുള്ളോന്നതാൻ."

ആത്മസുഖസമ്പത്തുനൽകുന്ന ഒരു കലയെപ്പററി എന്തുപറയുവാനാണ് ശ്യാമളാദണ്ഡകം ഒരു സംഗീതരസികൻ കീർത്തിക്കുന്നതു കേട്ടുനിൽക്കുന്ന ഒരു നിരക്ഷരകുക്ഷിക്കും ഹർഷം ഉണ്ടാകാതിരിക്കയില്ല. അതിന്റെ സാഹിത്യത്തിലല്ല രസം ഉണ്ടാകുന്നതു്. മഹാഭക്തന്മാർ പരാശക്തിയെ സംഗീതാത്മകമായി ആരാധിക്കുന്നവരാണു്.

"യത്ര യത്ര രഘുനാഥകീർത്തനം
തത്രതത്രകൃതമസ്തകാഞ്ജലിഃ"

എന്നമട്ടിൽ ഭക്താഗ്രണിയായി ശോഭിക്കുന്ന ഹനുമാൻ ഒരു നല്ല സംഗീതജ്ഞനാണുപോൽ. ദക്ഷിണഇൻഡ്യയിലെസംഗീതപ്രസിദ്ധനായ ത്യാഗരാജന്റെകഥആരെയാണ് കോൾമയിർക്കൊള്ളിക്കാത്തതു്. ആ ഭക്തോത്തംസം പ്രഭാതവേളകളിൽ ഈശ്വരസ്തോത്രം ചെയ്യാറുള്ളതുകേട്ടു ആനന്ദം അനുഭവിക്കുന്നതിനു അദ്ദേഹത്തിന്റെ ഭവനദ്വാരത്തിൽ ഭക്തന്മാർ കൂടാറുണ്ടായിരുന്നു എന്നാണ് പറയപ്പെടുന്നതു്. ശ്രീരാമകൃഷ്ണപരമഹംസദേവൻ നല്ല സംഗീതത്തിന്റെ ശ്രവണമാത്രത്തിൽസമാധിയിൽ ലയിച്ചിരുന്നുപോലും. കുഞ്ഞൻപിള്ള ചട്ടമ്പിസ്വാമിതിരുവടികൾനല്ല സംഗിതജ്ഞനായിരുന്നു

സാഹിത്യമാകട്ടെ ഗഹനമായ ഈശ്വരശക്തികളെ വാഴ്ത്തി ഈശ്വരന്റെ മാഹാത്മ്യത്തെ കീർത്തിക്കുകയാണ് ചെയ്യുന്നതു്

ഉദിച്ചസ്തമിക്കുന്നതു് നിത്യവും നടക്കുന്നുണ്ടെങ്കിലും ഒരു സാഹിത്യകാരന്റെ ഭാവനാശക്തി അതിനു കൊടുക്കുന്ന അർത്ഥം ആലോചനാമൃതമാണു്.

"അല്ലിന്റെയന്തിമയാമത്തെഘോഷിച്ച
കല്ലോലമാലിതൻമന്ദ്രതൂര്യം."

എന്നുതുടങ്ങി സാധാരണക്കാരന്റെ ശ്രദ്ധയിലും പെടാറുള്ള പ്രഭാതലക്ഷണങ്ങളെ ഒന്നൊന്നായി അനുസ്മരിപ്പിച്ചു ഇതൊക്കെ ഒരുപരാശക്തിയുടെ ചെയ്തികളാണെന്നു സമർത്ഥിക്കുന്നു ഒരു പൂമ്പാററയെക്കണ്ടു് പറന്നുനടക്കുന്ന ഒരു പുഷ്പമാണെന്നു ഭ്രമിച്ചു്, അതിനോടൊപ്പം ആകാശയാനംകെതിച്ചു് ആവതല്ലാത്തദൈവതത്വം പഠിക്കുന്ന ബാലനോടു്,

"പിച്ചനടന്നുകളിപ്പൂ നീയിപ്പിച്ചകമുണ്ടോ നടപ്പൂ" എന്നു സംതൃപ്തിയെ ഉപദേശിക്കുന്ന ലോകമാതാവു് കവിയുടെ സൃഷ്ടിയാണു്.

"ചക്ഷുഃശ്രവണഗളസ്ഥമാംദർദ്ദുരം
ഭക്ഷണത്തിനാപേക്ഷിക്കുന്നപോലെ"

മൗഢ്യം ഒരു കവി കാട്ടിത്തന്നിട്ടാണ് നമ്മെ തത്വംഗ്രഹിക്കാൻ ക്ഷണിക്കുന്നതു് എന്നുവേണ്ട കവികൾ ഇല്ലാത്തതിനെ ഉണ്ടാക്കിയും ഉള്ളതിനെ വ്യാഖ്യാനിച്ചും നമ്മെ ക്കാണിച്ചുതന്നു ദൈവശക്തിയിൽ വിശ്വസിപ്പിക്കാൻ കഴിയും. സംഗിതസാഹിത്യങ്ങൾ ഒരേവധത്തിൽ നമ്മെ ആനന്ദിപ്പിക്കുന്നു.

ചിത്രമെഴുത്താകട്ടെ സാഹിത്യത്തെ അനുകരിച്ചു് പ്രകൃതിമാഹാത്മ്യങ്ങളെ പ്രത്യക്ഷമാക്കി നമ്മെ ആനന്ദിപ്പിക്കുന്ന ഒരു കലയാണു്. സാഹിത്യം പ്രകൃതിയെ പകർത്തുന്നതു് അക്ഷരങ്ങളുടെ സഹായത്താലാണു്. അക്ഷരങ്ങളോ സങ്കല്പസങ്കേതംവഴി അർത്ഥഗ്രഹണം സാധിക്കുന്ന വരകളുമാണു്. ഈ വരകളെക്കാൾ പ്രകൃതിയോടു ഏററവും സമീപിച്ചുനില്ക്കുന്നവയാണ് ചിത്രകാരന്റെ ആലേഖ്യങ്ങൾ. ഒരു സാഹിത്യചിത്രത്തെ ആസ്വദിക്കുന്നതിനു് സാഹിത്യകാരന്റെ വീക്ഷണകോണം എന്തെന്നും സങ്കല്പങ്ങൾ ഏവഎന്നുംമററും ഉള്ള മുന്നറിവുകൾ പഠിതാവിനുംഅത്യന്താപേക്ഷിതങ്ങളാണു്. ഇവയുടെ അഭാവത്തിൽ സാഹിത്യത്തെ രസിക്കുന്നു എന്നുനടിക്കാനെ കഴികയുള്ളു ആലോചനാമൃതമായ സാഹിത്യത്തെക്കാണുന്നതിനു് ആലോചനാശക്തി വികസിക്കേണ്ടതുണ്ടു്. ചിത്രങ്ങളിലാകട്ടെ സങ്കല്പഗ്രഹണം ആവശ്യപ്പെടുന്നില്ല. എന്നാൽ ചിത്രങ്ങളെ നോക്കി അവയിൽകൂടി പ്രത്യക്ഷപ്പെടുന്ന സംഗതികളെ ബുദ്ധിയുടെ സഹായത്താൽ വ്യാഖ്യാനിക്കേണ്ടിവരുന്നു.

"ചൊൽക്കൊണ്ടമഹിളാരൂപ്യഗേഹാങ്കണേ
പൊക്കത്തിൽനില്ക്കുംമഹാമരത്തിൽഒരു
വായസശ്രേഷ്ഠൻവസിക്കുന്നുതന്നുടെ
ജായയുംമക്കളുമൊക്കവേകൂടവേ"

എന്നുതുടങ്ങിയ പഞ്ചതന്ത്രോപാഖ്യാനവർണ്ണന ഒരു ഗേഹാങ്കണത്തേയും മഹാമരത്തേയും മററുംമററും മനോഹരമായി നമുക്കു പരിചയപ്പെടുത്തതരുന്നെങ്കിൽ പേടകളുടെ കണ്ണാനന്ദകരമായ ആഹ്വാനത്തെ ശ്രദ്ധിച്ചു തലയുയർത്തി ചെവിവട്ടംപിടിക്കുന്ന കലയുടെ പടം അത്രത്തോളംതന്നെ നമ്മെ രസിപ്പിക്കുന്നുമുണ്ടു്.

'കൊണ്ടുദർഭമുന കാലിലെന്നുവെറുതെ' തോന്നിച്ചു് തിരിഞ്ഞു ദുഷ്ഷന്തന്റെ ആകാരസൗഷ്ടവത്തെ പാനംചെയ്യുന്ന ശകുന്തളയെ കവിയെപ്പോലെതന്നെ ചിത്രകാരനും നമുക്കു പ്രദാനംചെയ്തിട്ടുണ്ടു്. ശകുന്തളയുടെ നോട്ടത്തിന്റെ അർത്ഥം ഒരു കാവ്യകാരനു് ഹൃദയാകർഷമായിരിക്കും. സിംഹക്കുട്ടിയെ കക്ഷത്തിലാക്കി സിംഹിയെ ശിക്ഷിക്കുന്നതിനു കമ്പുമോങ്ങിനിൽക്കുന്ന സർവ്വദമനന്റെ ചിത്രം ഒരു ഒന്നാംതരം കാവ്യതല്ലജമല്ലേ? മോഹിനീക മുകന യിത്തിന്ന രുഗ മാംഗദൻ ധർമ്മാംഗദനായ ഏകപുത്രന്റെ ഗളച്ഛേദംചെയ്തു് ഏകാദശിവ്രതം പാലിക്കുന്നതിനു ധർമ്മപ്രേരണയാൽ നിർബന്ധിതനായിത്തീർന്നഘട്ടത്തിൽ

ബന്ധം കൈവിട്ടുനില്ക്കുന്നിവളൊടു ച തമോ
സാന്ത്വനം സത ഭംഗം
ചിന്തിക്ക വുന്നതാണോ മമ തനയഗളം
ഹാ!കഥം ഞാൻ സഹിക്കും

എന്നു വിലപിക്കുന്ന കവിക്കും ആർട്ടിസ്റ്റ് തിരുമേനിയുടെ ചിത്രത്തിനും തമ്മിൽ എത്ര മനോഹ മായ ചേർച്ച് നാം കാണുന്നു. കലകളുടെ വിശേഷം ഇവിടെയാണു്. ഒരു സംഭവത്തെ ഭിന്നകലകളിൽകൂടി ദൈവജ്ഞന്മാരായ കലാകാരന്മാർ ഭിന്നകാലങ്ങളിൽ സ്വതന്ത്രമായി അവതരിപ്പിച്ചാലും അവയ്ക്കുള്ള ഹൃദയാകർഷകത തുല്യമാണു്.

സാഹിത ചിത്രങ്ങളെപ്പോലെതന്നെ ആലേഖ്യചിത്രങ്ങളും ആലോചനാമൃതങ്ങളാണു് കണ്ണപ്രവ്രത്തിലെ കണ്ണന തിരുവടിയുടെ വർണ്ണനയോ മണ്ണുതിന്നതിനു ശിക്ഷിക്കുവാനായി യശോദ ഒരുമ്പെട്ടു, വാപിളർന്നു

നില്ക്കുന്ന ഉണ്ണിയെക്കണ്ടു് അമ്പരന്നു പുറകിൽ കൈകുത്തി മലൻപോകുന്ന ആലേഖ്യമോ ഏതാണു കൂടുതൽ മനോഹരമെന്നു നിർണ്ണയിക്കുക പ്രയാസം. വീണത്തന്തികൾ മീട്ടി ശരിപ്പെടുത്തി രാഗം പുറപ്പെടുവിച്ചു പാടാൻ തുടങ്ങുന്ന 'ബാംബേ ഗായകി'യുടെ പടം അല്പസമയം സൂക്ഷിച്ചുനോക്കിനിന്നാൽ ര്-ഈ-ഈ എന്നുള്ള സ്വരലയം നാം ശ്രവിച്ചുപോകും. മാധവനെ കാത്തു കുഞ്ജവനത്തിൽ ഉൽക്കണ്ഠാഭരിതയായിരിക്കുന്ന രാധയുടെ നോട്ടവും ശന്തനുവിന്റെ അപേക്ഷയ്ക്കു മറുപടിയായി അങ്ങോട്ടയയ്ക്കുന്ന കടക്കണ്ണുകൊണ്ടുള്ള നോട്ടവും ശരിക്കു വ്യാഖ്യാനിക്കാൻ ആർക്കു സാധിക്കും

എന്നാൽ ഈ ആലേഖ്യങ്ങൾക്കു പുറകിൽ ഒരു സാഹിത്യം ഉള്ളതിനാലാണു് അവയിത്രമാത്രം ആസ്വാദ്യങ്ങളായിക്കാണപ്പെടുന്നതെന്നു് ഒരഭിപ്രായം ഉണ്ടാവാം. ശരിയാണു്. സാഹിത്യങ്ങൾ അനേകം ചിത്രങ്ങളെ അവയുടെ അനേക ഭാവരസങ്ങളാൽ നമുക്കു പരിചയപ്പെടുത്തിത്തരുന്നു. ആലേഖ്യങ്ങളാകട്ടെ ഇവററിൽ ഒരു ഘട്ടത്തെമാത്രം കുറിക്കുന്നു. ഒരു പന്തയത്തിൽ സമ്മാനാർഹരെ തിരിച്ചറിയുന്ന അന്ത്യഘട്ടമാണു് ആലേഖ്യം. സാഹിത്യംതന്നെ മത്സരപ്പന്തയത്തിന്റെ പുറപ്പാടുമുതൽ കാട്ടിത്തന്നു വിജയഘട്ടത്തിൽ എത്തിക്കുന്നു. ഇവിടെ ഒരുങ്ങുന്നതു ഈ അവസാനഘട്ടത്തിന്റെ ചിത്രനിർമ്മാണത്തിൽ കവിയ്ക്കും ചിത്രകാരനും സാഹോദര്യം ഉണ്ടെന്നു സമത്ഥിക്കുവാൻമാത്രമാണു്. ഒന്നിൽരസത്തിനു ക്രമഭിവൃദ്ധി ഉണ്ടാകുന്നു. മറെറാന്നിൽ രസംമാത്രം ഉണ്ടാകുന്നു എന്നുള്ളതു പരമാത്ഥമാണു്. അനേകം ആലേഖ്യങ്ങൾ കൊണ്ടു് ഒരു സംഭവത്തെ വ്യക്തമാക്കുന്നതിനു പുറപ്പെട്ടാൽ ഒരു സാഹിത കാരനു നേടാൻ കഴിയുന്നതിൽ കൂടുതൽ ഒരു ചിത്രകാരനു ചിലപ്പോൾ സാദ്ധ്യമായി എന്നും വരും.

ആസ്വാദനമാണു് കലകളുടെ പ്രയോജനം ഈ വിഷയത്തിൽ സാഹിത്യത്തിനാണു് നമ്മുടെ ഇടയിൽ കൂടുതൽ മേന്മയുള്ളതു. നല്ലനല്ല സാഹിത്യങ്ങളെ ആസ്വദിക്കുന്നവരും നിരൂപിക്കുന്നവരും ധാരാളം ഉണ്ടു്. വിദ്യാഭ്യാസകാലത്തുതന്നെ സാഹിത്യാഭിരുചി ജനിക്കത്തക്ക സന്ദർഭങ്ങൾ ധാരാളം ഉണ്ടാകുന്നുമുണ്ടു്. എന്നാൽ സാഹിത്യവിദ്യാഭ്യാസത്തിനു സിദ്ധിച്ച പ്രചാരം സാഹിത്യത്തിൽ രസിച്ചില്ലെങ്കിൽ വിദ്യാഭ്യാസത്തിന്റെ കുറവാണെന്നു വന്നുപോകുമെന്നും അതുകൊണ്ടു് രസമെന്നു ഭാവിച്ചേ കഴിയൂ എന്നുള്ള മിഥ്യാബോധത്തിനും ഇടയാക്കിയിട്ടുണ്ടു്. കവിയുടെ ജാതിയും, നാടും, ഡിഗ്രിയും നോക്കി കവനങ്ങളിൽ രസിക്കുന്നതിനും കവിയുടെ ബന്ധുക്കളുടെ സ്ഥാനങ്ങളെ ആദരിച്ചു് കവിതകളെ പ്രശംസിക്കുന്നതിനും നമുക്കു പ്രേരണകൂടും ചിലപ്പോൾ ഈ പ്രേരണകൾ നല്ല സാഹിത്യഭാഗങ്ങളെ ആസ്വദിക്കുന്നതിൽ നമുക്കു അരോചകതയുമുണ്ടാക്കാറുണ്ടു്. നല്ല ഭാഗങ്ങളെന്നു് പേരുപിടിച്ച സാഹിത്യഭാഗങ്ങളെ പാഠമാക്കി സാഹിത്യരസികന്മാരായി നടന്നു വാസനയുടെ വക്രതപോലെആരെയും നിരൂപണംചെയ്യാൻ മുതിരുന്നവരും ധാരാളമാണു്.

സംഗീതമാണെങ്കിൽ ആസ്വാദനം കുറച്ചുകൂടി ലഘുവാകുന്നു. സംഗീതം ശ്രവണസുഖദമാണല്ലോ. കേൾക്കുന്നതിന്റെ ഒരു പ്രധാനലക്ഷണംതന്നെ നോട്ടംമറെറാരുഭാഗത്താക്കി ഉറപ്പിക്കുകയുമാണു്. ഈ സ്ഥിതിയിൽ ഒരു സഹൃദയന്റെ ഭാവരസങ്ങളെ സൂക്ഷിക്കുന്നതിനു കണ്ണുകളെ നിയോഗിച്ചിട്ടു അയാളുടെ ആസ്വാദനത്തെത്തുടന്നു് ഹാ! ബലേ, ഭേഷ് എന്നൊക്കെ സദസ്സിൽ ശ്രോതാവിനുള്ളപ്രാമാണ്യം അനുസരിച്ചു തട്ടിവിട്ടാൽ ഭംഗിയായി. സാവേരി ആലാപിച്ചുതീരുമ്പോൾ 'ഇനി അല്പം സാവേരിആകട്ടേ' എന്നൊന്നും തട്ടിവിടാഞ്ഞാൽ പൂച്ചുതെളിയാതെയും കഴിയും. ഗ്രാമഫോൺ പ്രചാരത്തിലായതോടുകൂടി പലസംഗീതവിദ്വാന്മാരുടെ പാട്ടുകളും പുറത്തായിട്ടുണ്ടു്. ഭാഗവതരുടെ പേരും ചില പ്രസിദ്ധപ്പെട്ട പാട്ടുകളുംകൂടി മനസ്സിലാക്കിയാൽ നല്ല സഹൃദയനാ[illegible]ക്കഴിയാം. എന്നാൽ ഈ കൂട്ടർ സംഗീതം തുടങ്ങുമ്പോൾ ആസ്വദിച്ചിരിക്കുന്നതിനുപകരം അവയെപ്പററിയുള്ള വിവരണങ്ങൾകൊണ്ടു ശ്രോതാക്കളെ വിഷമിപ്പിക്കാതെ കഴികയില്ല. പാട്ടിൽ ലയിച്ചുകേട്ടിരിക്കുന്ന സഹൃദയന്മാരെ ഇവർ വല്ലാതെ 'ബോർ'ചെയ്യുമ്പോൾ പരമാത്ഥം പുറത്തായിപ്പോകും.

ആസ്വാദനത്തിൽ ചിത്രമെഴുത്തിന്റെ കഥ വളരെ കഷ്ടമാണു്. കലകളുടെ കൂട്ടത്തിൽ അതിനു ഒരു സ്ഥാനം കല്പിച്ചിട്ടുണ്ടെന്നു് കഷ്ടിച്ചു് സമ്മതിക്കുന്നുണ്ടെങ്കിലും ഇന്നും ചിത്രമെഴുത്തു വേണ്ട പ്രോത്സാഹനങ്ങൾകൂടാതെ കഴികയാണു്. സാഹിത്യം ഇന്നു് വിദ്യാഭ്യാസവകുപ്പിന്റെ പ്രത്യേകസ്വത്തായിത്തീന്നിട്ടുണ്ടു് സംഗീതാഭ്യസനവും അവിടെ ആരംഭിക്കുന്നു. എന്നാൽ വാസനഅനുസരിച്ചു് വിനോദാത്ഥം അതിനു വ്യക്തികൾ വ്യാപ്തിയുണ്ടാക്കുകയാണു ചെയ്യുന്നതു്.

ഡ്രായിംഗ് നമ്മുടെ പാഠ്യവിഷയങ്ങളുടെ കൂട്ടത്തിൽ, പകൽ കാക്കയുടെകൂട്ടത്തിൽപെട്ട മൂങ്ങാപോലെ പററിച്ചേന്നിട്ടുണ്ടു്. പരീക്ഷകളിലും ഇടക്കാലത്തു് ഡ്രായിംഗ് സ്ഥലം പിടിച്ചതോടുകൂടി മാക്കുവാങ്ങുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളും സ്കൂളുകളിൽ തുടങ്ങിയിട്ടുണ്ടു് എന്നാൽ ചിത്രങ്ങളിൽ അഭിരുചിജനിപ്പിക്കുന്നതിനു നമ്മുടെ വിദ്യാലയങ്ങൾ സാമാന്യേന എന്തുചെയ്യുന്നു എന്നു നോക്കുമ്പോഴാണു് സങ്കടംതോന്നിപ്പോകുന്നതു. കലകളുടെ പോഷണം കലാമന്ദിരങ്ങൾ കൊണ്ടുണ്ടാകണം. വിജ്ഞാനപ്രദങ്ങളായ ചിത്രങ്ങൾ ഗവൺമെൻറിൽനിന്നും പല പഴയ സ്കൂളുകൾക്കും കൊടുത്തിട്ടുണ്ടെന്നുവരികിലും അവയൊന്നും ഇന്നും സൂര്യപ്രകാശം കാണാതെ കിടപ്പാണു്. ഈ ചിത്രങ്ങൾ പരീക്ഷകരു വ്യാപരിക്കുന്നവ്യവസായശാലകളിൽ എത്തുന്നതെന്തിനു എന്നും വാഷികപരിശോധനകളിൽ ഇവയെപ്പററി ആരും ചോദിക്കുന്നില്ലല്ലോ എന്നും ഉള്ള സമാധാനങ്ങളുടെ ഫലമായി അവ സ്റ്റോക്കിൽ കൊണ്ടു് സമാധിയിൽ ലയിക്കുന്നു. വെണ്മയേറിയ ചുവരുകളെ മലിനപ്പെടുത്താൻ ഒരുമ്പെടുന്നതും ദ്രോഹമാണെന്നു ചിലക്കു ഭാവമുണ്ടു്. ഭവനങ്ങളെ ചിത്രങ്ങൾകൊണ്ടും അലങ്കരിച്ചു രമ്യങ്ങളാക്കുന്നതിനു വിദ്യാത്ഥികൾ ശീലിക്കേണ്ടതു ഈ സരസ്വതിമന്ദിരങ്ങളിൽനിന്നും ആണു്.

ഇംഗ്ലീഷ് സാഹിത്യം നമുക്കു മാഗ്ഗദർശകമായിത്തീന്നിട്ടുണ്ടെങ്കിലും ചിത്രമെഴുത്തിനോടുള്ള ഇംഗ്ലീഷു മനോഭാവം നമ്മെ ഇനിയും ബാധിച്ചിട്ടില്ല നാം സംഗിതം വിനോദാത്ഥം ഭവനങ്ങളിൽ അഭ്യസിപ്പിക്കുന്നതുപോലെ ഇംഗ്ലണ്ടിൽ ചിത്രമെഴുത്തിനെപോഷിപ്പിക്കാറുണ്ടു്. നമ്മുടെ സാഹിത്യത്തിൽ സംഗീതംപോലെ ഇംഗ്ലീഷു സാഹിത്യത്തിൽ ചിത്രമെഴുത്തു അഭേദ്യമായി ഘടിപ്പിച്ചിട്ടുണ്ടു്.

സാഹിത്യമപി സൽചിത്രം
സരസ്വത്യാ സ്തനദ്വയം

എന്നു അവർ പറയുന്നില്ലെങ്കിൽ അവക്കു സരസ്വതി സരൂപയല്ലാത്തതുകൊണ്ടു മാത്രമാണു്. മതപരമായി ഇംഗ്ലീഷിലുള്ള ചിത്രങ്ങൾ എത്രമാത്രം ക്രിസ്തുദേവന്റെ ജീവചരിത്രത്തിനു സജീവലക്ഷ്യങ്ങളായി നാം കാണുന്നുണ്ടു്. ഇതിഹാസങ്ങളും പുരാണങ്ങളും ചിത്രങ്ങളിൽക്കൂടി കൊച്ചുകുട്ടികളെ എത്രമാത്രം ആകർഷിക്കുന്നുണ്ടെന്നു നോക്കുക. വിദ്യാഭ്യാസത്തിനു ചിത്രങ്ങൾ ഒഴിച്ചുകൂടാത്ത ഉപകരണങ്ങളാണെന്നു പ്രയോഗംകൊണ്ടു അവർ മനസ്സിലാക്കിത്തരുന്നു. നാമാകട്ടെ സ്കൂളുകളിലുള്ള ചിത്രങ്ങളെ പെട്ടിയ്ക്കകത്തുവച്ചുചെറുപ്രാണികൾക്കു ആഹാരമാക്കി നശിപ്പിക്കുന്നു നമുക്കു വേണ്ടിടത്തോളം ചിത്രകാരന്മാരില്ലെങ്കിൽ അതിനുത്തരവാദികൾ ആവശ്യബോധംഇല്ലാത്തവരാണു. ജന്മവാസനയെ പാഴാക്കി, ജീവിതത്തെ പാഴിലാക്കുന്ന വാസനാചിത്രകാരന്മാർ നമുക്കും തീരെകുറവല്ല. എഡിസൻ അഭിപ്രായപ്പെട്ടതുപോലെ പതിന്നാലുവയസ്സുവരെ അവരെ നമ്മുടെ വിദ്യാഭ്യാസയന്ത്രശാലകളിൽ പഠിപ്പിച്ചാൽ അവരും തൊഴിലില്ലായ്മയെ അഭിവൃദ്ധിപ്പെടുത്തുക തന്നെ ചെയ്യും.

ചിത്രവാരിക ഈവിഷയത്തിൽ വിദ്യാഭ്യാസത്തെ പരോക്ഷമായി വളരെ സഹായിക്കുന്നുണ്ടു്. എന്നാൽ ചിത്രങ്ങളെ ശേഖരിച്ചുചേക്കുന്നതൽ ഒരു ക്രമമായ പരിപാടി നേരത്തെക്കൂട്ടി ഉണ്ടായിരിക്കയും അതിലേക്കു ജനങ്ങളുടെ ശരിയായ പ്രോത്സാഹനം ഉണ്ടാവുകയുംചെയ്താൽ ചിലപ്പോൾ ചിത്രവാരികയ്ക്കുതന്നെ പല പ്രസിദ്ധപ്പെട്ട പടങ്ങളുടെയും പകർപ്പുകളും ചരിത്രങ്ങളും ശേഖരിച്ചു തദ്വിഷയമായി നമ്മെ രസിപ്പിക്കാൻ കഴിഞ്ഞേയ്ക്കാം.

വിദ്യാലയങ്ങളിൽ വിദ്യാഭ്യാസാഭിവൃദ്ധിയെ ലാക്കാക്കിയുള്ള പ്രദർശനങ്ങൾ ഉണ്ടായിരിക്കുന്നതും ഇവിടെ പലതരത്തിലുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നതും ഈ വിഷയത്തിൽ ഒരു ചെറിയ പ്രോത്സാഹനം ആയിരിക്കും. ചിത്രങ്ങളേടുള്ള ചിത്രതരമായ നമ്മുടെ അനാസ്ഥ അവസാനിക്കട്ടെ എന്നു പ്രാത്ഥിക്കയല്ലാതെ തൽക്കാലം എന്തുചെയ്യട്ടെ?

സ്ഫടികകങ്കണം.

പന്തളം കെ. പി. രാമൻപിള്ള ബി. എ.

അധികംചെവമ്പലിച്ചിടറിയോടിയെ-
ന്നടിയിൽവന്നുവീണിതുവിധം
കിളിമൊഴികളിൽപറയുകയാണെ-
ന്നരുമക്കൺമണിയൊരുദിനം—
"അരുതരുതച്ഛാ! വെറുതെയെന്നോടെ
ന്തരുളിടുന്നതിക്കളവുകാം?
അയലത്തേ "ശാരി"യ്ക്കവളുടെയച്ഛൻ
കനകകങ്കണംപണിയിയ്ക്കേ
വെറുമൊരിക്കപ്പിവളകൾതന്നെന്നെ
വെറുതെയെന്തച്ഛൻകളിയാക്കി?
അവളുടെപൊൻകാപ്പിണകളേക്കാളും
വിലയിതിനുണ്ടെന്നരുളുകിൽ
പൊളിചൊൽവോർക്കുള്ളനരകത്തീയിൽവീ-
ണരുകവാനിടവരികില്ലേ?"
മമമനോഹരപ്രണയമന്ദാര
മലർമധുവിന്റെനിറകുടം,
അവളെ-യെന്നോമൽതനയയേ-സാക്ഷാൽ-
പരമനിർവാണകലികയേ,
അരിയൊരാനന്ദലഹരിയേറേറ
പുളകതാവേശപരവശം
ചുടുചുടെചുംബിച്ചകമഴിഞ്ഞഴി-
ഞ്ഞരുളിഞാനേവംമറുവടി—
"അരുമേ! നിന്നേക്കാൾനിലയേറുന്നൊരു
കനകമേതുണ്ടീയുലകിങ്കൽ?
ഉദയഭാനുവിൻവദനകാന്തിയി,
ലഖിലതാരകപ്രഭകളിൽ,
ഒരുപോതുംനിനക്കെതിരാകുംതങ്ക-
ക്കതിരൊന്നെങ്കിലുംകലരായ്കിൽ,
അയലത്തെ "ശാരി"യ്ക്കുടിമുടിപൊന്നിൽ
മുഴുകിനിൽക്കുവാൻകഴികിലും
അഖിലേശനെനിക്കരുളുമാനന്ദ-
കനകദീപമാണുലകിൽനീ!
അതുപോകട്ടെ; നീയണിയുംകണ്ണാടി-
വളകൾതൻവിലപറയുവാൻ,
സ്ഫടികലോലമെൻഹൃദയത്തിൻപ്രേമ-
വലയത്തിൻമൂല്യമറിയുവാൻ,
അയുതം "ശാരി"യ്ക്കുംജനകനാംലക്ഷ
പ്രഭുവിനുപോലുംവിരുതുണ്ടോ?
കഴികയില്ലാവാമിവയെല്ലാംനിന-
ക്കൊരുപക്ഷെതിരിച്ചറിയുവാൻ!"

പലതുമെൻപ്രേമനിധിയൊടേവംഞാൻ
പരമവേദാന്തമരുളുമ്പോൾ
അരുണപ്പൊൻകവിളിണയിൽരണ്ടിളം
പനിമലരുകൾനനയവേ,
തറയിൽവീണിടംപ്രഥമമായ്പൊട്ടി-
ക്കരയുമെൻസാക്ഷാൽകലിതയേ,
തകരുമെൻമാറിൽതെരുതെരെവാരി
പലവുരുവണച്ചൊരുവിധം
അമിതശോകാർദ്രഹൃദയസ്പന്ദന-
ശിഥിലസാന്ത്വനമരുളിയാൻ.

ഇടതുവശം—മേജർ സി. ആർ. അററ്ലി. പാർലമെൻറിലെ ഒരു തൊഴിലാളിമെമ്പറായിരുന്ന ഇദ്ദേഹം സൈമൺകമ്മിഷണിലെയുംജോയിൻറുപാർലമെൻററി കമ്മററിയിലെയും അംഗമായിരുന്നു. ഇദ്ദേഹം ജെ. പി. സി. റിപ്പോർട്ടിൽനിന്നു ഭിന്നമായ ഒരു റിപ്പോർട്ടു എഴുതി സമർപ്പിച്ചിട്ടുണ്ട്.

വലതുവശം — പ്രസിദ്ധശാസ്ത്രജ്ഞനായ പ്രൊഫസർ വോറണോഫും പത്നിയും: പ്രസിദ്ധ വൈദ്യശാസ്ത്രജ്ഞനായ പ്രൊഫസർ വോറണോഫ ഈയിടെയാണ് ഒരു റുമേനിയൻയുവതിയെ വിവാഹം ചെയ്തതു്. ഇവർ ജാവായിലേക്കു പോകുംവഴി ഇന്ത്യയിൽ വച്ചെടുത്ത ഫോട്ടോ. വാർദ്ധക്യംകൊണ്ടുംമററും ശക്തിനശിച്ചവരിൽ കുരങ്ങിന്റെ ചില അവയവങ്ങൾ (കരൾ മുതലായവ) ഒട്ടിച്ചു അവരെ യുവാക്കന്മാരെപ്പോലെ ശക്തന്മാരാക്കിത്തീർക്കുന്ന നവീനസമ്പ്രദായം (Grafting Monkey Glands) കണ്ടുപിടിച്ചതു് ഇദ്ദേഹമാണു.

പ്രഭാഷണം.

(കെ. പി. കേശവൻ—കാപ്പിൽ.)

മനുഷ്യസമുദായങ്ങളെ ധീരകൃത്യങ്ങൾക്കും, മഹദ്ഉദ്യമങ്ങൾക്കും ഇറക്കിവിടുന്ന ഒരു വലിയ ശക്തിയാകുന്നു പ്രഭാഷണം. "റോമാ" സാമ്രാജ്യത്തെ തകർത്തതും, ക്രിസ്തുമതത്തെ നിലനിർത്തിയതും പ്രഭാഷണമാകുന്നു

(ഏബ്രഹാം ലിങ്കൻ.)

പ്രഭാഷണം ഒരു നിയാമകകലയാണെന്നു പറയാം. സംഗീതം, ചിത്രമെഴുത്ത്, സാഹിത്യം, കൊത്തുപണി മുതലായ ഇതരകലകൾ നമ്മെ രസിപ്പിക്കുമ്പോൾ—നമ്മുടെ ഹൃദയത്തെ വികാരതരളിതമാക്കുമ്പോൾ നമുക്ക് അപൂർവ്വമായ ഒരാനന്ദാനുഭൂതിയെ പ്രദാനംചെയ്യുമ്പോൾ, വാഗ്മിത്വം നമ്മെ ഭരിക്കുകയാണു ചെയ്യുന്നത്. ഒരുത്തമനായ പ്രഭാഷകൻ തന്റെ ശ്രോതാക്കളെ വശീകരിച്ചു സ്വാഭിപ്രായങ്ങൾക്കു വിധേയരാക്കുന്നു; അവരുടെ യുക്തായുക്തബോധത്തെ നിയന്ത്രിക്കുന്നു; അവരെ കർമ്മപദ്ധതികളിലേക്കു തിരപ്പിക്കുന്നു; ചുരുക്കത്തിൽ ഏതാനും നിമിഷത്തേക്കു അവരുടെ സർവ്വേന്ദ്രിയവ്യാപാരങ്ങളേയും സ്വതന്ത്രമായി ഭരിക്കുന്നു. തന്റെ ബുദ്ധികൂർമ്മതയാൽ—യുക്തിസ്ഫുടതയാൽ പ്രബോധനവൈദഗ്ദ്ധ്യത്താൽ—അഥവാ നമുക്കു സ്പഷ്ടമായി അനുഭവപ്പെടുന്നതും, എന്നാൽ വിവരിക്കുവാൻ അസാദ്ധ്യവുമായ ഏതോ ഒരു സമാകർഷണശക്തിയാൽ — വനവായു വൃക്ഷശാഖകളെ വളയ്ക്കുന്നതുപോലെ പ്രഭാഷകൻ തന്റെ ശ്രോതാക്കളെ വശീകരിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഈ അത്ഭുതശക്തിയുടെ സമാർജ്ജനത്തിനായി ലോകം എക്കാലത്തും ഔൽസുക്യവും, അത്യാശയും പ്രകടിപ്പിച്ചിട്ടുള്ളതും.

നാവുപോലെ സമർത്ഥനായ മറെറാരു അദ്ധ്യാപകനില്ല വമ്പിച്ച അനുയായിസംഘങ്ങൾ സൃഷ്ടിച്ചവരും, ലോകചരിത്രത്തിൽ പുതിയ പുതിയ കാലഘട്ടങ്ങൾക്കു കല്ലിട്ടവരുമായ എല്ലാനായകന്മാരും അദ്വിതീയരായ സംഭാഷകന്മാരായിരുന്നു എന്നു കാണാം. പരിഷ്കാരത്തിന്റെ പുരോഗതിക്കു പ്രഭാഷണം ചെയ്തിട്ടുള്ള സഹായം അത്രയ്ക്കും വിഗണിക്കാവുന്നതല്ല. എതുകാലത്തും പൊതുജനാഭിപ്രായങ്ങൾ രൂപീകരിക്കുന്നതിൽ പ്രഭാഷകന്മാരോളം പരിശ്രമിച്ചിട്ടുള്ളവർ ഉണ്ടോ എന്നു സംശയമാണ്. അച്ചടിയന്ത്രത്തിന്റെ ആവിർഭാവത്തോടുകൂടി അവർ പൊതുജനാഭിപ്രായത്തിനു ജീവനും രൂപവും കൊടുത്തു. അതിന്റെ ഒക്കെ ഫലമായിട്ടാണു മഹാവിപ്ലവങ്ങളുടെ ഗർഭത്തിൽനിന്നും വെ ഡ മൂർ ഉടമ്പടി, മഗ്നാകാർട്ടാ, മേഫ്ളവർകാംപാക്ററ്, അമേരിക്കയുടെ സ്വാതന്ത്ര്യവിളംബരം മുതലായ രാഷ്ട്രീയപ്രഖ്യാപനങ്ങൾ ജനിച്ചിട്ടുള്ളതു്. "പരാർത്ഥമായി ജീവിക്കാൻ ആശിക്കുന്ന ഏതൊരു യുവാവിനും, സ്ഫുടവും, അപരോക്ഷവുമായി സംസാരിക്കുവാനുള്ള സാമർത്ഥ്യം ഒരു വലിയ അനുഗ്രഹമായി ഞാൻ ഗണിക്കുന്നു" എന്നു ഡേവിഡ്സ്റ്റാർജാർഡൻ (David Star Jordan) അഭിപ്രായപ്പെട്ടിട്ടുണ്ട്."

പ്രസംഗകാലം കഴിഞ്ഞുപോയി എന്നും പ്രസംഗവേദിയുടെ സ്ഥാനം മുദ്രാലയങ്ങൾ അപഹരിച്ചുകഴിഞ്ഞിരിക്കുന്നു എന്നും, പ്രതിനിധീകരണവും, ഉൽബോധനകർത്തവ്യവും വർത്തമാനപ്പത്രങ്ങൾ യഥായോഗ്യം നിർവ്വഹിച്ചുകൊള്ളുമെന്നും പറയുന്ന ഒരു കൂട്ടരുണ്ട്. എന്നാൽ ആ അഭിപ്രായം ബലഹീനമാണെന്നു അല്പം ചിന്തിച്ചാൽ മനസ്സിലാകും. പത്രങ്ങളും, മാസികകളും പൊതുജനതാല്പര്യങ്ങളെ അവഗണിച്ചു സ്വാർത്ഥലാഭത്തിനുമാത്രം പ്രയതിക്കുന്നതായിട്ടാണു പ്രായേണ എല്ലാരാജ്യങ്ങളിലും കണ്ടുവരാറുള്ളതു്. അതിനാൽ അവയുടെ പതനങ്ങളേയും, മിഥ്യാപ്രസ്താവനകളേയും പരിഹരിക്കുവാനും, പൊതുജനാഭിപ്രായങ്ങൾക്കു കൂടുതൽ സ്വതന്ത്രമായ സ്ഥാനം സമ്പാദിച്ചുകൊടുക്കാനും പ്രഭാഷകന്മാർ എവിടെയും എക്കാലത്തും അനുപേക്ഷണീയന്മാരാണെന്നു വരുന്നു പ്രഭാഷണം ഒരിക്കലും ഒരു കാലത്തിന്റെ ആവശ്യമെന്നു പറയാവുന്നതല്ല. കവികളും, ഗായകന്മാരും ലോകത്തിനു വേണ്ട എന്നു വരുന്ന കാലത്തുമാത്രമേ പ്രഭാഷകന്മാരെയുംഉപേക്ഷിക്കുവാൻ നമുക്കു സാധിക്കുകയുള്ളു.

പ്രഭാഷണം മനുഷ്യന്റെ കെല്പും, സാദ്ധ്യതയും കാണിക്കുന്ന ഒരുപാധിയാണ്. നാം ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരസമർത്ഥനായ വ്യക്തിയിൽനിന്നു വലിയ ശക്തികളുടെ ബഹിർഗമനം സംഭവിച്ചെന്നുവരാം. "'ഒന്നുകിൽ സ്വാതന്ത്ര്യം, അല്ലെങ്കിൽ മരണം' എന്ന മുദ്രാവാക്യവുമായി പ്രത്യക്ഷപ്പെട്ട പാട്രിക്ഹെൻട്രി (Patrik Henry) അതേ, അനഭ്യസ്തവിദ്യനായ ആ അപരിഷ്കൃതൻ ഒരു ക്ഷണത്തിൽ ഉൽകൃഷ്ടനും, രക്ഷാശിക്ഷാധികാരിയുമായ ഒരു മഹാപ്രഭാഷകനായി രൂപാന്തരപ്പെട്ടു" എന്നു ഡേവിഡ് ജെ. ബ്രൂവർ (David J. Brewer) ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. നമ്മുടെ ചിന്താഗതിയെ ക്രമേണ വശീകരിച്ചു്, കൃത്യാകൃത്യവിവേചനശക്തിയെ നിയന്ത്രിക്കുകയത്രേ ഒരു വാഗ്മി ചെയ്യുന്നതു്. ഒരു മണിക്കൂർമുമ്പു് 'ആന വലിച്ചാലും ഞാനില്ല' എന്നു പ്രതിഷേധിച്ച ഒരുകൃത്യത്തിനു നാംസ്വയമേവ ഉൽസുകരാകുന്നു; നമ്മുടെ ഹൃദയം അവന്റെ സൂചനയ്ക്കു വിധേയമായി ആടുന്നു. നിരാശനായി ജീവിതം വെറുത്ത വിരാഗി ആശാപൂരംനിറഞ്ഞു തുളുമ്പുന്ന ഹൃദയത്തോടുകൂടി മുമ്പോട്ടു ചാടുന്നു. ഏതുറച്ച ശിലയേയും ഇളക്കുന്ന മഹാ വാതമാണ്—മഹാ പ്രവാഹമാണ് പ്രഭാഷണം. വാറൺ ഹേസ്റ്റിംഗ്സിന്റെ (Warren Hastings) വിചാരണയിൽ ഷെറിഡന്റെ (Sheridan) ഉജ്ജ്വലമായ പ്രഭാഷണത്തിനുശേഷം മി. പിററ് (Mr. Pitt) അഭ്യർത്ഥിച്ചതു സഭ ആ വാഗ്പ്രവാഹത്തിന്റെ ചുഴികളിൽനിന്നു നിവർത്തിക്കണമെന്നായിരുന്നു.

ഒരു പ്രഭാഷകൻ പ്രധാനമായി രണ്ടു കാര്യങ്ങൾ ഓർക്കേണ്ടതുണ്ട്. ഒന്നാമതായി താൻ എന്തിനെപ്പററിയാണു സംസാരിക്കുന്നതെന്നു വ്യക്തമായി ശ്രോതാവിനെ ഗ്രഹിപ്പിക്കാൻ ശ്രമിക്കണം. രണ്ടാമതു്, താൻ യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നതുതന്നെയായിരിക്കണം പ്രഭാഷണത്തിൽ വെളിപ്പെടുന്ന സന്ദേശം. ഏതു പരിതഃസ്ഥിതിയിലും സ്വയമായി ഗ്രഹിച്ചിട്ടുള്ളതിനെ അല്ലാതെ അന്യനെ ഗ്രഹിപ്പിക്കാൻ ശ്രമിക്കരുതു്; ആ ഉദ്യമം ഏറിയകൂറും പരാജയത്തിൽ കലാശിക്കുകയേ ഉള്ളു. വക്താവു സമാർജ്ജിച്ചിട്ടുള്ള വിഷയപരിജ്ഞാനത്തിന്റെ സ്വഭാവംപോലെ ഇരിക്കും ശ്രോതാവിൽ ഒരു പ്രഭാഷണം ജനിപ്പിക്കുന്ന പ്രയോജനം. എന്നാൽ വിഷയപരിജ്ഞാനംമാത്രം മതിയാകുന്നതുമല്ല. അതിലും ഉപരിയായ ചില അംശങ്ങളുടെ സംയോഗംകൂടി വേണം ഉത്തമ പ്രഭാഷണത്തിനു്. ഓരോ വാചകത്തിലും വക്താവിന്റെ സ്ഫടികസങ്കാശമായ ആത്മാർത്ഥത നിഴലിച്ചുകാണണം. ജനങ്ങൾ കേൾക്കാനുള്ള ഏതോ ചിലതു തനിക്കു പറവാനുണ്ടെന്നു് അവൾക്കുതന്നെ തോന്നണം ശ്രോതാക്കളുടെ ഹൃദയങ്ങൾ ആകുന്നു പ്രഭാഷണത്തിന്റെ പ്രയോജനം വാർത്തെടുക്കുന്ന കരുക്കൾ. ആ ഹൃദയങ്ങളുടെ സന്നദ്ധതയാണ് പ്രഭാഷകന്റെ വാക്കുകളെ പ്രായോഗികമാക്കി ലോകസമക്ഷം അവതരിപ്പിക്കുന്നതു്. "ശ്രോതാക്കളിൽനിന്നും ആവിരൂപത്തിൽ സ്വീകരിച്ചു് അവരിൽ ധാരയായി വർഷിക്കുന്ന ഒരു പ്രേരണയാകുന്നു പ്രഭാഷണം."

പ്രഭാഷണം ഒരിക്കലും സ്വാഭാവികതയെ അതിക്രമിക്കാൻ പാടില്ല. "ഞാൻ സ്വീകരിക്കുന്ന ഒരു പൊതുപ്രസംഗത്തിന്റെ മാതൃക നിഷ്കളങ്കവും, ഹൃദയപൂർവ്വവും, സ്വാഭാവികവുമായ സംഭാഷണത്തിന്റെ രൂപം, ചിന്താഗതി, പ്രതിപാദനരീതി ഇവയുടെ അകൃത്രിമമായ ഒരു പകർപ്പാകുന്നു" എന്നാണു് ബിഷപ്പ്ജാൻ എച്ച്. വിൻസെൻറ് (Bishop John H. Vincent) അഭിപ്രായപ്പെട്ടിട്ടുള്ളതു്. അദ്ദേഹം ഇങ്ങിനെ തുടരുന്നു. "ഞാൻ അമേരിക്കയിലും യൂറോപ്പിലുമുള്ള പല പ്രഭാഷകന്മാരുടേയും പ്രസംഗങ്ങൾ കേട്ടിട്ടുണ്ട്. അവരെല്ലാം തന്നെ പ്രഭാഷണം ശീലിച്ചവരല്ല; സംഭാഷണവിദഗ്ദ്ധന്മാരാകുന്നു; അകൃത്രിമമായ സംഭാഷണം – ഹൃദയത്തോടു ഹൃദയം അഭിമുഖമായി നിന്നുകൊണ്ടുള്ള വർത്തമാനം പറച്ചിൽ, പ്രസംഗവേദിയിൽ നിൽക്കുന്ന പ്രഭാഷകനൊയല്ല ശ്രോതാക്കൾ അപ്പോൾ ദർശിക്കുന്നതു്; പിന്നെയോ അഭിരാമമായ പുൽത്തറയിൽ ശീതളമായ വൃക്ഷച്ഛായയിൽ തങ്ങളുടെ പാർശ്വത്തു ചേർന്നിരുന്നു സരസമായി സംഭാഷണം ചെയ്യുന്ന ഒരു സുഹൃത്തിനെ ....സൂക്ഷ്മതയോടും, ആത്മാർത്ഥതയോടുംകൂടിയ സംഭാഷണം നിത്യജീവിതത്തിൽതന്നെ ശീലി

ക്കുക. പ്രസംഗവേദിയിലും ആ ശൈലി നിങ്ങളെ അനുഗമിച്ചുകൊള്ളും; പ്രഭാഷണത്തിന്റെ ആർഭാടവും കൃത്രിമതയും ശ്രോതാക്കൾ മറക്കും; അതാണു വേണ്ടതു്."

യഥാർത്ഥ വാഗ്മിത്വം ഭാഷയിലോ രീതിയിലോ അല്ല സ്ഥിതിചെയ്യുന്നതു്. വാക്കും, പ്രയോഗവും, പരിശ്രമവും, പരിജ്ഞാനവും അതിന്റെ കരുക്കൾ മാത്രമേ ആകുന്നുള്ളു. അതു വ്യക്തിയിലും, സന്ദർഭത്തിലും, വിഷയത്തിലും അന്തർലീനമായിക്കിടക്കുന്ന ഒരു ശക്തിയാണു്. രാജ്യത്തിന്റേയും, ജീവിതത്തിന്റേയും താല്പര്യങ്ങൾ വലിയ പരിവർത്തനദശയിൽ എത്തിച്ചേരുന്ന ഘട്ടങ്ങളിൽ കൃത്രിമത്വത്തിനു വാഗ്മിത്വമാവാൻ സാധിക്കുകയില്ല. അപ്പോൾ സ്വരാജ്യസ്നേഹമാണു വാഗ്മിത്വം; അപ്പോൾ ആത്മസഞ്ജീകരണമാണു് വാഗ്മിത്വം.

വശ്യമായ സ്വരം ഒരു പ്രഭാഷകന്റെ അപൂർവാനുഗ്രഹങ്ങളിൽ ഒന്നാണു്. "സ്വരം ഹൃദയസ്ഥിതിയുടെ ഒരു വ്യക്തസൂചികയാകുന്നു" എന്നാണു് എമേഴ്സൺ (Emerson) പറഞ്ഞിട്ടുള്ളതു്. നല്ല സംഗീതത്തിൽ രസിക്കാത്തവരും ഒരു നല്ലപാരായണത്തിൽ ശ്രദ്ധിച്ചുപോകും എന്ന വസ്തുത ഈ അവസരത്തിൽ ഓർക്കേണ്ടതാണു്. ഭാഷാസാമ്രാജ്യത്തിലെ ഊടുവഴികൾപോലും ഒരു പ്രഭാഷകനു സുപരിചിതങ്ങളായിരിക്കണം. കലാശാലയിലെ 'ഉരുപ്പടിഭാഷ'യെക്കാൾ തെരുവിലെ 'അങ്ങാടിപ്പേച്ചി'നു ശക്തികൂടും. ഗ്രാമീണന്റെ സംസാരത്തിനു ടിപ്പണിവേണ്ട; അതു സ്വാഭാവികമാണു്. അതിനെ അതിന്റെ കരുത്തുകളയാതെ പ്രസംഗഭാഷയായി ഒന്നു പരിവർത്തനംചെയ്യുവാൻ സാധിക്കുമോ? ഒരു അഭിഭാഷകനോ, നിയമസഭാപ്രസംഗകനോ ആശയവിശദീകരണശ്രമത്തിന്റെ പാരമ്യത്തിലെത്തുമ്പോൾ ഭാഷാവിഷയത്തിൽ ഏററവും താണുവരുന്നതായിക്കാണാം. വാഗ്മിത്വത്തിന്റെ രണ്ടു മകുടോദാഹരണങ്ങളായിരുന്ന ഏബ്രഹാംലിങ്കന്റേയും (Abraham Lincoln) ഡാക്ടർ ജാൺസന്റേയും (Dr. Johnson) വിജയരഹസ്യം അതായിരുന്നു.

എല്ലാ ഉദ്യമങ്ങളുടേയും ഉറവായ വികാരത്തെ ഉത്തേജിപ്പിക്കുക എന്ന അംശത്തിൽ വിപ്ലവപ്രഭാഷണങ്ങൾ താരതമ്യേന കൂടുതൽ ഉൽകൃഷ്ടങ്ങളായിരിക്കണം എന്നു പറയേണ്ടതില്ലല്ലോ. അവ ജനിപ്പിക്കുന്ന വികാരങ്ങൾ ഏററവും ഉൽകൃഷ്ടങ്ങളായിരിക്കണം. "ഉയൎന്ന വികാരങ്ങളിൽനിന്നല്ലാതെ ഉയൎന്ന പ്രവൃത്തികൾ ഉത്ഭവിക്കുന്നതല്ല" എന്നു മഹാകവി മിൽടൻ (Milton) പറഞ്ഞിരിക്കുന്നു. ലോകവിപ്ലവങ്ങളുടെ എല്ലാം നായകന്മാർ പ്രഭാഷകന്മാരായിരുന്നു. അതിനിയൻപൌരന്മാർ ആയിരക്കണക്കിനു ഡയണീഷിയ പ്ലേററക്ഷേത്രപരിസരങ്ങളെ ഒരു മഹാനഗരിപോലെ ജനനിബിഡമാക്കിയതും, റോമാസാമ്രാജ്യത്തിലെ വീരസിംഹങ്ങൾ അവരുടെ പൊതുവിപണികളിൽ ജലപ്രവാഹംപോലെ വന്നുനിറഞ്ഞതും, ഫ്രാൻസ്സിലെ ജനസഞ്ചയം മുഴുവൻ ടൂലെറിത്തോട്ടത്തിലെ വിവിധ സങ്കേതങ്ങളിൽ സംഘടിച്ചതും, ഉപനിവേശരാജ്യങ്ങളിലെ പ്രതിപുരുഷർ ഫിലാഡൽഫിയായിലെ സ്വാതന്ത്ര്യമന്ദിരത്തിൽ തിങ്ങിക്കൂടിയതും ആയ ചരിത്രസംഭവങ്ങൾ അപ്രതീക്ഷിതങ്ങളായ ആപൽഘട്ടങ്ങളിൽ—അതിദുർഘടങ്ങളായ പരിവർത്തനദശകളിൽ—ജനസമുദായങ്ങളുടെ വിധികൾ നിയന്ത്രിക്കുന്ന വിഷയത്തിൽ പ്രഭാഷകജിഹ്വകൾക്കുള്ള ലോകസമ്മതമായ അധികാരത്തെ ഉൽഘോഷിക്കുകയല്ലേ ചെയ്യുന്നതു്? "ഋജുവും വിശദവുമായ പ്രതിപാദനം, കാര്യമാത്രപ്രസക്തത, പരിമിതവും എന്നാൽ മഹത്തരവുമായ ആശയങ്ങൾ, ചിന്തയുടേയും വിശ്വാസത്തിന്റേയുംധാരാവാഹിത്വം, ശക്തവും പ്രചണ്ഡവുമായ വാദരീതി, ചിറകുവച്ച ചില തത്വശകലങ്ങൾ, പ്ലൂട്ടാർക്കിന്റെ (Plutarch) അഭിപ്രായങ്ങളിൽനിന്നും ഒരുദ്ധരണി. ടാസിലസ്സിന്റെ (Tacilus) അർത്ഥഗർഭമായ ഒരു വാക്യം, കയ്യിൽ ഖഡ്ഗം, സജീവവികാരം, ആഗ്നേയഭാഷ-ഇതാണു വിപ്ലവപ്രഭാഷണം" (RufusChoate)

മിസ്സ് ബൊളീണിയസ്സ് (Miss Bolenius) അവരുടെ Teaching of Oral English എന്ന ഉപന്യാസത്തിൽ ഒരുത്തമപ്രഭാഷകന്റെ ലക്ഷണങ്ങളെപ്പററി ഇങ്ങനെ പ്രസ്താവിക്കുന്നു.

നില.

1. നിവർന്നനില—പ്രസന്നഭാവം.
2. ഉയർത്തിപ്പിടിച്ച ശിരസ്സ്.
3. സശ്രദ്ധമായ നേത്രം ഔൽസുക്യത്താൽ പ്രകാശിക്കുന്നതു്—ശ്രോതാക്കളെ ആകർഷിക്കുന്നതു്.
4. അശ്രദ്ധമായ കൈകൾ—സ്വാഭാവികമായ ആംഗ്യങ്ങൾകൊണ്ടു അവസരോചിതം അഭിപ്രായത്തിനു ശക്തികൊടുക്കാൻ മാത്രം ഉപയോഗിക്കണം.

ശബ്ദം.

1. സുശ്രാവ്യത—ശ്രോതാവിനു കേൾക്കാൻ കഴിയാത്തവണ്ണം പറയുന്നതുകൊണ്ടു പ്രയോജനമില്ലല്ലോ.
2. വൈവിധ്യം—ആരോഹണാവരോഹണങ്ങളാൽ ഐകരൂപ്യം പരിഹരിക്കാൻ ശ്രമിക്കണം
3. അനാകുലത— അനുനാസികമോ, പരുഷമോ ആകരുതു്. ഒരു സംഗീതംപോലെ സ്ഫുരിക്കുന്നതായി തോന്നണം.

ഭാഷ.

1. ശുദ്ധി— വ്യാകരണനിയമങ്ങളെ ലംഘിക്കരുതു. യഥാസ്ഥാനങ്ങളിൽ നിറുത്തണം പദസ്വാധീനം കാണിക്കണം.
2. സ്ഫുടത— വിചാരിക്കുന്നതുതന്നേ പറയുക. ശ്രോതാക്കൾ ക്ലേശംകൂടാതെ ഗ്രഹിക്കണം.
3. സൂക്ഷ്മത വളച്ചുകെട്ടി പറയാൻ ഒരുമ്പെടരുതു്. കഴിയുന്നതും പരിമിതമായിരിക്കണം വാക്കുകൾ.
4. ഘടന — ഓരോ വാചകത്തിനും അതിന്റെ മുൻവാചകത്തോടു സ്വാഭാവികമായ ഒരു ഘടന ഉണ്ടായിരിക്കണം.

ആശയം.

1. സമഗ്രത—പാരായണം നിരീക്ഷണം, സംഭാഷണം ഈ വിജ്ഞാനശാഖകളിൽനിന്നും ആശയങ്ങൾ സ്വീകരിക്കുക.
2. ശുദ്ധി - സൂക്ഷ്മവും സുഗ്രാഹ്യവുമായിരിക്കണം. വിചാരധാര അവിച്ഛിന്നമായിരിക്കേണ്ടതാണു്.
3. പ്രിയംകരത്വം—ആശയങ്ങൾ രസകരങ്ങളായിരിക്കണം. വിഷയത്തെപ്പററി പ്രഭാഷകൻതന്നെ നല്ലവണ്ണം ചർച്ചചെയ്തിരിക്കുകയും വേണം.

ലോകം മുന്നോട്ടു പായുന്നു. ആ ഗതിയിലെ ഓരോ സന്ധിയിലും പ്രഭാഷണം അതിന്റെ കർത്തവ്യം നിർവ്വഹിച്ചിട്ടുണ്ടു്. ഒരു മതസ്ഥാപകനേക്കാൾ വലിയ ലോകസേവകനാണു പ്രഭാഷകൻ. പ്രഭാഷണം ദേശകാലങ്ങളാൽ ബന്ധിക്കപ്പെടാവുന്നതല്ല. പ്രഭാഷണം ഒരിക്കലും പ്രവൃത്തിയിൽനിന്നു ഭിന്നമല്ല. അതു പ്രവൃത്തിയുടെ വിദ്യുച്ഛക്തിയാണെന്നു പറയാം. ഒരു സേനാനായകന്റെ ആജ്ഞയോ, യുദ്ധകാഹളമോ ഏതർത്ഥത്തിൽ പ്രവൃത്തിയാണെന്നു നാം വ്യാഖ്യാനിക്കുന്നുവോ അതേ അർത്ഥത്തിൽ പ്രഭാഷണവും പ്രവൃത്തിയാകുന്നു പ്രഭാഷകന്മാർ എല്ലാംതന്നെ കർമ്മവീരന്മാരായിരുന്നു എന്നു കാണാം. മനുഷ്യസമുദായത്തിന്റെ വാഗ്മയമുഖങ്ങളാകുന്നു പ്രഭാഷകന്മാർ. വളരെ ചുരുക്കംപേർ മാത്രം അഭ്യസിക്കുന്ന പ്രഭാഷണകലയിൽ പരിശ്രമംകൊണ്ടു ഗണ്യമായ വിജയം സമ്പാദിക്കാൻ സാധിക്കുമെന്നു ലോകചരിത്രം തെളിയിക്കുന്നുണ്ടു്. പ്രസംഗപഠനം നൽകുന്ന പാഠശാലകൾ പാശ്ചാത്യരാജ്യങ്ങളിൽ അപൂർവമല്ല. എന്നാൽ ഇത്തരം പ്രോത്സാഹനങ്ങൾ നമുക്കിനിയും ലഭിക്കേണ്ടിയിരിക്കുന്നു. എന്നാലും സ്വപരിശ്രമംകൊണ്ടു ആർക്കും നല്ല പ്രഭാഷകന്മാരാകാമെന്നു സുപ്രസിദ്ധനായ ഡെമസ്തനീസ് (Demosthenes) ലോകത്തിനു കാണിച്ചുതന്നിട്ടുണ്ടു്.

നിങ്ങളുടെ ഭാവി

നിങ്ങളുടെ പേരും മേൽവിലാസവും ഏതെങ്കിലും ഒരു പുഷ്പത്തിന്റെ പേരും മാത്രം എഴുതി ഒരു പോസ്റ്റുകാർഡ് അയയ്ക്കുക. എന്നാൽ 1 രൂപയും ചിലവും വി. പി. ചുമത്തി തൊഴിലിലുണ്ടാകുന്ന ലാഭനഷ്ടങ്ങൾ, ഉദ്യോഗക്കയററം, സ്ഥലംമാററം അല്ലെങ്കിൽ തരംതാഴ്ത്തൽ, ജനനങ്ങൾ, വിവാഹങ്ങൾ, ആനന്ദകരമായ സംഭവങ്ങൾ, രോഗങ്ങൾ മുതലായി നിങ്ങളെ സംബന്ധിക്കുന്നതും അടുത്ത 12 മാസങ്ങൾക്കിടയിൽ നടക്കുന്നതുമായ സംഭവങ്ങളുടെ പൂർണ്ണവിവരങ്ങൾ അയച്ചുതരുന്നതാണു്. സംഭവിക്കാനിടയുള്ള ദുരദൃഷ്ടങ്ങളിൽനിന്നും രക്ഷനേടുന്നതിനുള്ള മാർഗ്ഗങ്ങളും വിവരിച്ചു അറിയിക്കുന്നതാണു്. ഒന്നു പരിശോധിച്ചുനോക്കിയാൽ ഞങ്ങളുടെ പ്രവചനങ്ങൾ സൂക്ഷ്മമായി ഫലിക്കുന്നവയാണെന്നു ബോദ്ധ്യമാകും. ഏതെങ്കിലും 5 ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നൽകുന്നതിനു 1 ക. 4 ണ. മാത്രം.

നോട്ട്—ഞങ്ങളുടെ പ്രസ്താവനകൾ അവാസ്തവമെന്നു തെളിയിക്കുന്നവർക്കു 100 ക ഇനാം.

Professor G. Shunker,
Post Box No. 72, Lahore

ഒരു ജന്മാധാരം.

പുതുക്കളങ്ങര രാമചന്ദ്രമേനോൻ.

ചിറവൂരുള്ള ഗുരുമഠം ശ്രീതുഞ്ചത്തെഴുത്തച്ഛൻെറ സമാധിമന്ദിരമാണെന്നും ആ പ്രദേശംമുഴുവനും എഴുത്തച്ഛൻെറ ചൊല്പടിക്കു ശിഷ്യൻ ശ്രീസൂൎയ്യനാരായണസ്വാമി ജന്മിയായ ചമ്പത്തുമന്നാടിയാരോടു തീറു വാങ്ങിട്ടുള്ളതാണെന്നും അസ്പഷ്ടമായ ചില അറിവുകൾ നമുക്കുള്ളതല്ലാതെപൂൎണ്ണവുംനിരാക്ഷേപവുമായ ഒരറിവ് ആൎക്കും ഉള്ളതായി അറിയുന്നില്ല. മേലെഴുതിയസംഗതികളെ ഏതാണ്ടു സൂചിപ്പിക്കുന്ന ഒന്നുരണ്ടു പ്രാചീനസംസ്കൃതശ്ലോകങ്ങൾമാത്രമെ ഇത്രയുംകാലം നമുക്കു അവലംബമായിരുന്നുള്ളൂ. ആ ശ്ലോകങ്ങളാണിതു്.

"ആചാൎയ്യപ്രഥമം നദീം വനമിദം
    ദൃഷ്ട്വാമുദം പ്രാപ്തവാൻ
നദ്യാസ്തീരവനപ്രദേശവസതീം
    നിശ്ചിത്യശിഷ്യൈസ്സമം
ലബ്ധ്വാ തദ്വന മത്ര ദേശപതിഭിഃ
    ഛിത്വാ സമസ്തം ഗുരു
രാമാനന്ദപുരാഭിധാം ദ്വിജഗൃഹൈർ
    ഗ്രാമഞ്ചകാരാലയേ."

സാരം:—ആചാൎയ്യസ്വാമി നദിയേയും തീരപ്രദേശത്തുള്ള വനത്തേയുംകണ്ടു അത്യന്തം സന്തുഷ്ടനായ് ശിഷ്യസമേതം അവിടെ താമസിക്കാനുദ്ദേശിച്ചു് നിശ്ചയിച്ചു ദേശപതിയോടു സ്ഥലംവാങ്ങി രാമാനന്ദപുരം എന്നു അവിടയ്ക്കു പേരുകൊടുത്തു് അവിടെ ബ്രാഹ്മണാലയങ്ങളും ദേവാലയങ്ങളുംകൊണ്ടു് ഒരു ഗ്രാമം നിൎമ്മിച്ചു

"പൂൎവേ ചിഞ്ചാകൃകുല്യാപ്രഥവരുണദിശാ
    പത്രചൎയ്യാപഥാന്തം
യാമ്യേനദ്യുത്തരാദുത്തരനിശിനിധന
    ത്രോഢകേദാരകാന്തം
അസ്മിൻദേശേമഹാത്മാവിബുധജനവരഃ-
    സൂൎയ്യനാരായണാഖ്യഃ
സമ്പദ്വേശ്മാധിനാഥാദ്ദകമഥസജ-
    ഗ്രാമകാരുണ്യസിന്ധുഃ"

സാരം:—കിഴക്കു് പുളിങ്കോൽതോടു്, പടിഞ്ഞാറു് പട്ടഞ്ചേരിപാത, വടക്കു കൊല്ലംകോട്ടുപാടം, തെക്കു നദിയുടെ വടക്കെ കര ഈ നാലതിരിനകത്തുള്ളസ്ഥലം മഹാത്മാവായ സൂൎയ്യനാരായണസ്വാമി ചമ്പത്തു കാരണവരോടു തീറുവാങ്ങി.

എന്നാൽ എൻെറ അന്വേഷണത്തിൽ കണ്ടുകിട്ടിയ മേപ്പടി തീറുജന്മാധാരത്തിൻെറ ഒരു പകൎപ്പു താഴെ കൊടുക്കുന്നതു വായനക്കാൎക്കു രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു. ചമ്പത്തുവീട്ടുകാരുടെവക "ഗ്രന്ഥപ്പടലം" എന്ന ഒരു പ്രാചീനതാളിയോലഗ്രന്ഥത്തിൽ രണ്ടോ കളലായി എഴുതിട്ടുള്ളതിൻെറ നേർപകൎപ്പാണു് ഇതു്. ഈ ഗ്രന്ഥം ഇപ്പോൾ എൻെറകൈവശത്തുതന്നെഉണ്ടു്.

ആധാരം.

"കൊല്ലം എഴുനൂററിരുപത്തിനാലു് ധനുഞായറു പതിൽകീഴു് പാലൂരു് നാട്ടു് ചിററൂർ മുക്കാൽവട്ടത്തു ഇരുന്നെഴുതിയ അട്ടിപ്പേറോലക്കരണമാവിതു്.

എഴുനിലയെഴുന്നിക്കാരും, എമ്പരദേവതമാരും എമ്പത്തോടയക്കാരും എന്തമ്പിതങ്കച്ചിമാരും എപ്പേർപ്പെട്ടുലകത്തോരും എപ്പോതുമറികവേണ്ടുമവസ്ഥയാവിതു്.

ശേകരികോൎശേവുകരായ് 1. ആയിരമരയക്കരെചരായ അമ്പലപ്പാറക്കുടയവരായ് കാങ്കയനാട്ടുകരുത്തവരായ് 2. ആരമനീട്ടധിപതിയായ് ചമ്പത്തുവാഴും രാമസ്സൻകയ്യാൽ പെറുമർത്ഥവുംവാങ്ങിക്കൊണ്ടാൻ, വെട്ടത്തുനാട്ടു് തിരുക്കണ്ടിയൂരു്ദേശത്തു് മുക്കാൽവട്ടത്തു് തുഞ്ചത്തിരാമനാൎക്കു വേണ്ടി ചൊൽചോഴത്തുചൂരിയും 3- കൊണ്ടാരുകൊണ്ടു് ഇക്കണ്ടപെറുമത്ഥത്തിനു കാരിയം.

നമ്മുടെവക ജന്മം ചിററൂർദേശത്തു് മുക്കാൽവട്ടത്തു ആതിയാററാറും കര 4. അഞ്ചാൽക്കാട്ടു് 5. പൂമിയിടംകിഴക്കു പുളിങ്കോൽചാലു്രക്കമൂച്ചിക്കു മേക്കൊട്ടുംകേതപുരി 6. അടിവഴിനടക്കുകിഴക്കോട്ടും തെക്കു ആതിയാററാറുംകരയ്ക്കു വടക്കോട്ടും വെങ്കനാട്ടടിവഴിവരമ്പു് 7. നടയ്ക്കുതെക്കോട്ടും മേക്കു കേതപുരി അടിവഴിനടയ്ക്കുകിഴക്കോട്ടും പുളിങ്കോൽചാലു് രക്കമൂച്ചിക്കുമേക്കോട്ടും വടക്കു വെങ്കനാട്ടടിവഴിവരമ്പു് നടക്കു തെക്കോട്ടും ആതിയാററാറുംകരയ്ക്കു വടക്കോട്ടും ഈ നാലതൃക്കകെമെയ്യുള്ള ഉറുപ്പുകളൊക്കെയും വാരവും കാരായ മയും നൊരിയും നൊരിയിടപ്പഴുതും ആൾപോകുംവഴി നീർപോകുംചാലും മാൻചാട്ടുംകുന്നും മിൻചാട്ടുംചോലയും കൽകരടു് കാഞ്ഞിരക്കുററി മുൾമുരടു് മൂർഖൻപാമ്പ്കുളത്തിൽ കണ്ണനും കിണററിൽ പന്നിയും ഉമികടതല മാണിക്കത്തോടിന്മണ്ണിന്മേലുൾപ്പെട്ടതെപ്പേർപ്പെട്ടതുംക്രി നാലുനൂർപത്തു വീരരായൻകൊണ്ടു് അട്ടിപ്പേറായ്നീരായ് നീരുമുതലായ് നീട്ടിപ്പേറായ നീരടിച്ചു കൊണ്ടാൻചമ്പത്തു രാമസ്സൻ തമ്പിതങ്കച്ചമാരും.

അതിനിക്കുംപിറകെ പൂന്തുറവെന്തനുക്കും 8. കൊത്തിരുമന്നവൎക്കും 9 ഏറ്റുമൂരിനാതരുക്കും 10 ഞാനമരുളോരായ് തുഞ്ചത്തിരാമനാർ ഗുരുനാഥൎക്കു് മഴവിനും കൊഴവിനും കരമിച്ചും പകൽവെട്ടം പല്ലക്കും പടിയും പടിപ്പുരയും പള്ളിത്തണ്ടും പെരുമ്പറയും വാദ്യവും അകമ്പടിയും ശംഖും ചെങ്ങലയും ചെങ്ങലവെട്ടയും ചേമണ്ടിയുംചെണ്ടയും വെൺമുത്തലുക്കു് വെഞ്ചാമരക്കുട നാൻമുത്തുന്തത്തു് നാലുനാട്ടുടമ 11. നാനാലങ്കാരം നൻമുടയവിരുതെപ്പേർപെട്ടതും കൊടിയും കൊടിക്കൂറയും പറയുംപറനിരപ്പും പായും പന്തലിൽപന്തിമുന്നും അകമറിഞ്ഞനുവദിച്ചുകൊണ്ടാൽസന്തിയം.

ഇപ്പരിശു ഇതറിയുംസാക്ഷി എഴുപത്തുകോപ്പൂഅറികെ പൊന്നത്തു് ഇട്ടിരാരസ്സൻ എഴുതിക്കൊണ്ടതു്—

ഭൂമി തീറുകൊടുത്തതിന്നുപുറമെ ചമ്പത്തുമന്നാടിയാർ എഴുത്തച്ഛനു ചില സ്ഥാനമാനങ്ങൾ നല്കിയിരിക്കുന്നതായും കാണുന്നു. ചമ്പത്തുമന്നാടിമാർ ആ കാലത്തു ചിററൂർദേശാധിപതികളായിരുന്നു. കൊച്ചിമഹാരാജാവിന്നുവേണ്ടി പാലക്കാട്ടുരാജാവിൻെറ കീഴിൽ ചിററൂർനാട്ടു് അടക്കിവാണിരുന്നതു് ചമ്പത്തുമന്നാടിമാരായിരുന്നു കൊച്ചിമഹാരാജാവിൻെറ ആജ്ഞപ്പടിക്കു് മഹാരാജാവിന്നുവേണ്ടി മററുള്ളവൎക്കു യഥോചിതം സ്ഥാനമാനങ്ങൾ നല്കാൻ ഇവൎക്കു അധികാരമുണ്ടായിരുന്നു. ഇതിലെ ആധാരസാക്ഷി എഴുപത്തുവലിയ കോപ്പുസ്വാമികളാണു് ഇദ്ദേഹമാണു് തുഞ്ചത്തെഴുത്തച്ഛനെ ചിററൂർനാട്ടിൽ ആദ്യമായി കണ്ടുമുട്ടിയതു്. ഇദ്ദേഹം എഴുത്തച്ഛൻെറ ഒരു ശിഷ്യനും ആയിരുന്നു. കൊപ്പുസ്വാമികൾ മരിച്ചതു് കൊല്ലവർഷം 729-കന്നിമാസത്തിലാണു്.

'കവിഭൂഷണൻ' എന്ന ഒരു പണ്ഡിതവൎയ്യൻെറ കാവ്യങ്ങൾ വായിക്കുന്നതിന്നുവേണ്ടി എഴുത്തച്ഛനും ശിഷ്യന്മാരും ദേശസഞ്ചാരമദ്ധ്യേ തിരുനൽവേലിയിൽനിന്നുംവേണാട്ടിലേക്കുപോയതായുംവേണാട്ടരചൻഎഴുത്തച്ഛനേയും ശിഷ്യന്മാരേയും എതിരേററു സൽക്കരിച്ചു "ചതുൎവേദിമണ്ഡപ"ത്തിൽ പാൎപ്പിച്ചു് ജ്ഞാനോപദേശം സ്വീകരിച്ചു് ശിഷ്യനായി എന്നുംമററുംഅസ്പഷ്ടമായി ചില അറിവുകൾ ലഭിച്ചിട്ടുള്ളതിൻെറ സത്യാവസ്ഥയും അധികവിവരങ്ങളും അറിവാൻ തരമായിട്ടില്ലാത്തതിനാൽ ഈ വിഷയത്തിൽ താല്പൎയ്യമുള്ള തിരുവിതാംകൂർ മാന്യമഹാജനങ്ങളോടു ഞാനൊന്നപേക്ഷിക്കുന്നു. കവിഭൂഷണൻ ആരാണു്. അദ്ദേഹത്തിൻെറകാലം ഏതാണു്. എന്തെല്ലാം ഗ്രന്ഥങ്ങൾ അദ്ദേഹത്തിൻെറ വകയായിട്ടുണ്ടു്. "ചതുൎവേദിമണ്ഡപം" എവിടെയാണു്; ഇതിനെപ്പററിഅറിവുള്ള വിവരങ്ങൾ മഹാജനങ്ങൾ സാദരംഅറിയിച്ചുതരുവാൻ അപേക്ഷിക്കുന്നു.

പുതുക്കളങ്ങരെ രാമചന്ദ്രമേനോൻ
ചിററൂർ കൊച്ചി.

Foot Notes

1. ശേഖരിവർമ്മനെന്ന പാലക്കാട്ടുരാജാവിൻെറ സേവകന്മാർ.

2. ചമ്പത്തുവീട്ടുകാർ "കാങ്കയം-കരൂർ" എന്നദിക്കിൽനിന്നും ഇവിടെ കുടിയേറിപാൎത്തവരാണു്.

3. സൂൎയ്യനാരായണനെഴുത്തച്ഛൻ - ഇ

ജ്യോതിഷം.

നിങ്ങളുടെ ഭാവിയെക്കുറിച്ചു് അറിയണമോ?

'The Kerala Astrological Bureau'
Quilon, Travancore, S. India.
ശരിയായി അറിയിച്ചുതരും.

യൗവനം.

ചങ്ങമ്പുഴ കൃഷ്ണപിള്ള

നിങ്ങൾക്കുനിർബന്ധമാണെങ്കിൽ,ഞാനിതാ
സന്തോഷനാണക്കഥപറഞ്ഞീടുവാൻ
ഇങ്ങുവരുവിൻ,എന്റെചുററുമായിമരം
തന്നിട്ടുന്നോരിത്തണലത്തിരിക്കുവിൻ!......

തപ്തഹൃദയനായ്ഭൂതകാലത്തിലേ-
യ്ക്കെത്തിനോക്കാറുണ്ടിടയ്ക്കിടയ്ക്കൊക്കെ,ഞാൻ
ഇന്നുവാർദ്ധക്യ,മിപ്പോഴ്നരയെന്തിനോ
ചിന്നി,യെൻശീർഷംവെളുപ്പിച്ചുവെങ്കിലും
ഇല്ലായിരുന്നില്ലൊരിക്കലെനിക്കു,മുൽ-
ഫുല്ലപുഷ്പംപോൽ ചിരിക്കുന്നയൗവ്വനം.

വാർദ്ധക്യവേദിയിൽചെന്നെത്തി,ജീവിത-
വാസ്തവംനോക്കിനെടുവീർപ്പിടുന്നു,നാം!
മുന്നോട്ടുപായുന്നനമ്മൾക്കൊരിത്തിരി
പിന്നോട്ടുനോക്കലെന്താശ്വാസവിശ്രമം!!
ഹാ!"മനോരാജ്യം""സ്മരണ"യിവയില്ലെ-
ക്കോമളമാകുംസുധാസവനിർഝരം
ഇല്ലെങ്കിലയ്യോ!മനുഷ്യന്റെജീവിതം
പുല്ലുംകുരുക്കാത്തപാഴ്മരുമണ്ഡലം!
'ഇന്നലെ'നൽകിയനിർവൃതിയോർക്കിലൊ-
ലെന്നുമാ'നാളെ'യെക്കാത്തിരിക്കുന്നതാം
സൗന്ദര്യമാണിപ്രപഞ്ചം,മതിൻമൃദു
ചുംബനമേററുമധുരിപ്പുജീവിതം!

അന്നൊക്കെനിങ്ങളെപ്പോലെ,വികസിച്ച
കണ്ണുകൾകൊണ്ടുനകൻവിശപ്പത്തെഞാൻ
മായാമധുരിമവീശി,യകലത്തു
പോയിലയിക്കുംമണിയൊലിമാതിരി,

കാലത്തു,കാടുംമലകൾക്കുമപ്പുറം
കാണുന്നവിണ്ണിന്റെനീലിമമാതിരി;
അററംകൊളുത്തിപ്പിടിച്ചു,നിലാത്തിരി
ചുററുംപൊഴിക്കുംകുളിരൊളിമാതിരി—
അവ്യക്തമോഹന,മാനന്ദപൂർണ്ണ,മാ
നിർവ്യാജരാഗംതുളുമ്പുന്നയൗവ്വനം!!

പച്ചപ്പടർപ്പിൽപറന്നുപാറി,സ്വയം
സ്വച്ഛന്ദകൂജനംചെയ്യുന്നകോകിലം
ഇന്നുമനുഭവിപ്പീലെ,ന്നിലന്നൊക്കെ
വിണ്ണിൽനിന്നിററിററുവീണസുധാകണം!
നീരണിപ്പൊയ്കകൾ,താരണിത്തോപ്പുകൾ
നീളെനിരന്നുള്ളപച്ചിലക്കാടുകൾ! –
കാണുന്നതെല്ലാമൊരാനന്ദമാണന്നു
കാര്യമെനിക്കെന്തുകണ്ണീർപൊഴിക്കുവാൻ?

എന്താണുയൗവനം? — നശ്വരതത്തിന്റെ
സുന്ദരമാമൊരുവീണവായിക്കലാം!
മർത്ത്യതതൻമൃദുകോമളമാമൊരു
സ്വപ്നാടനത്തിലെപ്പുഞ്ചിരിക്കൊള്ളലാം!
പാവനമാമൊരുപുഷ്പാഞ്ജലിക്കുള്ള
ജീവിതത്തിന്റെവിളക്കുകൊളുത്തലാം
നമ്മളറിയാതെനമ്മിൽപൊട്ടുന്നനെ
ച്ചിന്നിപ്പടരുന്നകോരിത്തരിക്കലാം!
ആറിത്തണുത്തമറവിയല്ലെ,പ്പൊഴ-
മാളിപ്പടർന്നിട്ടുന്നോർമ്മതാൻ,യൗവ്വനം!!

പൂത്തകടമ്പിനെപ്പോലെ,യതിനെയി-
നാത്തകൗതുഹലംനോക്കിരസിപ്പു,ഞാൻ!!

ഭ്രേഹത്തിന്റെ സാക്ഷാൽപേരു് "ചൂരപ്പു" വെന്നാണു്. സൂരിഎഴുത്തച്ഛൻ എന്നും പറയും. സൂര്യനാരായണൻ എന്നു എഴുത്തച്ഛൻ ശിഷ്യനുകൊടുത്തപേരാണു്.

4. ദുഃഖം ആററുന്നനദി — ശോകനാശിനി — ഈ നദീതീരത്താണു് ഗുരുമഠം സ്ഥിതിചെയ്യുന്നതു്.

5. അഞ്ചു് ആൽവൃക്ഷംഉള്ളഭൂമി — പഞ്ചവടി — ദക്ഷിണപഞ്ചവടിഎന്നാണു എഴുത്തച്ഛൻ ഈ പ്രദേശത്തിന്നു പേരിട്ടിരിക്കുന്നതു്.

6. പട്ടഞ്ചേരി.

7. കൊല്ലങ്കോട്ടുപാടം.

8. സാമൂതിരിരാജാവു്

9. ഗോശ്രീമഹാരാജാവു് — കൊച്ചിമഹാരാജാവു്.

10. ഏമൂർഭഗവതിനാഥനായുള്ളവൻ പാലക്കാട്ടുരാജാവു് — പാലക്കാട്ടുരാജാക്കന്മാരുടെ കുലദൈവം ഏമൂർഭഗവതിയാണു്.

11. നാലുദേശത്തെ അധികാരം — ചിററൂർ, നല്ലേപ്പിള്ളി, പട്ടഞ്ചേരി, തത്തമംഗലം.



വാർത്താസംഗ്രഹം.

ലോകം

അയൽരാജ്യക്കാർ അംഗീകരിക്കുന്നപക്ഷം ആയുധവ്യാപാരനിയന്ത്രണംസംബന്ധിച്ച അമേരിക്കൻനിർദ്ദേശങ്ങൾ സ്വീകരിക്കാമെന്ന റഷ്യ സമ്മതിച്ചിരിക്കുന്നു. ക്യാനഡായും സമ്മതം നൽകിയിരിക്കുന്നു.

* * *

വികസ്വരപ്രപഞ്ചവാദം അനുസരിച്ചു ഒടുവിൽ കൂട്ടിയിരിക്കുന്ന കണക്കിൻപ്രകാരം അറിയപ്പെട്ട പ്രപഞ്ചത്തിന്റെ വ്യാസം പ്രതിനിമിഷം നാല്പത്തെണ്ണായിരംമൈൽവീതം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവത്രെ.

* * *

മൌണ്ട് വിൽസൻ ഒബ്സർവേറ്ററിയിലെ ഖഗോളശാസ്ത്രജ്ഞന്മാർ ഈയാണ്ടിൽ സ്ഥാനനിർണ്ണയംചെയ്തിരിക്കുന്ന നക്ഷത്രപടലത്തിനു ഒരു കോടി മുപ്പതുലക്ഷംകോടികോടി നാഴിക അകലമുണ്ട്.

* * *

ലണ്ടനിൽനിന്നു സിംഗപ്പൂരിലേക്കു പോകുംവഴി മെസീനാ എന്ന സ്ഥലത്തുവച്ചു ഒരു ബ്രിട്ടീഷ് ഫ്ളയിങ്ങുബോട്ട തകർന്നു തീപിടിക്കയും അതിലുണ്ടായിരുന്ന എട്ടുപേർ തീവെന്തു നശിക്കയും ചെയ്തു.

* * *

ജൂലൈ ഒന്നാംതീയതിമുതൽ സകല യുദ്ധസാമഗ്രികളുടെയും നിർമ്മാണം ഗവർമ്മെന്റുനിയന്ത്രണത്തിലാക്കുകയും അതിനുശേഷം വാണിജ്യവകുപ്പിന്റെ പ്രത്യേക ലൈസൻസനുസരിച്ചുമാത്രം ആയുധനിർമ്മാണം നടത്തുകയുംചെയ്യത്തക്കവണ്ണം സ്വീഡിഷ്പാർലമെന്റിൽ ഒരു ബിൽ അവതരിപ്പിച്ചിരിക്കുന്നു. സ്വീഡനിലെ യുദ്ധസാമഗ്രിവ്യവസായങ്ങളിൽ വിദേശികളുടെ സ്വാധീനശക്തിയില്ലാതാക്കുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിലുണ്ട്.

* * *



മിസ്സിസ് എഡിത്ത് ഹൌമാർട്ടിനും മിസ്സിസ് അന്നാതോമസ്സും

(മിസ്സിസ് ഹൌമാർട്ടിൻ കറാച്ചിയിൽ മിസ്സിസ് അന്നാതോമസ്സിന്റെ അതിഥിയായി താമസിച്ചിരുന്നപ്പോൾ എടുത്ത ഫോട്ടോ.)

കറൻസിയുടെനില നിരപായമായി പരിപാലിക്കുന്നതിനും ഏറ്റമതിഇറക്കുമതികളെ സമീകരിക്കുന്നതിനും ടർക്കിചെയ്യുന്ന ശ്രമങ്ങൾക്കു പ്രതിബന്ധമെന്നുകാണുകയാൽ 1930-ലെ ഇൻഡോടർക്കിഷ് ഉടമ്പടിയെ ടർക്കി നിരാകരിച്ചിരിക്കുന്നു.

* * *

ജർമ്മനിയുടെ കസ്റ്റംസ് അതിർത്തിക്കകത്തു സാറിനെ ഉൾപ്പെടുത്തിയിരിക്കുന്നു. ഫ്രഞ്ചുകസ്റ്റംസ് ആഫീസർമാർ അർദ്ധരാത്രി ഉദ്യോഗമൊഴിയുകയും ജർമ്മൻആഫീസർമാർ പകരം ചാർജ്ജെടുക്കുകയും ചെയ്തു.

* * *

സൈനികരഹസ്യങ്ങൾ പുറത്താക്കിയതിനാൽ സുപ്രസിദ്ധ സാമുദായികപ്രവർത്തകളായ ഫ്റാറൈനിററ, വോൺസാററ്സ്നർ എന്നീ രണ്ടു സ്ത്രീകളെ തലവെട്ടി കൊന്നതായി പ്രഖ്യാപനംചെയ്തിരിക്കുന്നു. ഹെർ ഹിററ്ലർ ഇവർക്കു മാപ്പുനൽകിയില്ല.

* * *

ജപ്പാനിൽ വിളവുനാശത്തിന്റെ ഫലങ്ങളെ പരിഹരിക്കാൻ കഠിനമായ ശ്രമങ്ങൾനടക്കുന്നു. വയലുകളിലെ ശൈത്യം കാണ്ടാണല്ലൊ വിളവുകൾ നശിച്ചതു്. അതിനാൽ വയലുകളെ വിദ്യുച്ഛക്തികൊണ്ടു ചൂടുപിടിപ്പിക്കാമോ എന്നു ജപ്പാൻകാർ ആലോചിക്കുന്നു. എങ്കിലും അതുകൊണ്ടു ലാഭമുണ്ടാകുമോ എന്നുള്ളതു സംശയാസ്പദമാണു്.

* * *

പുതിയ ഒരു ദേശീയോദ്ധാരണനിയമത്തിനുള്ള ശുപാർശകൾ റൂസ്‌വെൽററ് കാൺഗ്രസ്സിനു സമർപ്പിക്കുന്നു. നിലവിലിരിക്കുന്ന എൻ ആർ. എ. ഒരുവർഷത്തേക്കു നീട്ടുന്നതിനും വേണ്ടിവന്നാൽ രണ്ടുവർഷംവരെ നീട്ടുന്നതിനു അധികാരം ലഭിക്കുന്നതിനാണു അദ്ദേഹം കാൺഗ്രസ്സിനോടാവശ്യപ്പെടുന്നതു്. റൂസ്‌വെൽററിന്റെ നിർദ്ദേശങ്ങൾ കാൺഗ്രസ്സിൽ എതിർപ്പിനും ക്ഷോഭത്തിനും കാരണമാകുമെന്നു വിചാരിക്കപ്പെടുന്നു.

* * *

ബ്രിട്ടനിലെക്കാൾ ഇരുപതിരട്ടി കൊലപാതകം അമേരിക്കൻഐക്യനാടുകളിൽ നടക്കുന്നുണ്ടു്. കുററക്കാരായ പുള്ളികളെ കാത്തുസൂക്ഷിക്കുന്നതിനു യു. എസ്. എ-യിലെ ജനങ്ങൾക്കു ആയിരത്തിമുന്നൂറുകോടി ഡാളർ ആണ്ടിൽ ചെലവാകുന്നുണ്ടു്.

* * *

ഫിലിപ്പയിൻസിനു പുതിയ ഭരണവ്യവസ്ഥ തയാറാക്കുന്ന കൺവൻഷനിലെ ഒരു പ്രതിനിധിയായ ഗ്രിഗോറിയാ പെർഫക്ടോ കരടുഭരണവ്യവസ്ഥയിൽ സ്വാതന്ത്ര്യം കുറഞ്ഞുപോയെന്ന വാശിയാൽ പെൻഷൻകൊണ്ടു ഒപ്പിട്ടിരിക്കുന്നു. പുതിയ ഭരണവ്യവസ്ഥ പ്രസിഡന്റു റൂസ്‌വെൽററിന്റെ അംഗീകാരത്തിനു സമർപ്പിക്കുവാൻ പ്രതിനിധിസംഘം വാഷിംഗ്ടണിലേക്കു പുറപ്പെട്ടിരിക്കുന്നു.

* * *

വിവാഹവായ്പകളും മററും അനുവദിച്ചു യുവതീയുവാക്കന്മാരെ വിവാഹത്തിനു പ്രേരിപ്പിക്കുന്ന നാസിനയം വിജയപ്രദമായിത്തീരുന്നതായി കണക്കുകൊണ്ടു കാണുന്നു. കഴിഞ്ഞവർഷത്തിന്റെ പൂർവാർദ്ധത്തിൽ 334,600 വിവാഹങ്ങൾ, അതായതു 1933-ന്റെ പൂർവാർദ്ധത്തിലേതിൽ 32 ശതമാനം കൂടുതൽ വിവാഹങ്ങൾനടന്നു. പതിനായിരംപേർക്കു നൂററിരണ്ടുവിവാഹം എന്ന ജർമ്മനിയിലെ നിരക്കു യൂറോപ്പിൽവച്ചു ഏററവും കൂടിയതാണു്.

* * *

ഐൻസ്റ്റൈന്റെ രണ്ടുപുത്രിമാരുടെ വകയായ സ്വത്തുക്കൾ ഈയിടെ ജർമ്മൻഗവമെന്റു കണ്ടുകെട്ടിയതായി പ്രസ്താവിച്ചിരുന്നല്ലോ. എന്നാൽ ബെർലിൻനഗരത്തിനടുത്തുള്ള ഐൻസ്റ്റൈന്റെ വേനൽക്കാലവസതിയും കണ്ടുകെട്ടിയിരിക്കുന്നു. ബെർലിൻസിററികൗൺസിൽ ഈ വസതി ഐൻസ്റ്റൈനു സമ്മാനിക്കാൻ തീർച്ചപ്പെടുത്തിയതു കൗൺസിലിൽ അഭിപ്രായഭിന്നതയ്ക്കു കാരണമായിത്തീരുകയും അതിനെത്തുടർന്നു അദ്ദേഹം ഈ സ്ഥലം വിലകൊടുത്തു വാങ്ങുകയും ചെയ്തതാണു്. ബെർലിൻ സിററികൗൺസിൽ അനന്തരം ഐൻസ്റ്റൈനു ഒരു "വോട്ടു്" (ഒരുതരംകപ്പൽ) സമ്മാനംകൊടുത്തെങ്കിലും അതും നാസിഗവർമ്മെന്റു കണ്ടുകെട്ടുകയുണ്ടായി.

* * *

പതിനെട്ടാംപടിമുമ്പിൽ

ശബരിമല പതിനെട്ടാംപടിമുമ്പിൽവച്ചു് കണ്ണനൽനാർട്ടൻ എടുത്തഫോട്ടോ. ഇതിൽ 9 പടി വ്യക്തമായി കാണാം. നടുവിൽ ശാന്തിക്കാരൻപോററിയും ഇടതുവശം കരിമണ്ണൂർ രാമയ്യരും വലതുവശം സദാനന്ദപുരം ശക്തിദാസമന്ദിരത്തിലെ കെ. ആർ. ശിവരാമപിള്ളയുമാണു് നിൽക്കുന്നതു്.

By Courtesy of Mr. Sivarama Pillai.

ബ്രിട്ടനിൽ ആണ്ടുതോറും പതിനയ്യായിരം സ്ത്രീകൾ വിവാഹമോചനത്തിനപേക്ഷിക്കുന്നു. വിവാഹമോചനക്കോർട്ടി നിശ്ചയിച്ച ചെലവിനുള്ള തുക ഭാര്യക്കുകൊടുക്കാതെ ബ്രിട്ടനിൽ തടവിൽപോകുന്ന പുരുഷന്മാരുടെസംഖ്യ മൂവായിരത്തഞ്ഞൂറാകുന്നു. വൈവാഹികകലഹങ്ങളെപ്പററി അന്വേഷിക്കുന്ന ഡിപ്പാർട്ടുമെൻററൽകമ്മററി ശുപാർശചെയ്യുന്നതു ഇത്തരംകേസുകൾ ക്രിമിനൽകോടതികളുടെ ദുഷിച്ച അന്തരീക്ഷത്തിൽ കേട്ടു തീരുമാനിക്കരുതെന്നാണു്.

* * *

യാത്രാദൈർഘ്യത്തിൽ നിസ്തുലപ്രശസ്തിനേടിയിരിക്കുന്ന കൊഡോസ്, റോസി എന്ന ഫ്രഞ്ചുവൈമാനികന്മാർ തപാലുംകൊണ്ടു ഫ്രാൻസിൽനിന്നു തെക്കെഅമേരിക്കയിലേക്കു ആദ്യത്തെ മെയിൽയാത്ര ആരംഭിക്കയുണ്ടായി അന്തരീക്ഷാവസ്ഥ അനുകൂലമെങ്കിൽ പാരിസുമുതൽ റയോഡിജനീറോവരെയുള്ള 6250 മൈൽ എങ്ങുമിറങ്ങാതെപറക്കണമെന്നായിരുന്നു അവരുടെ ഉദ്ദേശം. പക്ഷെ യാത്ര പകുതിയായപ്പോൾ ചില തകരാറുമൂലം വിമാനം തിരിച്ചു കേപ്പ്‌വേർഡ്ദീപിൽ എത്താൻ നിർബന്ധിതമായി.

* * *

ഭാരതം.

സെത്ജംനലാലിൻെറകാറിൽ സഞ്ചരിച്ചിരുന്ന മീരാബെന്നും ആശ്രമത്തിലെ മററു മൂന്നുസ്ത്രീകളും ഭയങ്കരമായ ഒരു കാറപകടത്തിൽനിന്നു അത്ഭുതകരമായി രക്ഷപെട്ടു. കാർ തകർന്നുപോകയും അകത്തിരുന്നവർ ദൂരത്തെറിക്കയും ചെയ്തു. മീരാബെന്നിനു ചില്ലറ പരുക്കുകൾമാത്രമെ ഏററിട്ടുള്ളു. ബാക്കിയുണ്ടായിരുന്നവക്കും ഡെംററുവക്കും സാരമായ ദേഹോപദ്രവമേററു ആസ്പത്രിയിലാണു്

* * *

തെക്കേആഫ്റിക്കയിലെ പുതിയ ഇന്ത്യൻഏജൻറായ സയ്യദ്റാസാഅലിക്കു നേററൽ ഇന്ത്യൻകാൺഗ്രസ് കെങ്കേമമായ ഒരു സ്വീകരണംനൽകി. സൗത്താഫ്റിക്കൻ ഇൻഡ്യൻകാൺഗ്രസ്സും കൊളോണിയൽ ബോൺസെററ്ലേഴ്സ് അസോസ്യേഷനും യോജിച്ചും സഹകരിച്ചും ഒരു സംഘടനയായി പ്രവൎത്തിക്കേണ്ടതിൻെറ അത്യാവശ്യകത പുതിയ ഏജൻറു ഉൽബോധിപ്പിക്കയുണ്ടായി.

* * *

അമേരിക്കൻഐക്യനാടുകളിലെ ഇല്ലിനോയി സർവ്വകലാശാലക്കാർ ബറോഡയിലെ മി. ബലവൻറായിക്കു കായികപരിശീലനത്തിനുള്ള 400 ഡാളർ വേതനം നൾകിയിരിക്കുന്നു. ഒരു അമേരിക്കൻ സർവ്വകലാശാലയിൽനിന്നു ആദ്യമായി ഇങ്ങനെ കായികപരിശീലനത്തിനു വേതനംവാങ്ങുന്ന ഇന്ത്യൻ മി. റായിയാണു്. ഇതു മററു ചില ഇന്ത്യാക്കാൎക്കു അനുകരണയോഗ്യമായിരുന്നേക്കാം.

* * *

1933-ൽ ഇന്ത്യയിലെ റയിൽവേകളിലെല്ലാം കൂടി മുപ്പതുലക്ഷംപേർ ടിക്കററില്ലാതെ സഞ്ചരിച്ചതായി കണ്ടുപിടിച്ചിട്ടുണ്ടു്. ടിക്കററില്ലാതെ സഞ്ചരിക്കുന്നതായി കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലാത്തവരുടെസംഖ്യ ഇതിലും അധികമായിരിക്കണമല്ലോ.

* * *

ബറോഡാ മഹാവിദ്യാലയത്തിൻെറ ചാൻസലറായ സർ വി. ടി. കൃഷ്ണമാചാരി ഒൻപതാമത്തെ കൺവെക്കേഷനിൽ സ്നാതകഗ്രാഡ്വേററുകൾക്കും മററും ഡിപ്ലോമാ നൽകുകയും അവർ ഗ്രാമങ്ങളിൽപോയി ജനങ്ങൾക്കു വൈദ്യസഹായം ചെയ്യണമെന്നു ഉപദേശിക്കയുംചെയ്തു.

* * * *

മൈസൂർഗവർമ്മെൻറുജീവനക്കാരുടെ ഋണബാദ്ധ്യതയെപ്പററി അന്വേഷിച്ചു റിപ്പോർട്ടുചെയ്യാൻ ഗവർമ്മെൻറു നിയമിച്ചിരുന്ന കമ്മററിയുടെ ശുപാർശകൾ ഗവർമ്മെൻറു അംഗീകരിച്ചിരിക്കുന്നു. അസംബ്ലിയുടെ അംഗീകാരത്തിനായി ഈ ശുപാർശകൾ അവതരിപ്പിക്കുന്നതാണു്. ജപ്തിയിൽനിന്നു ഒഴിവായുള്ളശമ്പളം മദ്രാസിലെപ്പോലെ ഇരുപതിൽനിന്നു നാല്പതുരൂപയായി ഉയർത്തണമെന്നാണു കമ്മററിയുടെ ശുപാർശ.

* * *

കപൂർതലായിൽ മിതവ്യയം നടപ്പാക്കുന്നതിനായും, ഭരണത്തെ പുനഃസംഘടിപ്പിക്കുന്നതിനായും, കമാൻഡർഇൻചീഫ്, നിയമസമാധാനവകുപ്പിൻെറ മിനിസ്ററർ, ഹോംമിനിസ്ററർ, ചീഫ്എൻജിനീയർ എന്നീ ഉദ്യോഗങ്ങൾ നിറുത്തൽചെയ്യുവാൻ മഹാരാജാവു അനുവദിച്ചിരിക്കുന്നു. മുപ്പതു വർഷത്തെ സർവ്വീസുള്ളവർ പെൻഷൻവാങ്ങി ഉദ്യോഗത്തിൽനിന്നും പിരിയുന്നു. കൂടുതൽ വ്യയന്യൂനീകരണം നടപ്പിൽവരുത്തുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

* * *

മൊഹറബാദിൽ ഒരു സതി നടന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. ബാരിസ്റററും സെമിന്താരുമായ ഗംഗാപ്രസാദ്മിശ്രയുടെ ഭാര്യ തൻെറ ഭർത്താവിൻെറ ചിതയിൽ ചാടുകയും തീപൊള്ളി മരണംപ്രാപിക്കുകയുമുണ്ടായി. ജനങ്ങൾ അവരെ ഇതിൽനിന്നും പിൻതിരിക്കുവാൻ ശ്രമിച്ചു. എന്നാൽ "ഞാൻ വിധവയാണെന്നു ആരാണു പറയുന്നതു്. എൻെറ ഭർത്താവു മരിച്ചാൽപിന്നെ ഞാനെന്തിനു ജീവിക്കണം" എന്നു പറഞ്ഞു സകലരിൽനിന്നും ഒഴിഞ്ഞുമാറി അവർ തീയിൽ എടുത്തുചാടുകയാണുണ്ടായതു്.

* * *

കേരളം.

ഈ മാസം 17-ാംതീയതി വൈസ്രോയിമന്ദിരത്തിൽവച്ചു വൈസ്രോയി വില്ലിംഗ്ടൺപ്രഭു കൊച്ചി മഹാരാജാവുതിരുമനസ്സിലേക്കു ജി. സി. ഐ. ഇ- എന്ന ബിരുദുമുദ്ര നൾകുന്നതാണു്.

* * *

തിരുവിതാംകൂർഗവർമ്മെൻറിൽനിന്നും തിരുവനന്തപുരം കാഴ്ചബംഗ്ലാവിലേക്കു് നാലു ബംഗാൾകടുവാകളെ വരുത്തിയിരിക്കുന്നു.

* * * *

മുൻസിപ്പുകോടതിയിൽ വ്യവഹരിക്കുന്നതിനു യോഗ്യതനൾകുന്ന തിരുവിതാംകൂറിലെ പ്ലീഡർഷിപ്പുപരീക്ഷ, അടുത്തു നടക്കുന്ന ഇനിയത്തെ ഒരേഒരു പരീക്ഷയോടുകൂടി ഗവർമ്മെൻറു നിറുത്തൽ ചെയ്തിരിക്കുന്നു

* * *

മദ്രാസു ഒളിമ്പിക്ക് കായികാഭ്യാസമത്സരക്കളികളിൽ കൊച്ചി തിരുവിതാംകൂർ സംസ്ഥാനങ്ങൾക്കു അഭിമാനകരമാംവിധത്തിലുള്ള വിജയം ലഭിച്ചിരിക്കുന്നു. ആകെ 34 സംഘങ്ങളാണു മത്സരത്തിൽ പങ്കുകൊണ്ടതെന്നും, വിജയത്തിൽ കൊച്ചിക്കു് 1-ാംസ്ഥാനവും തിരുവിതാംകൂറിനു 4-ാംസ്ഥാനവും ലഭിക്കുകയുണ്ടായി എന്നും അറിയുന്നു.

* * *

മലബാറിൽ വെള്ളായിക്കോട്ട അംശത്തിൽ ഒരു വ്യാജവാററുകേസു കണ്ടുപിടിക്കുവാൻപോയ. ക്ലൂയിസുപാർട്ടിയെ എക്സൈസുകക്ഷികൾ ഭയങ്കരമായവിധം വെട്ടുംകുത്തും ഏൽപിച്ചിരിക്കുന്നു. പാർട്ടിയുടെ നേതാവായ എക്സൈസു സബ് ഇൻസ്പെക്ടരുടെ ചെവിരണ്ടും എക്സൈസുകക്ഷികൾ പീശാംകത്തിപ്രയോഗത്താൽ അരിഞ്ഞുകളഞ്ഞതായി റിപ്പോർട്ടുചെയ്തിരിക്കുന്നു

* * *

തിരുവിതാംകൂർമഹാരാജാവു തിരുമനസ്സിലെ ലീഗലും കാൺസ്ററിററ്യൂഷനലുംഅഡൈ്വസറായ സർ; സി. പി. രാമസ്വാമിഅയ്യർ ഈയിടെ സക്കൻഡാബാദു സന്ദർശിച്ച അവസരത്തിൽ "25 വർഷത്തിനു ശേഷമുള്ള ഇന്ത്യ" എന്ന വിഷയത്തെ പുരസ്കരിച്ചു ഒരു പ്രസംഗം ചെയ്കയുണ്ടായി. ഇന്നത്തെ സാമുദായികത്വം അവസാനിക്കണമെങ്കിൽ ജനങ്ങളുടെ ശ്രദ്ധ ഗ്രാമങ്ങളിലേക്കു തിരിയണമെന്നു അദ്ദേഹം പറഞ്ഞു. 25 വർഷത്തിനു ശേഷമുള്ള ഇന്ത്യയെ ചിത്രീകരിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞതു്, ഭാവിയിലെ ഇന്ത്യ അവസാനമില്ലാത്ത ജാതിവിഭാഗങ്ങളേയും, ഉപവിഭാഗങ്ങളേയും നിലനിറുത്തിക്കൊണ്ടു പോകുന്നതല്ലെന്നും, അവിടെ സകലരേയും ഒന്നിൽ ലയിപ്പിക്കുമെന്നും സകലരും ബ്രാഹ്മണരായി തീരുമെന്നും, ആ ഉദ്ദേശത്തോടുകൂടി നാം ഒരേ ജാതിക്കാരായി കഴിച്ചുകൂട്ടാമെന്നും അതിനാൽ ഭാവിയിലെ ഇന്ത്യയിൽ സാമ്പത്തികനയത്തിൽ ഒരു വ്യതിചലനമുണ്ടായിരിക്കുമെന്നും ധനത്തിനുവേണ്ടി ധനമെന്നുള്ള വിചാരത്തിനു അവിടെ മാന്യതയുണ്ടായിരിക്കയില്ലെന്നും ബുദ്ധിശൂന്യമായ മത്സരങ്ങൾക്കു അവിടെ സ്ഥാനം കാണുകയില്ലെന്നും ആണു്.

തിരുവനന്തപുരം ജന്തുബന്ധുസംഘത്തിൻെറ പ്രസിഡൻറായ പൊളിററിക്കൽ ഏജൻറു കർണ്ണൽ ഫീൽഡ് ഇവിടെനിന്നും ഉദ്യോഗമൊഴിഞ്ഞുപോകുന്നതുസംബന്ധിച്ചു റസിഡൻസിയിൽവച്ചുനടത്തിയ ചായസൽക്കാരത്തിൽ എടുത്ത ഫോട്ടോ. നടുവിൽ ഹാരമണിഞ്ഞിരിക്കുന്നതു കർണ്ണൽ ഫീൽഡാകുന്നു.

മലയാളരാജ്യം.

1110 കുംഭം 13-ാംനു- തിങ്കളാഴ്ച

തിരുവിതാംകൂറിലെ ശമ്പളക്രമത്തിലുള്ള അസമതകളെ പരിഹരിക്കുക, ശമ്പളച്ചിലവിൽ സാരമായ കുറവുകൾവരുത്തി നികുതിദായകനു പെട്ടെന്നു ഗണ്യമായ ആശ്വാസം നൽകുക, ഭണ്ഡാരത്തിൽമിച്ചം വരുത്തി ആ തുക പൊതുജനക്ഷേമകരങ്ങളായ കാര്യങ്ങൾക്കായി വിനിയോഗിക്കുക, ഭീമമായ ശമ്പളവും പ്രത്യേകഅലവൻസുകളുംകൊടുത്തു വിദേശികളെ ഇറക്കുമതിചെയ്യുന്ന പതിവു നിറുത്തലാക്കുക എന്നീ ഉദ്ദേശങ്ങളെ ലാക്കാക്കിയാണ് ശമ്പളക്രമം ഒരു പുതിയ അടിസ്ഥാനത്തിന്മേൽ ഉറപ്പിക്കണമെന്നു് നിയമസഭകളും വർത്തമാനപ്പത്രങ്ങളും പൊതുജനങ്ങളും ഏറിയനാളായി മുറവിളികൂട്ടിക്കൊണ്ടിരിക്കുന്നതു്. ഈ മുറവിളികളുടെ ഫലമായി ഗവർമ്മെൻറു കമ്മിററി നിയമനവും റിപ്പോർട്ടുകളും സാധിക്കയും ചെയ്തിട്ടുണ്ട്. ഗവർമ്മെൻറു തയ്യാറാക്കുന്നപദ്ധതി എന്തുതന്നെയായിരുന്നാലും അതിനെ ആദ്യമായി നിയമസഭകളുടെ ആലോചനയ്ക്കായി സമർപ്പിക്കയും പൊതുജനപക്ഷത്തുനിന്നും ഉണ്ടാവുന്ന വിമർശങ്ങളെ ആദരിച്ചു വേണ്ട ഭേദഗതികളോടുകൂടി പദ്ധതിനടപ്പിൽവരുത്തുകയും ചെയ്യുകയാണു ഗവർമ്മെൻറു വേണ്ടതു്. ഉയർന്ന ഉദ്യോഗങ്ങൾക്കുശമ്പളംകുറച്ചാൽ സാമർത്ഥ്യവും കാര്യക്ഷമതയുംഉള്ളവരെ ലഭിക്കയില്ലെന്നു ഒരുമിഥ്യാബോധം ചിലയിടങ്ങളിലുണ്ട്. വിദേശികളെ ഇറക്കുമതിചെയ്യുന്നതുകൊണ്ടു രാജ്യത്തിനു വൻപിച്ച ധനനഷ്ടമുണ്ടാകുമെന്നുമാത്രമല്ല, ഈ നാട്ടുകാരായുള്ള ഉദ്യോഗസ്ഥന്മാർക്കു ന്യായമായി ലഭിക്കേണ്ട കയററങ്ങളും പ്രോത്സാഹനങ്ങളും ലഭിക്കാതാവുകയും അവരുടെയിടയിൽ അസംതൃപ്തിയും അഴിമതികൾക്കുള്ള പ്രേരണയുംഉണ്ടാവുകയുംവർദ്ധിക്കുകയും ചെയ്തേക്കാം. മഹാരാജാവുതിരുമനസ്സുകൊണ്ടു തിരിച്ചെഴുന്നള്ളിയിരിക്കുന്നതിനാൽ ഈ പ്രശ്നം സത്വരമായ ആലോചനയ്ക്കു വിഷയമാകുമെന്നു സമാശ്വസിക്കാം. കപൂർതലായിലെ ഉദ്യോഗങ്ങളിലും ശമ്പളങ്ങളിലും കുറവുവരുത്തിയിരിക്കുന്നതായി കാണുന്ന വാർത്തകളും ഈ ഘട്ടത്തിൽ സ്മരണയോഗ്യമാണു്.

* * *

തിരുവിതാംകൂറിലെപ്പോലെയുള്ള ഒരു രാജ്യത്തു ഭൂനികുതി സർക്കാരിൻെറ മുതലെടുപ്പിൽ ഒരു മുഖ്യവിഭാഗമാണ്. അതിനാൽ അതിനു സംഭവിക്കുന്ന കുറവിനെ സസന്തോഷം വീക്ഷിക്കുവാൻ രാജഭാരകൎമ്മംവഹിക്കേണ്ട ആളുകൾക്കു സാധിക്കയില്ലല്ലോ. ആകയാൽ ഭൂനികുതിഭാരം വിഷമംകൂടാതെ വഹിക്കത്തക്ക കെൽപ്പു ജനങ്ങൾക്കുണ്ടാകാനുള്ള വഴികൾ ആലോചിച്ചു കാര്യക്ഷമമായ വിധത്തിൽ ഉടനടൻ പ്രയോഗിച്ചു ഫലിപ്പിക്കയാണു ഗവർമ്മെൻറു ചെയ്യേണ്ടതു്. കൃഷികൾക്കെല്ലാം ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ ദോഷം തുടർന്നും വർദ്ധിച്ചും വരുന്നു. നാട്ടിലെ ഉല്പന്നങ്ങൾക്കു എണ്ണത്തിലും തരത്തിലും ഗണ്യമായ കുറവു ഒന്നിനൊന്നു വർദ്ധിച്ചു വരുന്നു. വിലക്കുറവും വർദ്ധിക്കുന്നുണ്ട്. നിത്യവൃത്തിക്കു അന്യനാടുകളിൽനിന്നുകിട്ടേണ്ടചില അത്യാവശ്യസാധനങ്ങൾക്കു ഈയിടെ അല്പം വിലക്കൂടുതലും കാണുന്നുണ്ട്. ഇങ്ങനെ ജനസാമാന്യത്തിനു ജീവിതായോധനം ഭയങ്കരതരമായി പരിണമിച്ചിരിക്കയാണു. നാട്ടിൻപുറങ്ങളിൽ ഇറങ്ങി സഞ്ചരിച്ചു അറിയണമെന്നനിശ്ചയത്തോടേ അന്വേഷണം ചെയ്താൽമാത്രമേ ബഹുജനങ്ങൾ അനുഭവിക്കുന്ന കഷ്ടതയുടെ കാഠിന്യം ഗ്രഹിക്കാൻ കഴികയുള്ളൂ. പട്ടണങ്ങളിലെ സംരംഭവും വിനോദങ്ങളും ഒരിക്കലും രാജ്യത്തെ യഥാർത്ഥസ്ഥിതിഗതികൾക്കു മാനദണ്ഡങ്ങളാകുന്നതല്ല. ജനസാമാന്യത്തിനിടയിൽ വർദ്ധിച്ചുവരുന്ന ദാരിദ്ര്യത്തിനു ശരിയായ പരിഹാരം കണ്ടുപിടിക്കാത്തപക്ഷം ഭാവി ശോചനീയമായിരിക്കും

* * *

തിരുവിതാംകൂറിനാവശ്യമുള്ള നെല്ലു ഇവിടെത്തന്നെ കൃഷിചെയ്തു ഉണ്ടാക്കാനുള്ള വിളഭൂമിയുണ്ടെങ്കിലും ഭൂസ്വത്തിൻെറ വിതരണത്തിലുള്ള അസമതനിമിത്തവും കൃഷിക്കാരോ കൃഷിയിൽ താല്പര്യമുള്ളവരോ അല്ലാത്ത സ്വത്തുകാരുടെ കൈവശം ഭൂസ്വത്തുകൾ ചെന്നു ചേർന്നുകൊണ്ടിരിക്കുന്നതിനാലും നിത്യാഹാരത്തിനുള്ള നെല്ലു വിദേശത്തുനിന്നു ഇറക്കുമതിചെയ്തില്ലെങ്കിൽ മതിയാകുന്നില്ലെന്ന ശോച്യാവസ്ഥയാണു ഇപ്പോഴുള്ളതു്. തൊഴിലില്ലാതെ അലയുന്ന അഭ്യസ്തവിദ്യരായ നിരവധി യുവാക്കന്മാരിൽ കൃഷിവൃത്തി സ്വീകരിക്കാമെന്നു ആഗ്രഹവും സന്നദ്ധതയും ഉള്ള പലരുമുണ്ടെന്നും പക്ഷേ കൃഷിചെയ്യാൻ ഭൂമിയോ അതിനുള്ള പണമോ അവർക്കില്ലെന്നും ഇക്കൂട്ടർക്കു ഗവർമ്മെൻറു ചില വ്യവസ്ഥകളനുസരിച്ചു കൃഷിഭൂമികളും അല്പം മൂലധനവും കൊടുത്തു അവരെ കൃഷിയിൽ പ്രോത്സാഹിപ്പിക്കണമെന്നും തൊഴിലില്ലായ്മക്കമ്മിററി ശുപാർശചെയ്തിട്ടു കാലം കുറെ കഴിഞ്ഞു. കൃഷിയിൽ നല്ല പഴക്കവും സാമർത്ഥ്യവും ഉള്ള ഹരിജനങ്ങൾ കൃഷിചെയ്യാൻ ഭൂമിയില്ലാതെ കൂലിവേലകൊണ്ടു അർദ്ധപട്ടിണിക്കാരായി കഴിയുന്നു. ഈ തരത്തിലുള്ളവർക്കു ലഘുവായ വ്യവസ്ഥകളിൽ പുതുവൽ ഭൂമികൾ പതിച്ചുകൊടുത്തും മിതമായ ധനസഹായങ്ങൾചെയ്തും കൃഷിയെ അഭിവൃദ്ധിപ്പെടുത്തുവാൻ ശ്രദ്ധിച്ചിരുന്നെങ്കിൽ അതു തൊഴിലില്ലായ്മയേയും ദാരിദ്ര്യത്തേയും അല്പമെങ്കിലും നിവാരണം ചെയ്യുമായിരുന്നു. ഗവണ്മെൻറിൻെറ കൈവശമുള്ള വിളഭൂമികളിൽ കൃഷിഡിപ്പാർട്ടുമെൻറുതന്നെ കൃഷിനടത്തിച്ചിരുന്നെങ്കിൽ ഉല്പന്നങ്ങൾക്കു സമൃദ്ധിയും തൊഴിലില്ലായ്മയ്ക്കും ദാരിദ്ര്യത്തിനും കുറെ ശമനവും ഉണ്ടാകുമായിരുന്നു. ഈ രാജ്യത്തെ നിരവധി നിർദ്ധനരെ പുലർത്തുവാൻ പര്യാപ്തമായ ഭൂമികൾ വിദേശികളായതോട്ടക്കാരുടേയും മററും കൈവശം ചെന്നുചേരുന്നു ശേഷിക്കുന്ന സ്ഥലങ്ങൾ ഗവണ്മെൻറു പണക്കാർക്കു ലേലം ചെയ്യുന്നു. നിർദ്ധനർക്കു അവിടം സ്മരിക്കുവാൻകൂടി സാധിക്കുന്നില്ല. രാജ്യത്തുള്ള പുതുവൽ സ്ഥലങ്ങളെ ഗവണ്മെൻറു ഭദ്രമായി സൂക്ഷിച്ചുകൊള്ളുകയും ദാരിദ്ര്യത്തിനും തൊഴിലില്ലായ്മയ്ക്കും പരിഹാരമുണ്ടാകത്തക്കവിധത്തിലും വ്യവസ്ഥയിലും മാത്രം പതിച്ചുകൊടുക്കയും ചെയ്യേണ്ടതാകുന്നു. പ്രസ്തുതഭൂമികളെ അന്യഥാവിനിയോഗിക്കുന്നതു രാജ്യത്തോടും സാധുക്കളോടും ചെയ്യുന്ന കടുംകൈയായിരിക്കയേയുള്ളു.

* * *

ഡൽഹിയിലെ അറബിക്കുകോളേജിൽവച്ചു് മി. മഹമ്മദാലി ജിന്നാചെയ്ത വികാരോജ്വലമായ പ്രസംഗംആശാജനകമാണ്. ജെ. പി സി. റിപ്പോർട്ടിനെപ്പററിയുള്ളഅദ്ദേഹത്തിൻെറ വിജയം ഒരു ദേശീയവിജയമാണെന്നു അദ്ദേഹം പ്രസ്താവിക്കുന്നു ആ വിജയം കടലാസിലെ വിജയംമാത്രമാണെന്നും പാർലമെൻറു അതിനെ ആദരിക്കുന്നതല്ലെന്നു മിക്കവാറും തീർച്ചയാണെന്നും അദ്ദേഹം അനുസ്മരിപ്പിക്കുന്നു. 'പ്രമേയം വെറും അഭിപ്രായപ്രകടനംമാത്രമാണ്. ആ അഭിപ്രായത്തിൽ രാജ്യം ഉറച്ചുനില്ക്കുന്നുണ്ടോ' എന്നു അദ്ദേഹം ചോദിക്കുന്നു. ഹിന്ദുക്കളും മുസ്ലിങ്ങളും യോജിച്ചുള്ള ഒരുതീരുമാനത്തിൻെറ അഭാവത്തിൽ സ്വാതന്ത്ര്യലബ്ധി അസാദ്ധ്യമാണെന്നും ആകയാൽ യോജിച്ചുള്ള ഒരു തീരുമാനത്തിനു അദ്ദേഹം ശ്രമിക്കുന്നതാണെന്നും ആ ശ്രമംസഫലമായാൽ സ്വാതന്ത്ര്യസമരത്തിൽ പകുതി ജയമായിഎന്നും അദ്ദേഹം പ്രസ്താവിക്കുന്നു. "ഹിന്ദുവും ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനുംവേണ്ടി നാം ലോകത്തോടുതന്നെ യോജിച്ചുനിന്നു മല്ലിടും" എന്നാണു് അദ്ദേഹം അവസാനമായി പറഞ്ഞതു്.

* * *

പശുവിൻപാൽ, എരുമപ്പാൽ എന്നിവയുടെ താരതമ്യേനയുള്ള ഗുണത്തെപ്പററി ഹരിജൻപത്രത്തിൽ മഹാത്മജി എഴുതിയിരിക്കുന്ന ഒരു ലേഖനം അത്യന്തം ശ്രദ്ധേയമാണു്. ഇവരണ്ടിൽ ഏതാണു് നല്ലതെന്നതിനെപ്പററി കഴിഞ്ഞ മൂന്നുകൊല്ലമായി അന്വേഷണങ്ങൾ നടന്നുവരികയാണു്. ഇവയിൽ പശുവിൻപാലിൻെറ മാഹാത്മ്യം ശാസ്ത്രീയമായി തെളിയിക്കാൻ സാധിക്കുന്നു. എരുമപ്പാലിൽ കൊഴുപ്പു ധാരാളമുണ്ട്. അതു് ദഹനക്കേടിനെ ഉണ്ടാക്കുന്നു. ദഹനമില്ലാതെ വയററിൽ തങ്ങിപ്പോകുന്ന കൊഴുപ്പു് എല്ലിനു ദൃഢത വരുത്തുന്ന ലവണസാധനങ്ങളെ വലിച്ചെടുത്തു ശരീരത്തിനു ദോഷം ചെയ്യുന്നു. കുട്ടികൾക്കു എരുമപ്പാൽ കൊടുക്കുന്നപക്ഷം കണ, ഗ്രഹണിമുതലായ രോഗങ്ങളെ അതു് ഉല്പാദിപ്പിക്കുമത്രേ. എരുമപ്പാൽ ധാരാളം കൃമികളെ ജനിപ്പിക്കുന്നതായും തെളിയിക്കപ്പെട്ടിരിക്കുന്നു. പാശ്ചാത്യരാജ്യങ്ങളിൽ എരുമകൾ ഇല്ലാത്തതിനാൽ അവിടെ ഇത്തരം പരീക്ഷണങ്ങൾ നടക്കുന്നില്ല. ഷോലാപ്പൂരിലെ ഗോപാലകസംഘം ഡാക്ടരന്മാർക്കും മററു ഗവേഷണവിദഗ്ദ്ധന്മാർക്കുംഈവിഷയത്തെപ്പററി അയച്ച കുറെ ചോദ്യങ്ങൾക്കു കിട്ടിയ മറുപടികളിൽ മുൻപ്രസ്താവിച്ച ദോഷങ്ങൾ വിവരിച്ചുകാണുന്നു. ബുദ്ധിയുടെ വളർച്ചയ്ക്കുപശുവിൻപാൽ വളരെ നല്ലതാണെന്നും എരുമകളെ വളർത്തുന്നതു് ശുചിത്വത്തിനു് ഹാനികരമാണെന്നും എല്ലാവരും സമ്മതിക്കുന്നു.

ബോർണ്ണിയോദ്വീപിന്റെ ഒരുഭാഗവും വൈനർബ്രൂക്ക് എന്ന ഇംഗ്ലീഷുരാജാവിനാൽ സ്വതന്ത്രമായി ഭരിക്കപ്പെടുന്ന രാജ്യവുമായ "സറവാക്കി"ലെ ഗവമ്മെന്റുവകയായുള്ള കുഷ്ഠരോഗാശുപത്രിയുടെ ഒരു ഭാഗം:—500 രോഗികൾ ഉള്ളതിൽ മിക്കവാറും സുഖംപ്രാപിച്ച ചീനത്തുസ്വദേശികളെയാണു ചിത്രത്തിൽ കാണുന്നതു്. അവിടത്തെ ജനറൽആശുപത്രിയിൽ അസി: സർജ്ജനായിരുന്നു റിട്ടയാർചെയ്ത, ഡാക്ടർ എം. എൻ. ആർ. കുറുപ്പാണു് ഈ ആശുപത്രിയുടേയും ചാർജ്ജുവഹിച്ചിരുന്നതു്. ഇദ്ദേഹം തിരുവിതാംകൂറിൽ കോട്ടയത്തിനടുത്തുള്ള ഒളശ്ശസ്വദേശിയാണു്.

സ്കൗട്ട്സിന്റെ "അററ് ഹോം"

കൊച്ചി സ്റ്റേററു സ്കൌട്ട്സ് കൊച്ചി ദിവാൻ മി. സി. ജി. ഹെർബർട്ടിനും സ്റ്റേററു സ്കൌട്ട് കമ്മിഷണർക്കും എറണാകുളത്തുവച്ചു ഫെബ്രുവരി ൯-ാംതിയതി നല്കിയ "അററ ഹോം"സംബന്ധിച്ചു എടുത്ത ഫോട്ടോ.

Royal Studio, Ernakulam.

സറവാക്കരാജ്യത്തിലുള്ള കുഷ്ഠരോഗാശുപത്രിയിൽനിന്നും മിക്കവാറും സുഖംപ്രാപിച്ച രോഗികൾചേൎന്ന്, ഒരു വിനോദവേട്ടയ്ക്കൊരുങ്ങിനില്ക്കുന്ന ചിത്രം:—ആ രാജ്യവാസികൾ പൂൎവ്വകാലംമുതൽ ഉപയോഗിച്ചുവന്നിരുന്ന വാൾ, പരിച മുതലായ ആയുധങ്ങൾതന്നെ ഇന്നും ഉപയോഗിക്കുന്നു. ചില ആളുകൾ ഇപ്പോൾ തോക്കുകളും ഉപയോഗിക്കാതിരിക്കുന്നില്ല. ചിത്രത്തിന്റെ മദ്ധ്യഭാഗത്തു കാണുന്നതു് ആ നാട്ടിലെ രീതിയിലുള്ള ഒരു പരിചയാണു്.

സറവാക്ക്‌രാജ്യത്തിലെ "ഡയക്ക്സ്" എന്ന ജാതിക്കാർ: അവരുടെ വിശേഷദിവസങ്ങളിലെ വസ്ത്രാലങ്കാരവിധങ്ങളാണു് ചിത്രത്തിൽ കാണുന്നതു്. അവരുടെ നാഷണൽ ഡ്രസ്സും ഈവിധംതന്നെ.

* സ്നേഹ സമ്മേളനം.

(എം. അബ്ദുൽഖാദർ വക്കം)

ധവളസുന്ദരനിലയനമൊന്നി-
ലവികലാനന്ദഭരിതരായ്ഞങ്ങൾ,
സരസലീലയിൽപ്പുളകമേറെറ്റ
സരളഹേമന്തരജനികൾകണ്ടു!

ഉടലൊന്നല്ലെന്നാലുയിരൊന്നായ്ഞങ്ങ-
ളിരുപേരുമാരുമറിയാതെവാണു.
സുഖദമോഹനകുസുമവാടിയിൽ
കുതുകികൾഞങ്ങളണയുന്നനേരം,

പറവകൾഞങ്ങൾക്കരുളുംസ്വാഗതം
ചിറകടിയാലുംകളഗീതത്താലും.
ചെറുതാരകങ്ങൾതെളിവാനിൽനിന്നു
ചൊരിയുംഞങ്ങളിൽ കനകരശ്മികൾ

ഇരുളിൻപാട്ടകൾപതിയാത്തപനി-
മതിയെത്താങ്ങൾ തിരയുംവേളയിൽ,
അനഘചേതസ്സിൻമധുരരൂപത്തെ
കനിവാൻഞങ്ങൾവെളിയിൽകാണിക്കും

ഒരുനാളുംഞങ്ങളിരുപേരാവില്ല, .
പരമാത്മാരണ്ടായ പെരുകകയില്ല
നിരുപമാനന്ദത്തിരയടികളാൽ
നിയതവുംഞങ്ങൾപരവശരാകും

കരൾനിറഞ്ഞുനാംചിരിചൊരിയുമ്പോ-
ളിരുളുകൾനീങ്ങിത്തെളിയുംപാരിടം
അതുലകാന്തിതൻപരമനിർമ്മല-
പ്പൊരുളാവുംഞങ്ങളൊരുമിച്ചുചേർന്നാൽ.

* ജലാലുദ്ദീൻറൂമിയുടെ 'മസ്നവി'യിൽനിന്നു്.

അദൃശ്യബാഷ്പം.

ഇടപ്പള്ളി ആർ. രാഘവൻപിള്ള.

കാന്താരമദ്ധ്യം,പ്രലറിധത്തിൽ
കാന്താഭം,ലോകത്തിന്നന്ധകാരം!
എന്മനം,പ്രേമസംപൂർണ്ണം,ഞാനോ-
രുന്മാദിലോകത്തി,നെന്തുചെയ്യും?
കാമുകൻ,കാമുകൻ,രാഗമൂകൻ,
കാണുന്നവർക്കൊക്കെപാവട്ടകൻ!
താരുണ്യം,താരുണ്യ,മയ്യോകഷ്ടം!
കാരുണ്യംകാണുകിൽകല്ലെറിയും!!

* * * *

ബാല്യത്തിൽമഞ്ഞുകണികയെ,ഞാൻ
കാലത്തിൻകയ്യിൽപണയമാക്കി
എന്തിനിക്കെതവഹേതുവാകും
ബന്ധുരരത്നംകരസ്ഥമാക്കി?
മൊട്ടിട്ടവല്ലരിയെന്തിന്നേവം
പൊട്ടിച്ചിരിച്ചുപുലരിതന്നിൽ?
കാണുന്നവർക്ക്ഹസിക്കാൻമാത്രം
കാണാത്തകണ്ണീർചൊരിയാൻമാത്രം!!

പൊയ്പ്പോയ ലോകം.
സർ. ആർതർ കോണൻഡോയിലിൻെറ
THE LOST WORLD
എന്ന നോവലിൻെറ അധികൃതമായ
പരിഭാഷ പുസ്തകരൂപത്തിൽ
തയാറായിരിക്കുന്നു.
വില രൂപാ ൧ അണ ൮.
ശ്രീരാമവിലാസം ബുക്കഡിപ്പോ, കൊല്ലം.

കണ്ണൽ ഫീൽഡ് ഉദ്യോഗമൊഴിഞ്ഞുപോകുന്നതു സംബന്ധിച്ച റസിഡൻസി സ്റ്റാഫിൻെറ വകയായി നടത്തിയ ചായസൽക്കാരാവസരത്തിൽ എടുത്ത്ഫോട്ടോ. നടുവിൽ പൂച്ചെണ്ടു കയ്യിൽ വച്ചുകൊണ്ടിരിക്കുന്നതാണ് കണ്ണൽ ഫീൽഡ്.

വിഷയവിവരം

		പേജ്
1.	ചിത്രകല വി. ഗോപാലപിള്ള ബി. എ. എൽ. ററി.	4
2.	സ്ഫടികകങ്കണം (കവിത) പന്തളം കെ. പി. രാമൻപിള്ള ബി. എ.	6
3.	പ്രഭാഷണം കെ. പി. കേശവൻ—കാപ്പിൽ.	7
4.	ഒരു ജന്മാധാരം പുതുക്കുളങ്ങര രാമചന്ദ്രമേനോൻ	9
5.	യൌവനം (കവിത) ചങ്ങമ്പുഴ കൃഷ്ണപിള്ള.	10
6.	വാർത്താസംഗ്രഹം	11
7.	വിമർശനം	13
8.	അദൃശ്യബാഷ്പം (കവിത) ഇടപ്പള്ളി രാഘവൻപിള്ള	16
9.	സ്നേഹസമ്മേളനം (കവിത) എം. അബ്ദുൽക്കാദർ—വക്കം	16
10.	എഴുത്തുകൾ എൻ. എൻ. അമനകര	17
11.	കൌതുകരംഗം	19
12.	മാറാട്ടം (ചെറുകഥ) ആററുകാൽ കെ. ആർ. ശങ്കരൻനായർ	21
13.	സ്ത്രീകളും ചാരവൃത്തിയും വൈക്കം എസ്. രാമൻപിള്ള ബി. എ. ബി. എൽ.	23
14.	സിനിമയിലെ രക്തസാക്ഷി എം. എൻ. ജി. നായർ.	24
15.	ബുദ്ധമതതത്വങ്ങൾ കെ. പി. ഗോപാലമേനോൻ.	26

"മലയാളം" വാർഷികപ്രതി
ഇതാ തയ്യാറായിരിക്കുന്നു.

കേരളത്തിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള വാർഷികപതിപ്പുകളിൽവച്ചു മനോഹരം.

കേൾവികേട്ട സാഹിത്യപ്രമുഖന്മാരുടെ 40-ൽപരം സരസലേഖനങ്ങൾ — 60-ൽപരം ആകർഷകങ്ങളായ ഫോട്ടോകൾ-ഗ്ലസ്സ്പേപ്പറിൽ 100-ൽപരം പേജുകളിൽ നല്ല അച്ചടിയോടുകൂടി തയ്യാറാക്കിയിട്ടുള്ള "മലയാളം" വാർഷികപ്രതി ഇന്നുതന്നെ വരുത്തി വായിക്കുവിൻ! ചിത്രവാരികയുടെ സൈസിൽ 100-ൽപരം പേജുകൾ.

ഒററപ്രതിക്കു വില രൂപാ 1 മാത്രം. അഞ്ചലിൽ 1 രു. 2 ണ. തപാലിൽ 1 രു 6 ണ. ഇന്ത്യയ്ക്കുപുറമേ 1 രു 8 ണ. മുൻകൂർ. 10-നു ഒന്നു കമിഷൻ. മലയാളരാജ്യം ആഫീസ്സിലും കിട്ടുന്നതാണ്.

ററി കെ. മുഹമ്മദുകുഞ്ഞുലബ്ബ,
മാനേജിംഗ് എഡിററർ,
"മലയാളം" കായംകുളം.

എഴുത്തുകാർ.

എൻ. എൻ. അമനകര

എഴുതുന്നതെന്തുതന്നെ ആയിരുന്നാലും അതാണ് എഴുത്ത്. അതു് ഏതുഭാഷയിലായാലും തരക്കേടില്ല. പക്ഷേ വായനക്കാരെ വല്ലവിധത്തിലും വശീകരിക്കത്തക്കതായിരിക്കണമെന്നേയുള്ളു. എന്നാൽ രസിപ്പിക്കണമെന്നുള്ള വിചാരം എഴുതുന്ന ആളിനു ഉണ്ടാകുമ്പോഴാണ് എഴുതാനുള്ള വൈഷമ്യം വെളിപ്പെടുന്നതു്. എന്തുകൊണ്ടെന്നാൽ, ഒരുത്തനു ഇഷ്ടമായ രീതി മറ്റൊരുത്തനു അനിഷ്ടമായി എന്നു വരാം. ചിലക്കു നവരസങ്ങളും സമ്മിശ്രമായ ആഖ്യാനരീതിയാണു പിടിത്തമെങ്കിൽ മറ്റു ചിലക്കു തനിശൃംഗാരംമതി എന്നു വരാം. ശൃംഗാരത്തിൽതന്നെ സംഭോഗശൃംഗാരമാണെങ്കിൽ മെച്ചമെന്നു പറയുന്നവരും ധാരാളം കണ്ടേക്കും. ഇത്തരക്കാരെ എല്ലാം വല്ലതും എഴുതി വശത്താക്കാമെന്നുള്ള വിചാരം വെറും വ്യാമോഹംതന്നെ. എന്നാൽ നവരസങ്ങളിൽ ഒന്നിലും ഉൾപ്പെടാത്തതായ ഒരു രസം എല്ലാ വായനക്കാർക്കും അനുഭവിക്കുവാനുള്ളതിന്റെ ഒരു നന്ദിയായിട്ടാണു ഇത്രയും പ്രസ്താവിച്ചതു. ആ രസം നീരസമായിരിക്കുമെന്നുള്ളതും മുൻകൂട്ടി സൂചിപ്പിക്കുന്നതു തെല്ലു് ആശ്വാസത്തിനു ഹേതുവായിരിക്കുമല്ലോ.

"എഴുത്തു്" എന്ന ശബ്ദശ്രവണത്തിൽ തന്നെ നാം മനസ്സിലാക്കുന്നതു് ഒരു സന്ദേശം എന്നോ ഒരു വൎത്തമാനനിവേദനം എന്നോ ആയിരിക്കും. ഒരെഴുത്തുവന്നിട്ടുണ്ടു് എന്നു പറഞ്ഞാൽ, ദൂരവാസികളായ നമ്മുടെ ബന്ധുമിത്രാദികളിൽ ആരുടെയെങ്കിലും ഒരു സന്ദേശമായിട്ടാണു സാധാരണ ഗണിക്കുന്നതു്. എന്തെഴുതിയാലും എഴുത്താകുന്ന സ്ഥിതിക്കു നമ്മുടെ ഈ അനുമാനം അടിസ്ഥാനരഹിതമായിട്ടുള്ളതാണു്. അന്യോന്യബന്ധമില്ലാത്തതും നിരൎത്ഥകങ്ങളുമായ കുറെ വാക്കുകളോ വാക്യശകലങ്ങളോ കുറിച്ചാലും എഴുത്തു എന്നു സങ്കല്പിക്കുന്നതിൽ സങ്കോചം ആവശ്യമില്ലാത്തതുതന്നെ. സന്ദേശരൂപത്തിലോ മറ്റോ ഉള്ളതാണെങ്കിൽ അതിനു ശരിയായിട്ടുള്ള പേരു കത്തു എന്നായിരിക്കേണ്ടതാണു്.

എഴുത്തിന്റെ ഉല്പത്തിയേപ്പറ്റിയുള്ള ഒരു വിലോകനം എല്ലാ വായനക്കാരിലും വിശിഷ്യ, വിദ്യാൎത്ഥികളിലും വിഷയീഭവിക്കേണ്ടതാണു്. നമ്മുടെ വികാരങ്ങളെ അന്യരെ ധരിപ്പിക്കുന്നതിനുള്ള പ്രധാന മാൎഗ്ഗമായി നാം അവലംബിച്ചിരിക്കുന്നതു വാമൊഴിയാണല്ലോ. അഭിമുഖസന്ദൎശനം കരഗതമാകുന്നെങ്കിലെ ഈ മാൎഗ്ഗം ഫലവത്താകയുള്ളു. സംഭാഷണത്തിനുള്ള ശക്തി, അല്ലെങ്കിൽ ഭാഷ സംജാതമാകുന്നതിനുമുമ്പുള്ള മനുഷ്യർ അവരുടെ ആശയങ്ങൾ ആംഗ്യങ്ങളെക്കൊണ്ടു വ്യക്തപ്പെടുത്തിയിരിക്കണം. അന്നു് രാജഭാഷപോലും ഈ ആംഗ്യഭാഷയായിരുന്നതായി അനുമാനിക്കാം. ആദിയിലെ അപരിഷ്കൃതാവസ്ഥയിൽ മറ്റു ഉപായവഴികൾ അറിയപ്പെട്ടിരുന്നില്ല. അതിനുള്ള തെളിവു ഇന്നത്തെ കഥകളിയിൽ കാണുന്നുണ്ടു്. കഥകളിയിൽ പ്രതിപാദിച്ചിരിക്കുന്നതെല്ലാം പൌരാണിക കഥകളാണു്. അതിലെ കഥാപാത്രങ്ങളും അന്നു ജീവിച്ചിരുന്നവരായതുകൊണ്ടു അവരുടെ സംഭാഷണങ്ങളും നടപടികളും അന്നത്തെ രീതിക്കനുസരിച്ചുതന്നെ പ്രദർശിപ്പിക്കപ്പെടുന്നു. ഈ മൂകഭാഷ അല്ലെങ്കിൽ മുദ്രകൈകൾനടപ്പായി കുറേക്കാലം കഴിഞ്ഞതിനുശേഷം ചില ശബ്ദങ്ങൾ പുറപ്പെടുവിക്കാനുള്ള ശക്തി മനുഷ്യനു് ഉണ്ടായി. ക്രമേണ ഈ ശബ്ദങ്ങൾക്കു സ്ഥിരതയും സ്ഫുടതയും ഉണ്ടാവുകയും അവൻ സംസാരിക്കാൻ പഠിക്കയുംചെയ്തു.

പരസ്പരംകാണാതെ അകലെയുള്ളവരുമായി ആശയനിവേദനത്തിനുള്ള വഴിയാണു പിന്നീടു അവൻ ആരാഞ്ഞതു്. അവന്റെ അശ്രാന്തപരിശ്രമഫലമായി കണ്ടുപിടിച്ചിട്ടുള്ള മാൎഗ്ഗമാണു് അക്ഷരം, അതായതു് വാമൊഴിയിൽനിന്നുംവരമൊഴിയിലേക്കുള്ള ഒരു വ്യതിചലനം. ഓരോ ശബ്ദത്തിനും ഓരോ ലിപികൾ കണ്ടുപിടിച്ചു. ഈ ലിപിസമുച്ചയങ്ങളുടെ സഹായംകൊണ്ടു ആശയം വ്യക്തമാക്കാൻ അവനു കഴിഞ്ഞു. ഇപ്രകാരം ശ്രോത്രേന്ദ്രിയത്തിന്റെ ജോലിക്കു കുറെ കുറവു വരികയും ആ കുറവിനെ പരിഹരിക്കാൻ നയനേന്ദ്രിയം തയ്യാറാവുകയുംചെയ്തു. അതുകൊണ്ടു ദൃഷ്ടിഗോചരമായ നമ്മുടെ അന്തൎഗ്ഗതങ്ങൾതന്നെയാണു എഴുത്തു് എന്നു വ്യക്തമായല്ലോ. എന്നാൽ ഇതുകൊണ്ടും മനുഷ്യന്റെ ബുദ്ധിമുട്ടുകൾക്കു ശമനംസിദ്ധിച്ചതായി ശങ്കിക്കരുതു്. തമ്മിൽതമ്മിൽ അറിയപ്പെടാതെ വിവിധരാജ്യങ്ങളിൽ അധിവസിച്ചിരുന്ന ഓരോവിഭാഗത്തിനും ഭാഷയിലും വേഷത്തിലുംവലിയഅന്തരംഉണ്ടായി. ഈവ്യത്യാസംകൊണ്ടുപലമാതിരിയിലാണു് എഴുത്തുവിദ്യ അവർ അഭ്യസിച്ചതു. ഇപ്രകാരം ഭാഷ പല രൂപഭേദങ്ങളോടുകൂടി മാനവസമുദായത്തിൽ മന്ദംമന്ദം മരുങ്ങിവന്നു. അതുകൊണ്ടു അവയിൽസൂചിപ്പിക്കുന്ന ലിപികളും വിഭിന്നരൂപത്തിൽ പ്രത്യക്ഷപ്പെട്ടു.

ഓരോ ഭാഷക്കും സ്വന്തമായ അക്ഷരങ്ങൾ ഉണ്ടാവുകയും ഭാഷകൾ അഭിവൃദ്ധിപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. അക്ഷരങ്ങൾ ചേൎന്നു വാക്കുകളും വാക്കുകൾ ചേൎന്നുള്ള വാചകങ്ങളും മനുഷ്യന്റെ വികാരങ്ങളെ സ്പഷ്ടമായും പൂൎണ്ണമായും പ്രകടിപ്പിക്കുന്നതിനു പൎയ്യാപ്തങ്ങളായി. മലയാളം, തമിഴ് എന്നീ ഭാഷകളിൽ വളരെക്കാലം മുമ്പു പ്രചാരത്തിലിരുന്നതാണു "വട്ടെഴുത്തു" ഈ രീതി ക്രിസ്ത്വാബ്ദത്തിനു മുമ്പും ഉപയോഗത്തിലിരുന്നു. ഈ രീതി മലയാളഭാഷയിൽനിന്നു അന്തൎദ്ധാനംചെയ്തതിനുശേഷം ഇന്നു കാണുന്ന രീതിയാണു സൎവ്വത്ര സ്വീകരിച്ചിട്ടുള്ളതു്. ക്രമേണ മനുഷ്യന്റെ ആലോചനാശക്തി ഒരുപടികൂടി ഉയരുകയും കുറേക്കൂടി സുഗമമായ മാൎഗ്ഗം അന്വേഷിച്ചുതുടങ്ങുകയും ചെയ്തു. ലിപികൾചേൎന്നുള്ള വാക്കുകൾക്കു പകരം വാക്കുകളെത്തന്നെസൂചിപ്പിക്കത്തക്ക മാൎഗ്ഗമാണു അവൻ ആവശ്യപ്പെട്ടതു്. ചാഞ്ഞും ചെരിഞ്ഞുംഉള്ള ചില വെറും വരകളും വിരാമങ്ങളും ഉദ്ദേശ

അഫ്ഘാൻരാജാവും വിദേശസ്ഥാനപതികളും.

കഴിഞ്ഞ ഇടദ്ദിനത്തിൽ അഫ്ഘാനിസ്ഥാൻരാജാവു വിദേശരാജ്യങ്ങളുടെ സ്ഥാനപതികളെ സ്വീകരിച്ച അവസരത്തിൽ എടുത്ത ഫോട്ടോ. നടുവിൽ രാജാവും സമീപത്തിൽ പ്രധാനമന്ത്രി തുടങ്ങിയ ഉയൎന്ന ഉദ്യോഗസ്ഥന്മാരും നിൽക്കുന്നു.

നിർവ്വഹണത്തിന്ന നിദാനമായി. ഇതാണു ഇപ്പോഴത്തെ "ചുരുക്കെഴുത്തു്" ഇതുകൊണ്ടു നമുക്കു വളരെ സമയലാഭം ഉണ്ടു്. എന്നാൽ ഇതു എല്ലാ ഭാഷയിലും കണ്ടുപിടിക്കപ്പെട്ടിട്ടില്ലല്ലോ എന്നു സഹതപിക്കേണ്ടിയിരിക്കുന്നു

എഴുത്തിനെക്കുറിച്ചു ഇത്രയും പറഞ്ഞ സ്ഥിതിക്കു, എഴുത്തിൽ അവസാനിക്കുന്നതും മലയാളഭാഷയിൽ സർവ്വത്രപ്രചാരത്തിലുള്ളവയുമായ ചില പദങ്ങളെ പരാമർശിക്കാതിരുന്നാൽ പലരും പരിഭവിച്ചേക്കുമോ എന്നൊരുപേടി. വെള്ളെഴുത്തു്, കണ്ടെഴുത്തു് കേട്ടെഴുത്തു്, കയ്യെഴുത്തു് തലയിലെഴുത്തു് ഇത്രയും ആണു് പ്രധാനമായി ഓർമ്മയിൽ വരുന്നതു്. ഇവയിൽ ഓരോന്നിലും അന്തർലീനമായി വളരെ ആശയങ്ങൾ ഉണ്ടെങ്കിലും ഒരു ബാഹ്യനിരീക്ഷണത്തിന്ന മാത്രമേ തൽക്കാലം ഒരുമ്പെടുന്നുള്ളു.

വെള്ളെഴുത്തിന്റെ വിളയാട്ടം വലുതായി വെളിപ്പെടുന്നതു് വാർദ്ധക്യവേളയിലാണു്. കണ്ണിന്ന പ്രകൃത്യാ ഉള്ള കാഴ്ചക്കുറവുകാണുകയാണു് ഇതിന്റെ പ്രധാനലക്ഷണം ഈ പ്രകൃതിദത്തമായ സുഖക്കേടു ബാധിക്കാത്തവരുണ്ടെങ്കിൽ അവർ നിശ്ചയമായും വൃദ്ധന്മാരായിരിക്കയില്ല ഇതു് മനുഷ്യന്റെ മായാനിബദ്ധമായ ജീവിതത്തിന്ന മാലിന്യം സംഭവിക്കുമെന്നു അവനു മുന്നറിവുനൾകുന്ന ഒരു "ബിററുനോട്ടീസ്"തന്നെ. ഈ വെള്ളെഴുത്തിന്റെ ശമനത്തിനായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ള കണ്ണടകൾ ധാരാളം എല്ലാസ്ഥലത്തും കിട്ടുന്നതുകൊണ്ടു അധികം ക്ലേശത്തിന്ന കാര്യമില്ലാത്തതാണു്. അടുത്തതു കണ്ടെഴുത്തും കേട്ടെഴുത്തും ആണു് ഇവയിൽ കേട്ടെഴുത്തു എല്ലാ പള്ളിക്കൂടങ്ങളിലും ഉള്ള ഒരു വിഷയമായതുകൊണ്ടു അതിനെപ്പററി ഒന്നും പറയേണ്ടുന്നാവശ്യമേഇല്ല. കണ്ടെഴുത്തിന്റെ ആവശ്യവും ഉപയോഗവും ഒട്ടും അപ്രധാനമല്ലാത്തതുകൊണ്ടു സാധാരണക്കാൎക്കുപോലും അതിന്റെ ഒരേകദേശപരിജ്ഞാനം ഇന്നുണ്ടായിട്ടുണ്ടു്. മൂലത്തിനു പുറമേ കണ്ടു അല്ലെങ്കിൽ നോക്കി എഴുതുക എന്നുള്ള അൎത്ഥവും അതിനുണ്ടു്. കണ്ടെഴുത്തുകാർ നല്ല ചൊടിയും കൃത്യബോധവുമുള്ള യുവാക്കളായിരിക്കണം. വെള്ളെഴുത്തുള്ളവർ കണ്ടെഴുത്തിന്ന ചാടിപ്പുറപ്പെട്ടാൽ ഫലം കേട്ടെഴുത്തുപോലെ കലാശിക്കാനാണെളുപ്പം. കയ്യെഴുത്തു്- എഴുതുവാൻ പഠിച്ചിട്ടുള്ളവൎക്കു് എല്ലാംഉണ്ടു്. ഇതിന്ന കയ്യക്ഷരം എന്നും കയ്പട എന്നും പറയാറുണ്ടു്. നല്ല വടിവിലും ഭംഗിയിലും എഴുതുന്നവന്റെ കയ്യെഴുത്തു് രസികൻതന്നെയെന്നു് ഏ

ആർ ബി. സേത്ത് ഉദ്ധവദാസ് താരാചന്ദ്.

സിൻഡിലെ ഒരു ധനികനായ ഇദ്ദേഹം ആധുനിക രീതിയിലുള്ള ഒരു ആശുപത്രി പണിയിക്കുന്നതിനായി ഒരുലക്ഷംരൂപാ ഷിഖാർപുർമുനിസിപ്പാലിററിയെ ഏല്പിച്ചിരിക്കുന്നു. പ്രസ്തുത മന്ദിരത്തിനു മൂന്നരലക്ഷംരൂപാ ചിലവുവേണ്ടിവന്നു. ഇതിന്റെ ഉൽഘാടനകർമ്മം ഫെബ്രുവരി ൨-ാംനു- ബോംബെഗവൎണ്ണർ നിർവ്വഹിച്ചിരിക്കുന്നു. ആശുപത്രിയുടെ പേർ ആർ. ബി. ഉദ്ധവദാസ് താരാചന്ദ് ആശുപത്രി എന്നാണു്.

വനും മുക്തകണ്ഠംമുറവിളിക്കൂട്ടും ചില വെണ്ടർമാരുടേയും മിക്ക സബ്‌രജിസ്ട്രാർമാരുടേയും കയ്യെഴുത്തുകൾ നല്ലതിനും ചീത്തക്കും യഥാക്രമം ഉദാഹരണങ്ങളാകയാൽ ഈ അവസരത്തിൽ സ്മരണീയമാണു്.

"തലയിലെഴുത്തു്" തടവിയാൽപോകയില്ലെന്നുള്ള തത്വത്തിനു കഴിക്കുന്ന തടിയന്മാൎക്കും തെണ്ടിതിരിയുന്ന താടിക്കാൎക്കും ഒരുപോലെ അറിയാവുന്നതാണു്. ഇതു് നല്ലതും ചീത്തയും ആകാം വിധിയെന്നും യോഗമെന്നും വിളിക്കുന്നതും മററൊന്നുമല്ല. നമ്മുടെ എല്ലാ പ്രവൃത്തികളും ഒരജ്ഞാനശക്തിയുടെ നിയന്ത്രണത്തിലും നേതൃത്വത്തിലും ആണു നടക്കുന്നതു്. ജനനത്തിനുമുമ്പു തന്നെ ഗാഢമായി പര്യാലോചിച്ചതിന്ന ശേഷം വിധിയുടെ സ്വന്തം കയ്പടയിൽ ലിഖിതമായ ഈ പ്രോഗ്രാം അനുസരിച്ചായിരിക്കും സകലരുടേയും ജീവിതമാൎഗ്ഗം. നന്മചെയ്താലും തിന്മചെയ്താലും നിഴൽപോലെ നമ്മെ പിന്തുടരുന്ന തലയിലെഴുത്തിന്റെ വൈഭവം അവൎണ്ണനീയമാണു്. എങ്കിലും "ഉത്സാഹിനംപുരുഷസിംഹമുപൈതിലക്ഷ്മി" എന്നുള്ള ചൊല്ലിന്റെ പൊരുളറിഞ്ഞു പ്രവൎത്തിക്കുന്നതായാൽ പേരും പെരുമയും സിദ്ധിക്കുമെന്നു ലോകം ഇന്നുനമ്മെ പഠിപ്പിക്കുന്നുണ്ടു്.

സൂക്ഷിപ്പിൻ!
തട്ടിപ്പിൽ
അകപ്പെടരുതെ!
501
എന്നു തെററിധരിക്കാനിടയുള്ള പല സോപ്പുകളും കാണാനുണ്ടു്.



ദി ടാററാ ഓയിൽമിൽസ് കമ്പനി (Ltd.)
ടോംകോ സെയിൽസ് ഡിപ്പാർട്ടുമെൻറ്
19 എ. വാണിയർ സ്ട്രീററ്;
ജി ടി. മദ്രാസ്.



അസ്സൽ വേപ്പെണ്ണചേന്ന ഏകസോപ്പു ആണു് മാർഗോസോപ്പു്

കൌതുകാംശം.

ചില അപൂർവ്വഗ്രന്ഥങ്ങൾ.

ഇന്നു നാം എഴുതാനുപയോഗിക്കുന്നതെല്ലാം കടലാസ്സാണല്ലോ. നാലുനൂറാണ്ടുകൾക്കുമുമ്പു ഇംഗ്ലണ്ടിൽ ക്ലാക്ക്സ്റ്റൺ എന്നയാളാണു് കടലാസ്സ്, എഴുത്തിനും, അച്ചടിക്കും സാധാരണമാക്കിത്തീർത്തതു്. പക്ഷെ കടലാസ്സുനിർമ്മാണത്തിലും ആദിമസ്ഥാനം ചീനക്കാരു നൾകേണ്ടതു് 18 ശതവർഷക്കാലത്തിനുമുമ്പു ചീനർ കടലാസ്സിൽ എഴുതിയ ചില ഗ്രന്ഥങ്ങൾ അവിടെ കണ്ടെടുത്തിട്ടുണ്ടു്. ഇന്ത്യയിൽ ശിലാശാസനം, താമ്രശാസനം, ഓലയെഴുത്തു്, ഇവയാണു മുൻകാലങ്ങളിൽ ഉപയോഗിച്ചുവന്നവ. കാണ്ടിരാജാവു് ഒരു ഗവർണ്ണർക്കു രാജ്യകാര്യവിഷയകമായി തങ്കത്തകിടിൽ എഴുതിയ ഒരു പുസ്തകം അയച്ചിരുന്നു. റോമാരാജ്യത്തു മാർബിൾശിലയിൽ എഴുതിയ ഒരു ഗ്രന്ഥം ഇപ്പോഴുമുണ്ടുപോൽ. വളരെ നേർമ്മയേറിയതും മടക്കിവയ്ക്കത്തക്കവിധം കനം കുറഞ്ഞതുമായ ശിലകൾകൊണ്ടാണത്രെ ഈ ഗ്രന്ഥം നിർമ്മിച്ചിട്ടുള്ളതു്. അവിടെതന്നെ ഈയത്തകിടിൽ എഴുതിയിട്ടുള്ള മറെറാരുഗ്രന്ഥവുമുണ്ടുപോൽ. ഈ പുസ്തകത്തിനു നാലംഗുലം നീളവും മൂന്നംഗുലം വീതിയുമാണുള്ളതു്. ഗ്രീസിലെ രാജകീയനിയമങ്ങൾ പിത്തളത്തകിടിലും റോമിൽദന്തത്തകിടിലും ആണു എഴുതിയിരുന്നതെന്നു പറയപ്പെടുന്നു. പണ്ടത്തെ അയോണിയർ ആട്ടിൻതോലിലാണത്രെ അവരുടെ നിയമശാസനങ്ങൾ രേഖപ്പെടുത്തിവച്ചിരുന്നതു്. കാൺസ്റ്റാണ്ടിനോപ്പിളിലെ ഗ്രന്ഥശാലയിൽ സുപ്രസിദ്ധ കവിയായ ഹോമറുടെ ഇല്ലിയഡ്, ഒഡിസി, എന്നി കാവ്യങ്ങൾ ഒരു പെരുമ്പാമ്പിൻതോലിൽ എഴുതിവച്ചിട്ടുണ്ടുപോൽ.

* * *

ചിതൽ എത്ര മുട്ടയിടുന്നു

സാധാരണ നമ്മെ സദാ ഉപദ്രവിച്ചുകൊണ്ടിരിക്കുന്ന ചിതലെറുമ്പുകൾ പ്രതിമാസം എൺപതിനായിരം മുട്ടകൾ വീതം ആണത്രെ ഇടുന്നതു്

* * *

ഇംഗ്ലീഷുമാസങ്ങൾ.

ഇംഗ്ലീഷുവർഷത്തിലെ അവസാന നാലുമാസങ്ങൾക്കും തെററായപേരാണത്രെ ഇട്ടിട്ടുള്ളതു്. സെപ്റ്റംബർ, ആക്ടോബർ, നവംബർ, ഡിസംബർ, ഇവയ്ക്കു്, ഏഴാമതു്, എട്ടാമതു്, ഒൻപതാമതു്, പത്താമതു് എന്നിങ്ങനെയാണു് അർത്ഥവിവക്ഷ. പക്ഷെ ഇപ്പോൾ അതു് ഒമ്പതു്, പത്തു്, പതിനൊന്നു്, പന്ത്രണ്ടു് ഇങ്ങനെയായിപ്പോയെന്നുമാത്രം. മുമ്പു് മാർച്ചു് മാസം മുതലാണു് അവർ വർഷം കണക്കുകൂട്ടിവന്നതു്. ഇപ്പോൾ അതു ജനുവരി മുതലായി മാറിയതിനാലത്രെ ഈ തെററുപററിയതു്. ഈ നാലുമാസങ്ങളൊഴിച്ചു ബാക്കി മാസങ്ങൾക്കെല്ലാം ഓരോ അർത്ഥം ഉണ്ടു്. റോമാക്കാരുടെ ജാൺസ്, എന്ന ദേവതയുടെ സ്മാരകമായി ജനുവരിയും മായ്‌യാ, ദേവതയെ അനുസ്മരിച്ചു മേ മാസവും ജൂനോ എന്ന ദേവതയുടെ പേരിൽനിന്നു ജൂണും, മാഴ്സ്, എന്നസമരദേവതയെ അനുസ്മരിച്ചു മാർച്ചും Bebara എന്ന പുണ്യദിനസ്മാരകമായി ഫെബ്രുവരിയും വസന്താഗമനസൂചകം എന്ന അർത്ഥം സൂചിപ്പിക്കത്തക്കവിധം ഏപ്രലും റോമായിലെ രണ്ടു പ്രസിദ്ധ സമ്രാട്ടുകളെ ഓർമ്മിക്കത്തക്കവിധം (ജൂലിയസ് സീസർ അകസ്റ്റസ്‌സീസർ) ജൂലൈ, ആഗസ്റ്റുമാസങ്ങളും സങ്കല്പിച്ചിരിക്കുന്നു.

* * *

നിരാഹാരവിദഗ്ദ്ധൻ.

സാധാരണ ഒരു മനുഷ്യനു ആഹാരം കൂടാതെ പത്തോ പതിനഞ്ചോ ദിവസം ജീവിക്കാൻ സാധിക്കുമായിരിക്കാം. മഹാത്മജിയുടെയും മററും കാര്യം വ്യത്യസ്തമായിഗണിച്ചാൽമതി. എന്നാൽ ഒരു മൂട്ടയ്ക്കു മൂന്നുദിവസംവരെ ഏതുവിഷദ്രാവകത്തിലും മുങ്ങിക്കിടന്നു ജീവിക്കാൻ സാധിക്കും. രണ്ടുവർഷക്കാലംവരെ ആഹാരംകൂടാതെ കഴിപ്പാനുള്ള ശക്തി പാമ്പുകൾക്കുണ്ടു്. തവളകൾക്കു പതിനാറുമാസക്കാലംവരെ പട്ടിണികിടപ്പാൻ കഴിയും. എന്നാൽ ചേരക്കു് പത്തുവർഷംവരെ ആഹാരം കഴിക്കാതിരിക്കാൻ സാധിക്കുമത്രെ.

* * *

വിജ്ഞാനനേത്രങ്ങൾ.

നല്ലതും തീയതും തിരിച്ചറിയാൻ നാം നമ്മുടെ കണ്ണാണല്ലോ ഉപയോഗപ്പെടുത്തിവരുന്നതു്. എന്നാൽ പാശ്ചാത്യർ വ്യാപാരസാധനങ്ങളുടെ നന്മതിന്മകൾ തിരിച്ചറിയാൻ പലതരം കൃത്രിമനേത്രങ്ങൾ ഉപയോഗപ്പെടുത്തിവരുന്നുണ്ടു്. പുകയില ചുരുട്ടു മുതലായവയിലെ ദൂഷ്യം കണ്ടുപിടിക്കാൻ അവർ 'ഛായാഗ്രാഹിവൈദ്യുതനേത്രം' (Photo electric eye) എന്നൊന്നാണു പ്രയോഗിക്കുന്നതു്. ഫോട്ടോക്യാമറാപോലുള്ള ഈ യന്ത്രത്തിൽ ഒരു വൈദ്യുതബാററി വച്ചിട്ടുണ്ടു് ഈ കരുവിയുടെ സഹായത്താൽ പുകയിലയിൽ മുപ്പതിൽപരം ദൂഷ്യം കണ്ടുപിടിക്കയും ദൂഷ്യത്തിനനുസരിച്ചു വിലയിൽ ഏററക്കുറച്ചിൽ വരുത്തുകയും ചെയ്യുന്നു.

* * *

പല്ലിൻെറ എണ്ണം.

കുരങ്ങിനും മനുഷ്യനും ശരിവരെ മുപ്പത്തിരണ്ടു പല്ലുകൾ കാണുന്നതുപോലെ, മുലകുടിച്ചു വളരുന്ന മിക്ക ജന്തുക്കൾക്കും, മുപ്പത്തിരണ്ടു പല്ലുകൾ കാണാവുന്നതാണു്. എന്നാൽ, എലി, പെരുച്ചാഴി മുതലായവയ്ക്കു ഇരുപതു പല്ലുകളേ കാണു. മുയലിനു ഇരുപത്തെട്ടു പല്ലുകൾ കാണും. ചില മീൻവർഗ്ഗങ്ങൾക്കു ഇരുന്തും ഇഴജന്തുക്കളിൽ ചിലതിനു 1400-ൽപരവും പല്ലുകൾ കാണുന്നുണ്ടുപോൽ.

* * *

വ്യാധിതീക്കുന്ന പാറ.

പസഫിക്ക് മഹാസമുദ്രത്തിൽ 'ഹവായ്' ദ്വീപുകൾ എന്നൊരു ദ്വീപസമൂഹമുണ്ടു്. അമേരിക്കക്കാർ ഈ ദ്വീപങ്ങളെ സുഖവാസസ്ഥലങ്ങളായാണത്രെ കരുതിയിട്ടുള്ളതു്. 'ഹാൻലാൽ' എന്നാണു ഈ ദ്വീപിൻെറ യെല്ലാം തലസ്ഥാനത്തിനു പേർ. ഈ നഗരത്തിനടുത്തു 'വാൻഹോവാ' എന്ന ഗ്രാമത്തിൽ ഒരു ചെറിയ കുന്നുണ്ടു്. ക്ഷയം, കുഷ്ഠം, മന്തു്, മഹോദരം മുതലായ തീരാവ്യാധികൾ പിടിപെട്ടവർ ഈ കുന്നിനു വലം വച്ചു അവിടത്തെ പാറകളിൽ കിടന്നുരുണ്ടാൽമതി, രോഗം ശമിക്കുംപോൽ.

* * *

—പുളിമാത്തു രാഘവൻനായർ

ജർമ്മൻ "മ്യൂണിച്ചു" ഉരുക്കുവ്യവസായശാലക്കാരാണു് ലോകത്തിലേക്കും അധികം സാമാനങ്ങൾ ഉണ്ടാക്കി വിതരണംചെയ്യുന്നവർ. സൂചിമുതൽ ആകാശവിമാനംവരെയുള്ള സകല പണികളും അവർ നിർവ്വഹിക്കുന്നു. കൽക്കരി ധാരാളം ജർമ്മനിയിലുണ്ടാകുന്നതിനാൽ ഇംഗ്ലണ്ടിലെ ഇരുമ്പുവ്യവസായശാലകൾ സ്ഥിതിചെയ്യുന്ന ബർമ്മിങ്ങാം നഗരിയേക്കാൾ മ്യൂണിച്ചുനഗരി ഇരുമ്പുവ്യവസായത്തിൽ ഉയർന്നുനില്ക്കുന്നു. 2000 കോടി മാർക്കസ് വിലവരുന്ന ഇരുമ്പുസാമാനങ്ങൾ വർഷാവർഷം മ്യൂണിച്ചിൽനിന്നും ലോകത്തിൻെറ നാനാഭാഗങ്ങളിലുമായി ചിലവഴിക്കുന്നു (20 മാർക്കസ് ഒരു ജർമ്മൻപവൻ)

* * *

ലോകത്തിൽ എവിടെയും വർത്തമാനവിതരണകർമ്മം നിർവ്വഹിക്കുന്ന 'റൂട്ടർ' സ്ഥാപനത്തെപ്പററി കേൾക്കാത്തവർ ചുരുങ്ങും. പൂർവ്വപശ്ചിമാർദ്ധഗോളങ്ങളിൽ 'റൂട്ടർ' ഏജൻസിയില്ലാത്ത നഗരങ്ങൾ ചുരുങ്ങും. ഒരു ജർമ്മൻകാരനായ മി. 'റൂട്ടർ' ഇംഗ്ലണ്ടിൽ ജീവിച്ചുകൊണ്ടു തുടൎന്ന വർത്തമാനവിതരണപദ്ധതി വളൎന്നാണു് ഇന്നു ലോകമാകെ വ്യാപിച്ചു വിജയിക്കുന്നതു്. ഏതൊരു പട്ടണത്തിലും അവർക്കു ന്യൂസ് ഏജൻറന്മാർ ഉണ്ടായിരിക്കും. റൂട്ടരെ ആശ്രയിച്ചു ന്യൂസ് വിലക്കെടുക്കുന്ന അരലക്ഷം പത്രങ്ങളോളം ലോകത്താകെക്കൂടിയുണ്ടു. 1930-ൽ അവരുടെ വാർഷികവരുമാനം ഒരുകോടിപ്പവൻ ആയിരുന്നു. നമ്മുടെ ഇൻഡ്യൻ ന്യൂസ് ഏജൻസിയായ "അസോസ്യേററഡ് പ്രസ്സ് ആഫ ഇൻഡ്യാ" റൂട്ടർസ്ഥാപനവുമായി സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു.

* * *

ആഫ്രിക്കൻരാജ്യത്തു് സുമാർ 1750000 തീവിഴുങ്ങിപ്പക്ഷി (ഓസ്ട്രിച്ചു്) കളെ ജനങ്ങൾ വളർത്തിവരുന്നുണ്ടു്. അതിൻെറ ഒരു മുട്ട മൂന്നാളുകൾക്കു് ഭക്ഷിക്കുവാൻ പോരുന്നതാണത്രേ. ഒരു ആളിനെ വഹിച്ചുകൊണ്ടു ഓടത്തക്ക ശക്തി അതിനുണ്ടു്. ഓസ്ട്രിച്ചിൻെറ മനോഹരമായ തൂവലുകൾക്കു് വലിയ വിലകൊടുത്തു് യൂറോപ്യൻ വനിതകൾ വാങ്ങുന്നുണ്ടു്. അവർ ആ തൂവലുകൾ തങ്ങളുടെ ഹാററുകളിൽ കുത്തിപ്പിടിപ്പിച്ചു ധരിക്കുന്നു. ഒരുസൗന്ദര്യവതിയായ വെള്ളക്കാരിയുടെ തലയിൽ ഒരു റാത്തലോളംതൂവൽഉണ്ടായിരിക്കും. 2500000 പവൻ വിലവരുന്ന തൂവലുകൾ ആഫ്രിക്കയിൽനിന്നും പ്രതിവർഷം പാശ്ചാത്യർ വിലയ്ക്കെടുക്കുന്നു.

* * *

യൂറോപ്പിൽ 'കുഷ്ഠം' എന്ന മഹാവ്യാധി ഇല്ലെന്നുതന്നെ പറയാം. ഉഷ്ണമേഖലയിൽപ്പെട്ടരാജ്യങ്ങളിൽ ആ പകർച്ചവ്യാധി തഴച്ചുവളരുന്നു. ഇൻഡ്യയിൽ 2500.000 കുഷ്ഠരോഗികളുണ്ടെന്നു കണക്കാക്കിയിരിക്കുന്നു. ആഫ്രിക്കയിലെ ചുടുനാടുകളായ, സോമാലിലാൻഡ്, മൊറോക്കോ, ട്യൂണിസ്സ് ഈ രാജ്യങ്ങളിൽ 'കരിംകുഷ്ഠം' നടമാടുന്നു. ആ രാജ്യങ്ങളിലെ ജനസംഖ്യയുടെ മൂന്നിലൊന്നു ജനങ്ങൾ കുഷ്ഠവും, തൽസംബന്ധമായ വ്യാധികളുംകൊണ്ടു പീഡിതരാണത്രേ. നയനസൂക്ഷ്മമില്ലാത്തവർക്കും ആ നാടു അഭയമരുളുന്നുണ്ടു്. സഹാറായിൽനിന്നും അടിക്കുന്ന ചുടുകാററാണു് കുഷ്ഠവും, അന്ധതയുംവളർത്തുന്നതെന്നു യൂറോപ്യൻഡാക്ടറന്മാർ അഭിപ്രായപ്പെടുന്നു

* * *

ലോകത്താകക്കൂടി 3000 ഗവണ്മെൻറു് ഗസററുകൾ ഉണ്ടത്രേ. ഏററവും ചെറിയ ഗസററു്, കടലാസു കുറവുള്ള ഗവണ്മെൻറുപത്രിക—'ചില്ലി' എന്ന തെൻഅമേരിക്കൻ ഗവണ്മെൻറു ഗസേററാണു്. ഇംഗ്ലീഷുലിപി— ലാററിൻലററർ – കളിൽ അടിക്കുന്ന 2250 ഗസററുകളാണു് ഉള്ളതു്. ഇംഗ്ലിഷ്, ഫ്രഞ്ചു്, ഇററലി, സ്പെയിൻ, പോർട്ടുഗീസു്- ഗ്രീക്കു്, ആസ്ത്രിയാ, ഹംഗരി; ജർമ്മൻ, ഡെക്കിനോർവെ, സ്വീഡൻ, സ്വിസ്സ്, മുതലായ ഭാഷകൾ, നാം അറിയുന്ന ഇംഗ്ലീഷ്—ലാററിൻ—ലററുകൾ ആണു് ഉപയോഗിക്കുന്നതു്. ജപ്പാൻരാജ്യക്കാർക്കു് നൂറുഗസററുകൾ ഉണ്ടു് (സാമ്രാജ്യവും പ്രാദേശികവും ആയുള്ളവ) ഈയിടെ അങ്കോറാഗവണ്മെൻറും ഗസററു പ്രസിദ്ധംചെയ്തുതുടങ്ങിയിരിക്കുന്നു- ഇൻഡ്യയിൽ 450 ഗസററുകൾ ഓരോ രാജ്യങ്ങളിലായി ഉണ്ടു്. ഇൻഡ്യൻ ഗസററുകളിൽ മദ്രാസ് ഗവണ്മെൻറുവക "ഫോർട്ടുസെൻറു ജാർജ്ജു ഗസററാ"ണു് വലിയതു്.

* * *

യൂറോപ്പുകാർ അവിടെയുണ്ടാകുന്നതും ഏററവും താണതരത്തിൽപെട്ടതുമായ 'വീഞ്ഞവൃക്ഷങ്ങൾ'ക്കു വലിയ വിലവാങ്ങിവരുന്നുണ്ടു്. നമ്മുടെ നാട്ടിലെ പാലമരംപോലെയുള്ള ഒരുതരം വൃക്ഷമാണു വീഞ്ഞമരം. പക്ഷെ അവർ ആ തടിക്കു ചില ഔഷധപ്രയോഗങ്ങൾ ചെയ്തു പ്രസ്സുചെയ്തു ബലംവരുത്തിപലരീതിയിൽകിഴക്കൻരാജ്യക്കാരുടെ തലയിൽവച്ചുകെട്ടി നല്ല വിലയെടുക്കുന്നുണ്ടു്. വളരെ മേനിയും സുമാറുമുള്ളതെന്നുകാണുന്ന പല വരവു മരസ്സാമാനങ്ങളും വെറും വീഞ്ഞമരത്താൽ ഉണ്ടാക്കിയിട്ടുള്ളതാണു്. 1929-ൽ ഇംഗ്ലീഷുകാർതന്നെ 250000 'കണ്ടി' വീഞ്ഞത്തടിക്കു് 12000000 ഉറുപ്പികയോളം വിലവാങ്ങിയിരിക്കുന്നു. ഒരുകണ്ടി വീഞ്ഞത്തടിക്കു 45 ഉറുപ്പികയിൽ കൂടുതൽ വില അവർ ഈടാക്കിയിരിക്കുന്നു. നമ്മുടെ പരമാസികൻ തടികൾക്കു്—ഈട്ടി, തേക്കു്, പ്ലാവു് ആഞ്ഞിലി– കഷ്ടിച്ചു 15 ഉറുപ്പിക വിലയേ ഒരു കണ്ടിക്കു ലഭിക്കുന്നുള്ളു

—ആറന്മുള എസ്. രാഘവൻപിള്ള

നിങ്ങളുടെ പരമമായ വശ്യശക്തി—
മൃദുലമസൃണമായ
ഒരു ത്വക്കാണു്.

ഏററവും ആകാരസുഷമ ഏതൊരാൾക്കും സമ്പാദിക്കുവാൻ കഴിയുന്ന സൌന്ദര്യമാത്ര. ശരിയായ ശ്രദ്ധകൊണ്ടു മാത്രം സാധിക്കാവുന്ന കാര്യമാണതു്. ത്വക്കിനെ യഥാർത്ഥത്തിൽ ശുചിയാക്കിവയ്ക്കുക എന്നതാണു ഏററവും മുഖ്യമായ കാര്യം. ഉപരിതലത്തിൽ മാത്രമല്ല, രോമകൂപങ്ങളുടെ ആഴംവരെയും ശുചിത്വം ലഭിക്കണം.

ഈ പരിപൂർണ്ണമായ ശുചിത്വം '501' ടോയിലററുസോപ്പിൻെറ പാലുപോലുള്ള പതകൊണ്ടു നിഷ്പ്രയാസം സാധിക്കാം. ത്വക്കിൻെറ സൌന്ദര്യത്തെ നശിപ്പിക്കുന്ന അഴുക്കുകളെയെല്ലാം ഈ പത അകററുന്നു.

'501' ടോയിലററുസോപ്പു പ്രകൃതിയിലെ സസ്യവർഗ്ഗങ്ങളിൽനിന്നുള്ള തൈലങ്ങളാലുണ്ടാക്കപ്പെട്ടിരിക്കുന്നു. നേരിയ മാലതീസൌരഭ്യം ഇതിൽ കലർന്നിരിക്കുന്നു.

TOMCO Tomco Sales Dept, 19, Vanier Street, G. T. Madras.
The Tata Oil Mills Co., Ltd., Tatapuram.

ചെറുകഥാപംക്തി

മാററാട്ടം.

(ആററകാൽ, കെ ആർ. ശങ്കരൻനായർ)

വേണുവിൻെറ നിഷ്കളങ്കബാലലീലകളിൽഏർപ്പെട്ടു ആ വിശ്വസ്തഭൃത്യൻ സമയംകഴിച്ചിരുന്നു. യഥാർത്ഥത്തിൽ രമേശൻെറ ജീവനായിരുന്ന ആ ബാലൻ. അവൻെറ ആനന്ദം ഒന്നുമാത്രമെ അയാൾ കാംക്ഷിച്ചിരുന്നൊള്ളു. ന്യായാധിപനായ ഹേമേന്ദ്രൻ കച്ചേരിയിൽപോയാൽ സ്വാമിനിയുടെ ദ്വാക്കുകളിൽനിന്നും ഒഴിയുന്നതിനായി അയാൾ വേണുവിനെ എടുത്തുകൊണ്ടു ഉദ്യാനത്തിലേക്കു നടക്കും. അവിടെ അവർ ഇരുവരും വിനോദങ്ങൾകൊണ്ടു സ്വച്ഛന്ദം കഴിഞ്ഞുകൂടും. രമേശൻ മുട്ടുകുത്തിക്കിടക്കയും കുസൃതിയായ ബാലൻ ചുമലിൽകയറി കുതിരഓടിക്കയും ചെയ്യും. അവൻെറ അനിതരസാധാരണമായ ബുദ്ധിശക്തിയും, പാരോഗിതജ്ഞാനത്തിലുള്ള താല്പര്യവും അയാളെ ഏററവും ആഹ്ലാദിപ്പിച്ചിരുന്നു. അയാൾ ചിലപ്പോൾ ഇങ്ങനെപറയും:—"ഈ കൊച്ചുവേണു ഒരുകാലത്തു ഒരു ന്യായാധിപൻ ആയിത്തീരും. സംശയമില്ല"

ഹേമേന്ദ്രനു പത്മാനദിയുടെതീരത്തിലുള്ള ഒരു ഡിസ്ട്രിക്‌ടിലേക്കു സ്ഥലംമാററം കിട്ടി. കുടുംബസമേതം അദ്ദേഹം അവിടെ താമസമുറപ്പിക്കയുംചെയ്തു. ഇപ്പോൾ വേണുവിൻെറ ഉത്സാഹത്തിനും ഉന്മേഷത്തിനും അതിരില്ല. അതിനുകാരണം പുതിയതായി വാങ്ങിക്കൊടുത്ത ഒരു ചെറിയ വണ്ടിയായിരുന്നു. അവനെ അതിൽഇരുത്തി രമേശൻ വലിച്ചുകൊണ്ടുനടക്കും. ചിലപ്പോൾ നിശിതബുദ്ധിയായ ബാലൻ പരസഹായംകൂടാതെ വാഹനത്തിൻെറ ചക്രം കരംകൊണ്ടുതിരിച്ചു സാവധാനത്തിൽ ഓടിക്കും

വർഷകാലം ആരംഭിച്ചു. അഹോരാത്രം പേമഴ ചൊരിഞ്ഞുകൊണ്ടിരുന്നു. ഒരു ഭയങ്കരസത്വത്തെപ്പോലെ പത്മാനദി തീരസ്ഥിതങ്ങളായ ചെറുഗേഹങ്ങളെയും പാടങ്ങളെയും വിഴുങ്ങി. ചുരുക്കത്തിൽ മഹാർണ്ണവംകണക്കെ ആ ദിക്കുമുഴുവൻ നദീജലം വ്യാപിച്ചുകഴിഞ്ഞു. തടിനിയുടെതീരത്തുപോലുംചെല്ലുന്നതിനു ജനങ്ങൾഭയപ്പെട്ടു. ഇടിഞ്ഞുവീഴുന്ന കൂലപ്രദേശങ്ങൾ ചില കർഷകന്മാരുടെ ആയുസ്സ് അപഹരിച്ചിരുന്നതായി ആ ഗ്രാമവാസികൾ മനസ്സിലാക്കി. ഊക്കോടുകൂടി പായുന്ന ആ നിമ്നഗയുടെ ആരവം വളരെദൂരം കേൾക്കാമായിരുന്നു.

ഒരു മദ്ധ്യാഹ്നത്തിൽ മഴ ശമിച്ചു. നഭസ്സു കാർമേഘാവൃതമായിരുന്നെങ്കിലും വിഹാരത്തിനു പററിയ ഒരു ദിനമായിരുന്നു. വേണു കളിക്കുന്നതിനായി രമേശനോടുകൂടി പുറത്തിറങ്ങി. അവനെ വണ്ടിയിലിരുത്തി മെല്ലെമെല്ലെ അയാൾ വലിച്ചുകൊണ്ടു നദീപ്രാന്തങ്ങളിലേക്കു നടന്നു. ആ സമതലം ജനശൂന്യമായിരുന്നു. അനന്തമായ ജലപ്പരപ്പിനെ ചുംബിക്കുന്ന ആകാശമഹാതലം ആകർഷകമായി കാണപ്പെട്ടു. കാർമേഘങ്ങളിൽനിന്നും ഒഴിഞ്ഞു അസ്തഗിരിയെപ്രാപിക്കുന്ന ആദിത്യൻ നിരാഡംബരനായി ശോഭിച്ചു.

വേണു കുറച്ചകലെ ഒരു വൃക്ഷത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു അസ്പഷ്ടമായി പറഞ്ഞു:—"ദേ-ദേ—"

കാഞ്ചനപ്രഭമായ പുഷ്പങ്ങളോടുകൂടിയ ഒരു കർണ്ണികാരവൃക്ഷമായിരുന്നു അതു്. മനോഹരങ്ങളായ ആ പൂങ്കൊത്തുകളിലായിരുന്നു ബാലൻെറദൃഷ്ടികൾ പതിഞ്ഞിരുന്നതു്. ജലബിന്ദുക്കൾപററിയിരുന്ന പത്രാവലികൾക്കിടയിൽകൂടി ആ വൃക്ഷത്തിൽകയറുന്നതിനു രമേശൻ അല്പം മടിച്ചു. അതിനാൽ അയാൾ കൗശലപൂർവം വേറൊരു ദിക്കു ചൂണ്ടിക്കാണിച്ചിട്ടു പറഞ്ഞു:—"നോക്കൂ-അതാ-അതാ ഒരു മഞ്ഞക്കിളി." അനന്തരം ആ വണ്ടിയെ വലിച്ചുകൊണ്ടു പോകുന്നതിനായി അയാൾ ശ്രമിച്ചു. എന്നാൽ ന്യായാധിപനായിത്തീരുന്നതിനു വിധിച്ചിരുന്ന ഒരു ശിശുവിൻെറകൗതുകം അത്ര എളുപ്പത്തിൽ നശിപ്പിക്കാവുന്ന ഒന്നല്ല.

വേണു നാലുപാടും നയനങ്ങൾ ഓടിച്ചിട്ടും യാതൊരു പക്ഷിയേയും കണ്ടില്ല. അവൻ വീണ്ടും കർണ്ണികാരവൃക്ഷത്തെ ചൂണ്ടിക്കാണിച്ചു നിവൃത്തിയില്ല എന്നായപ്പോൾ രമേശനു പൂവിറുക്കുന്നതിനായി മരത്തിൽ കയറേണ്ടിവന്നു "കുഞ്ഞേ! ഇവിടെനിന്നും അനങ്ങിപ്പോകരുതു്. ഞാൻ ഇതാ പൂവുംകൊണ്ടുവരാം" എന്നു ആജ്ഞാപിച്ചിട്ടു അയാൾ വൃക്ഷച്ചുവട്ടിലേക്കുനടന്നു.

രമേശൻ പോയ ഉടൻ കുസൃതിയായ വേണു സാവധാനത്തിൽ വണ്ടിയുടെ ചക്രങ്ങൾ തിരിച്ചുതുടങ്ങി. ചരിഞ്ഞുകിടക്കുന്ന ആ സമതലത്തിൽകൂടി അതിവേഗം ശകടം പാഞ്ഞു. വെൺനുരയോടുകൂടി കളകളാരവത്തോടെ പ്രവഹിക്കുന്ന നദി ലോലബുദ്ധിയായ ശിശുവിനെ ആകർഷിച്ചു. വണ്ടിയുടെ വേഗത്തോടൊന്നിച്ചു വേണുവിൻെറ ഉത്സാഹവും വർദ്ധിച്ചു. ഉന്മേഷവതികളായ ജലദേവതമാർ അവനെ വിനോദാർത്ഥം തങ്ങളുടെ ഉത്സംഗത്തിലേക്കു ക്ഷണിച്ചു.

രമേശൻ പൂവിറുത്തുംകൊണ്ടു് മന്ദസ്മിതപൂർവം മടങ്ങി. ആ വിനോദശകടം അവിടെ കാണാനില്ലായിരുന്നു. അയാൾ ചുററുപാടും നോക്കി. അവിടെങ്ങും ആരും ഉണ്ടായിരുന്നില്ല. പെട്ടെന്നുണ്ടായ സംഭ്രമാവേശത്താൽ അയാളുടെ ദേഹമാസകലം ഒരു വിറയൽ ഉണ്ടായി. ലോകംമുഴുവൻ അന്ധതാമിസ്രത്തിൻെറ അഗാധതയിൽലയിച്ചതുപോലെ അയാൾക്കുതോന്നി. അയാളുടെ ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നും പുറപ്പെട്ട ഒരു ദയനീയരോദനം അന്തരീക്ഷത്തിൽ മുഖരിതമായി. "വേണൂ! എൻെറ കൊച്ചുവേണൂ!"

പക്ഷെ മറുപടിയൊന്നും ഉണ്ടായില്ല. കഷ്ടം! ഇനി ഒരിക്കലും ആ ബാലൻെറ മൃദുഹാസവും സരസഭാഷണവും രമേശൻെറ ഇന്ദ്രിയങ്ങൾക്കു വിഷയമാകയില്ല. കമനീയമായ ഒരു കുസുമകുഡ്മളം സംഫുല്ലമാകാതെ എന്നെന്നേക്കുമായി ഭൂമുഖത്തിൽനിന്നും തിരോധാനം ചെയ്തു. ജീവലോകത്തിനു സംഭവിക്കുന്നക്ഷണികവും നിസ്സാരവുമായ മാററങ്ങളെ തീരെ അവഗണിച്ചു് പൂർവസ്ഥിതിയിൽ സരിത്തു് സാഗരമുഖത്തിലേക്കു ഗമിച്ചു.

സന്ധ്യകഴിഞ്ഞു് വേണുവിനെ അന്വേഷിച്ചുവന്ന പരിചാരകന്മാർ കണ്ടതു് ഭ്രാന്തനെപ്പോലെ നടക്കുന്ന രമേശനെയാണു്. വേണുവിൻെറ മാതാവു് തൻെറ ഓമനശിശുവിനെക്കുറിച്ചു പലതും ചോദിച്ചു. എന്നാൽ അയാൾ എന്തു സമാധാനമാണു് പറയേണ്ടതു്!

ജലപ്രളയത്തിൽപെട്ടു് വേണു മരിച്ചുപോയതായി എല്ലാപേരും വിശ്വസിച്ചു. അവൻെറ അമ്മ മാത്രം രമേശനെ സംശയിക്കാതിരുന്നില്ല. അയാൾ അവനെ മോഷ്ടിച്ചിരിക്കുമെന്നു് അവർ ശങ്കിച്ചു. അവർ ഏററവും പരവശഭാവത്തിൽ അയാളോടു് അപേക്ഷിച്ചു:—"ദയവുചെയ്തു് എൻെറ കുഞ്ഞിനെ തിരിയെ ഏല്പിക്കൂ. പകരം എത്രധനം വേണമെങ്കിലും തരാം."

രമേശൻെറ നിഷ്കന്മഷതയുണ്ടോ അവർ അറിയുന്നു! അയാളെ ഉടൻതന്നെ അവിടെനിന്നും ബഹിഷ്കരിച്ചു.

(II)

രമേശൻ തൻെറ ഗ്രാമത്തിലേക്കു മടങ്ങി. അതുവരെ അയാൾ പുത്രശൂന്യനായിരുന്നു. ഇനി അങ്ങിനെ ഒരു ഭാഗ്യം സിദ്ധിക്കുമെന്നും അയാൾ കരുതിയിരുന്നില്ല. എന്നാൽ അധികം താമസിയാതെ അയാളുടെ പത്നി ഒരാൺകുഞ്ഞിനെ പ്രസവിച്ചു. ഈ സംഭവം അയാളുടെ സന്തപ്തഹൃദയത്തിനു് ആശ്വാസമരുളി. എന്നാൽ അതിനോടൊപ്പം പൂർവസ്മരണകളും ഉദിച്ചു. തൻെറ സ്വാമിക്കു നേരിട്ട അത്യാഹിതം പുത്രലാഭത്തിൽ അയാൾക്കു സിദ്ധിച്ച ആഹ്ലാദത്തെ അചിരേണ നശിപ്പിച്ചു

കാലക്രമത്തിൽ രമേശൻെറ ഹൃദയത്തിൽ പല മാററങ്ങളുമുണ്ടായി. രവിയുടെ ശബ്ദം, ചിരി, കരച്ചിൽ, ചേഷ്ട ഇവയെല്ലാം അന്തരിച്ചുപോയ ആ ബാലൻെറ അനുകരണങ്ങളായിരുന്നു. ചിലയവസരങ്ങളിൽ രവി ഉറക്കെ നിലവിളിക്കുമ്പോൾ വേണു ബാലസഖാവായിരുന്ന തന്നെക്കാണാതെ ഏതോഭിന്നലോകത്തിൽ കിടന്നു് കരയുകയാണെന്നു് അയാൾക്കുതോന്നും.

രവി ചില അസ്പഷ്ടസ്വരങ്ങൾ ഉച്ചരിച്ചുതുടങ്ങി. രമേശനു പരിചിതങ്ങളായിരുന്ന ആ ശബ്ദങ്ങൾ അയാളെ സംഭ്രമിപ്പിക്കുന്നതിനു പര്യാപ്തങ്ങളായിരുന്നു. ഒരുപക്ഷെ വേണു തന്നോടുള്ള സ്നേഹാധിക്യത്താൽ വേറൊരു രൂപത്തിൽ വീണ്ടും ഭൂജാതം ചെയ്തതാണോ ഈ ബാലൻ എന്നും അയാൾക്കു സംശയം ജനിച്ചു.

വേണുവിന്റെ മാതാവു് അന്നു അയാളെ സംശയിച്ചതു പെട്ടെന്നു രമേശനു് ഓൎമ്മവന്നു "ഹാ! അവർ പറഞ്ഞതു് എത്ര വാസ്തവം! പരമാൎത്ഥത്തിൽ ഞാൻ അവരുടെ പുത്രനെ അപഹരിക്കയാണു ചെയ്തതു്." കഴിഞ്ഞുപോയകാൎയ്യങ്ങൾ സ്മൃതിപഥത്തിൽ എത്തിയപ്പോൾ തന്റെ അശ്രദ്ധയെക്കുറിച്ചു സ്വയം പശ്ചാത്തപിച്ചു

രവിയെ അയാൾ താല്പൎയ്യത്തോടെ പരിചരിച്ചു ഒരു പ്രഭുകുമാരനു യോജിച്ചവിധം അവനെ പിതാവ് വളൎത്തി. വിലയേറിയതും കമനീയവും ആയ വസ്ത്രാദികൾ അവനായി അയാൾ വാങ്ങിക്കൊടുത്തു. പത്നിയുടെ ആഭരണങ്ങൾ എല്ലാം രവിയുടെ ആവശ്യത്തിലേക്കായി വിനിയോഗിച്ചു. അവനെ സമീപവാസികളായ കുട്ടികളോടു കൂടി കളിക്കുന്നതിനോ സഹവസിക്കുന്നതിനോ അയാൾ അനുവദിച്ചില്ല അതിലാളന അവനെ വഷളാക്കുമെന്നു ഗ്രാമവാസികൾ ദീൎഘദൎശനം ചെയ്തു.

രവിക്കു് പാഠശാലയിൽ പോകേണ്ടകാലം അതിക്രമിച്ചു രമേശന്റെവക സകലവസ്തുക്കളും അതിനുവേണ്ടി വിററു. ഭാഗ്യവശാൽ അടുത്തുള്ള ഒരു പ്രഭുകുടുംബത്തിൽ ഭൃത്യനായി പ്രവേശിക്കുന്നതിനും അയാൾക്കു കഴിഞ്ഞു. സാമാന്യം ധനികന്മാരുടെ കുട്ടികൾക്കു തുല്യം രവി പള്ളിക്കൂടത്തിൽപോയ്തുടങ്ങി. അവന്റെ പിതാവാകട്ടെ വെറും ദാരിദ്ര്യത്തിന്റെ ദാസനായി ജീവിതം ദീൎഘിപ്പിച്ചു

പന്ത്രണ്ടു സുദീൎഘസംവത്സരങ്ങൾകഴിഞ്ഞു. സുമുഖനും ആരോഗ്യസമ്പന്നനുമായി രവി വളൎന്നു. കൂടപ്പിറവിപോലെ അമിതവ്യയം അവനെ ബാധിച്ചു. അനാവശ്യമായി താൻ ചെലവഴിക്കുന്ന ധനത്തിന്റെ ഉല്പത്തിയെക്കുറിച്ചു് അവൻ തീരെ ചിന്തിച്ചിരുന്നില്ല. അഥവാ ചിന്തിക്കേണ്ട ആവശ്യവുമില്ലല്ലൊ രമേശൻ പുത്രനോടു കേവലം ഒരു ഭൃത്യന്റെ നിലയിലാണു് വൎത്തിച്ചിരുന്നതു്. അയാൾ ചെയ്ത വേറൊരു ഭീമമായ അപരാധം താനാണു് രവിയുടെ പിതാവെന്ന പരമാൎത്ഥം ഗോപനം ചെയ്തതാണു്.

രമേശൻ വാൎദ്ധക്യത്തിൽ കടന്നു. അയാളിൽ കൃത്യവിലോപം കാണുകയാൽ യജമാനൻ കൂടക്കൂടെ ശാസിച്ചുതുടങ്ങി. പുത്രനുവേണ്ടി പട്ടിണികിടക്കുന്ന ആ മൃതജഡത്തെക്കൊണ്ടു എന്തുജോലി ചെയ്വാൻകഴിയും? ഈ ഒഴികഴിവുകൾ വല്ലതും മററുള്ളവർ വകവയ്ക്കുമോ? രവിയുടെ വിദ്യാഭ്യാസം തുടരുന്നതിനു കൂടുതൽ ധനത്തിന്റെ ആവശ്യം നേരിട്ടു. ഇങ്ങനെ രമേശൻ ധൎമ്മസങ്കടത്തിൽപെട്ടു് വലഞ്ഞു

(III)

രമേശന്റെ അവസാനനിശ്ചയമായിരുന്നു അതു്. അയാൾ പ്രഭുഗൃഹം വെടിഞ്ഞു. അനന്തരം ഹേമേന്ദ്രനെ കാണുന്നതിനായി തിരിച്ചു പുത്രനഷ്ടത്താൽ ഖിന്നമാനസയായ മാതാവിന്റെ വ്യസനം ഇപ്പോൾ ശമിച്ചിരിക്കുമെന്നു് അയാൾ കരുതി സന്താനലബ്ധി പിന്നീടുക്കുണ്ടായില്ല.

ഒരുദിവസം ഹേമേന്ദ്രൻ കച്ചേരിയിൽ നിന്നും മടങ്ങി വിശ്രമിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പത്നി പാകശാലാജോലിയിൽ ഏൎപ്പെട്ടിരിക്കുകയാണു്. ഈ അവസരത്തിലാണു് രമേശൻ ഭവനാങ്കണത്തിൽ പ്രവേശിച്ചതു്. വിശ്വസ്തനായ പൂൎവ്വപരിചാരകനെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ദയതോന്നി. ആ ന്യായാധിപൻ അയാളോടു പലതും ചോദിച്ചു ഒടുവിൽ രമേശൻ പറഞ്ഞു: "എനിക്കു കൊച്ചമ്മയെകണ്ടു ഒരു സങ്കടം അറിയിക്കാനുണ്ടു്."

ഗൃഹനായികയ്ക്കു് അയാളുടെ ദൎശനം അത്രസുഖപ്രദമായിരുന്നില്ല. രമേശനാകട്ടെ ബഹുമാനസൂചകമായി പറഞ്ഞു "ഞാൻ അറിയാതെ ചെയ്തുപോയ അപരാധം സദയം ക്ഷമിക്കണം വേണുവിനെ അപഹരിച്ചതു പത്മാനദിയല്ല ഞാൻതന്നെയാണു്."

ഹേമേന്ദ്രൻ ചോദിച്ചു: "ഈശ്വരാ!എനിക്കു വിശ്വസിക്കാൻ മനസ്സുവരുന്നില്ല. വാസ്തവമാണോ? അവൻ ഇപ്പോൾ എവിടെ?"

"വേണു എന്നോടുകൂടിതന്നെയുണ്ടു്-ഞാൻ നാളെ ഇവിടെ കൊണ്ടുവരാം."

അന്നു ഞായറാഴ്ചയായിരുന്നു മജിസ്രേട്ടു് കോടതി അവധിയാണു് ഹേമേന്ദ്രനും പത്നിയും വളരെക്കാലമായി കാണാതെദുഃഖിക്കുന്ന പുത്രന്റെ ആഗമനം അത്യൽക്കണ്ഠയോടെ പ്രതീക്ഷിച്ചു പൂമുഖത്തിരിക്കയായിരുന്നു. പത്തുമണിക്കു രവിയേയും നയിച്ചുകൊണ്ടു രമേശൻ ആഗതനായി.

യാതൊന്നും സംശയിക്കാതെ മാതാവു രവിയെ ഗാഢമായി പുണൎന്നു മാറോടുചേൎത്തു അവർ സന്തോഷസന്താപാശ്രുക്കൾ തൂകി. അവന്റെ കോമളവദനത്തിൽ എത്രപ്രാവശ്യം നോക്കിയിട്ടും അവൎക്കു തൃപ്തി വന്നില്ല. വാത്സല്യാതിരേകത്താൽ ഹേമേന്ദ്രനും പത്നിയും അവനെ തെരുതെരെ ഉമ്മവച്ചു

അല്പം പരുഷസ്വരത്തിൽ ന്യായാധിപൻപറഞ്ഞു:—

"എടട്ടെ രമേശാ! താൻ ഇനി ഇവിടെ താമസിച്ചിട്ടാവശ്യമില്ല എവിടെയെങ്കിലും പൊയ്ക്കൊള്ളു."

"അയ്യോ! യജമാനൻ അങ്ങനെ പറയരുതേ! ഞാൻ എവിടെയാണു പോകേണ്ടതു്?"

അദ്ദേഹത്തിന്റെപത്നി സന്തോഷത്താൽ മതിമറന്നു പറഞ്ഞു: – "കഴിഞ്ഞതെല്ലാം പോകട്ടെ. വേണുവിനും ഇയാളുടെ സഹവാസം ഇഷ്ടമായിരിക്കും. നമുക്കു ക്ഷമിച്ചുകളയാം."

"നിവൃത്തിയില്ല. ഈ തെററു തീരെ ക്ഷന്തവ്യമല്ല."

വിവശഭാവത്തിൽ അശ്രുകലുഷിതമായ നയനങ്ങളോടുകൂടി രമേശൻ തുടൎന്നു:—"ദയവുചെയ്തു ക്ഷമിക്കണം ഇതിൽ ഞാനല്ല കുററക്കാരൻ."

"എനിക്കൊന്നും കേൾക്കേണ്ട. താൻ കാണിച്ച വഞ്ചന ഞാൻ നല്ലപോലെ ഓൎക്കുന്നു."

"ഞാൻ വീണ്ടും വീണ്ടും പറയുന്നു. ഞാനല്ല വേണുവിനെ മോഷ്ടിച്ചതു്."

"പിന്നെ ആരാണു്?"

"എന്റെ വിധി"

രമേശന്റെ ജല്പനങ്ങളിൽ എന്തെങ്കിലും വാസ്തവം അടങ്ങിയിട്ടുണ്ടെന്നു അവർ വിശ്വസിച്ചില്ല. താൻ ധനവാനായ ഒരു മജിസ്രേട്ടിന്റെ പുത്രനാണെന്നു ധരിച്ചപ്പോൾ രവിക്കു രമേശനോടു കഠിനമായ ജുഗുപ്സ തോന്നി. എങ്കിലും അല്പം സഹതാപത്തോടും ദയയോടുംകൂടി അവൻപറഞ്ഞു:-"അച്ഛാ! അയാളുടെതെററു ക്ഷമിക്കണം. നമ്മോടുകൂടി വസിക്കുന്നതിനു അനുവദിച്ചില്ലെങ്കിലും കുറച്ചു ധനസഹായം ചെയ്യണം. അതുകൊണ്ടു ആ സാധു ഉപജീവിച്ചുകൊള്ളട്ടെ"

ഈ വാക്കുകൾ വാത്സല്യനിധിയായ രമേശനെ സ്തബ്ധചിത്തനാക്കി. അവസാനമായി പുത്രനെ അത്യാൎത്തിയോടെ ഈക്ഷിച്ചിട്ടു അയാൾ ആ ഭവനത്തിൽനിന്നും തിരോധാനം ചെയ്തു. അതിവിസ്തൃതമായ ഭൂഗോളത്തിന്റെ ഏതുകോണെങ്കിലും അയാൾക്കു അഭയം നൽകാതിരിക്കയില്ലെന്നു നമുക്കു ആശ്വസിക്കാം

ഒരുമാസംകഴിഞ്ഞു ഹേമേന്ദ്രൻ കുറച്ചു ഉറുപ്പിക രമേശന്റെ മേൽവിലാസത്തിൽ അയച്ചുകൊടുത്തു എന്നാൽ ആതുക സ്വീകരിക്കുന്നതിനു ആ ഗ്രാമത്തിൽ ആരും ഉണ്ടായിരുന്നില്ല.

അഭിജ്ഞാനശാകുന്തളം.

സവ്യാഖ്യാനം.

—:o:—

കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിന്റെ പല പരിഭാഷകളുംമലയാളികൾ കണ്ടിരിക്കാം. എന്നാൽ പ്രസ്തുത ഗ്രന്ഥം സംസ്കൃതത്തിലുള്ള കാളിദാസകൃതിയും അതിന്റെ വ്യാഖ്യാനവും അടങ്ങിയതാണു്.

വില 1 രൂ

ശ്രീരാമവിലാസം പ്രസ്സ് — കൊല്ലം

The ROYAL STUDIO PHOTOS - the BEST: & therefore the CHEAPEST.

P. J. Cherian, Durbar Artist & Photographer (Cochin)

Managing Proprietor:

THE ROYAL STUDIO, ERNAKULAM; Branch:- ALWAYE.

സ്ത്രീകളും ചാരവൃത്തിയും.

വൈക്കം എസ്സ്. രാമൻപിള്ള ബി. എ. ബി. എൽ.

അത്യാപൽക്കരവും കണ്ടുപിടിച്ചാൽ ഏററവും നിന്ദ്യവുമായ ചാരവൃത്തിയിൽ സ്ത്രീകൾ കൂടുതൽ ഏർപ്പെട്ടുവരുന്നു എന്നുപറഞ്ഞാൽ നമ്മുടെ ആളുകൾ വിശ്വസിക്കുമോ എന്നു സംശയമാണ്. എന്നാൽ യൂറോപ്യൻരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഇതൊരു പച്ചപ്പരമാർത്ഥമാണ്. പാശ്ചാത്യർ പൌരസ്ത്യരേപ്പോലെ സ്ത്രീത്വത്തിന്റെ പരിപാവനതയെ ഗ്രഹിച്ചിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സുന്ദരിയായ ഒരു കന്യക കാണികളെ — പ്രത്യേകിച്ചു പുരുഷവർഗ്ഗത്തെ ആകർഷിക്കാതെ ഇരിക്കയില്ലല്ലോ. സ്ത്രീകളെ കച്ചവടപീടികയിൽ ഇരുത്തി കച്ചവടം നടത്തിക്കുന്നതിന്റേയും സ്ത്രീകൾ "കൌതുകവില്പന" നടത്തുന്നതിന്റെയും രഹസ്യം ഇതാണ്. പാശ്ചാത്യന്മാർ വെറും കച്ചവടപരമായി മാത്രം ജീവിതത്തെ വീക്ഷിക്കുന്നു. ഓരോ വ്യക്തിയും അതാതിന്റെ കാര്യം നോക്കിക്കൊള്ളണമെന്നുള്ള പാശ്ചാത്യ പരിഷ്കാരത്തിന്റെ മറെറാരു സ്വഭാവവിശേഷവും അതിനെത്തുടൎന്നു വർദ്ധിച്ചുവരുന്ന ജീവിതമത്സരവും ഉപജീവനമാർഗ്ഗം കണ്ടുപിടിക്കുന്നതിനുള്ള പ്രയാസവും ചാരവൃത്തിപോലെ അത്യാപൽക്കരമായ പല പന്ഥാക്കളിലും പ്രവേശിക്കുന്നതിനും പാശ്ചാത്യവനിതകളെ നിർബന്ധിതരാക്കിത്തീർത്തിട്ടുണ്ട്.

ഇതുകൂടാതെ സ്വരാജ്യസ്നേഹംമൂലവും സ്ത്രീകൾ ചാരവൃത്തിയിൽ പ്രവേശിച്ചുവരുന്നുണ്ട്. പല രാജ്യതന്ത്രജ്ഞന്മാരുടെവധത്തിനും രാഷ്ട്രങ്ങൾതമ്മിലുള്ള സമരത്തിനും സാമ്രാജ്യങ്ങളുടെ നാശത്തിനും മഹായുദ്ധങ്ങൾ ഉണ്ടാകുന്നതിനും കാരണക്കാർ ചാരവൃത്തിയിലേർപ്പെട്ടിരിക്കുന്ന ചില സ്ത്രീകളാണെന്നു കേൾക്കുമ്പോൾ വായനക്കാർ ഞെട്ടിപ്പോയേക്കും. ഗവർമ്മെന്റിന്റെ സഹായം ഇവരുടെ പിന്നിലുണ്ടെന്നുവരുകിലും അവമാനവും പരിഹാസവും അവരുടെ തലയിൽ ചൊരിയുന്നു. വാളിനോ വെടിയുണ്ടയ്ക്കോ, അവർ ഇരയാകുന്നു.

മാതൃത്വം വഹിക്കുക എന്ന മഹൽകൃത്യം നിർവഹിക്കേണ്ടവരായ സ്ത്രീകളെ ചാരവൃത്തിയിലേർപ്പെടുത്തി അവമാനകരമായ മൃത്യുപഥത്തിലേക്കു വലിച്ചെറിയുന്ന പാശ്ചാത്യരുടെ കിരാതമനഃസ്ഥിതി ഏററവും നിന്ദാർഹംതന്നെ. ഈ ഭയങ്കര ദുർവിധി നമ്മുടെ സ്ത്രീകളെ ബാധിക്കാതിരിക്കട്ടെ.

ഇനി ചാരവൃത്തിയിലേർപ്പെട്ടിട്ടുള്ള ചില യൈറോപ്യവനിതകളെപ്പററി ആരായ്ക. തന്നെ ബാരണസ്സ് ഡറോത്തിറോപ്പ് (Baroness Dorothee Ropp) റഷ്യാ, ഫ്രാൻസ്, ഇംഗ്ലണ്ട് ഇങ്ങനെ മൂന്നുരാജ്യങ്ങളിലെ തലസ്ഥാനനഗരികളെ ഒരുകാലത്തു അലങ്കരിച്ചിരുന്നു. അവളുടെപേർ പല കൊട്ടാരങ്ങളുടേയും ഗേററുകൾ തുറക്കുന്നതിനുള്ള ഒരു പാസ്പോർട്ടായിരുന്നു.

രാജാക്കന്മാരും രാജ്യതന്ത്രജ്ഞന്മാരും അവരുടെ രഹസ്യകലവറയായി അവളെ കരുതി വിശ്വസിച്ചുവന്നു. പാരീസിൽ അവൾ റഷ്യാസ്ഥാനപതിയുടെ കൂട്ടത്തിൽതന്നെ സ്വന്തം വീടെന്നപോലെ താമസിച്ചിട്ടുണ്ട്. അന്യപ്രവേശനം വിലക്കപ്പെട്ടിട്ടുള്ള പല രാജകുടുംബങ്ങളിലും പ്രഭുകുടുംബങ്ങളിലും അവൾ സ്വച്ഛന്ദവിഹാരംചെയ്തിട്ടുണ്ട്. അങ്ങനെയിരിക്കെ അവൾ ഏതൻസ്പട്ടണത്തിന്റെ തെരുവീഥികളിൽവെടിഏററു മരിച്ചുകിടക്കുന്നതും അവളുടെ ശവശരീരത്തിന്റെ അരികിൽ ഒരുകൈത്തോക്കു കിടക്കുന്നതും കാണപ്പെട്ടു. ഒരുത്തരും സഹായത്തിനില്ല. ആരുംതന്നെ അവളെ തിരക്കുന്നില്ല. പോലീസുകാരുടെ പരിശോധനയുടെ ഫലമായി അവളുടെ ദേഹത്തുകൊണ്ടിട്ടുള്ള വെടിയുണ്ടകൾ അരുകിൽ കിടന്ന തോക്കിലിട്ടു വെടിവയ്ക്കുത്തക്കതല്ലെന്നു വെളിപ്പെട്ടു. 1918 ൽ റഷ്യയിൽനിന്നും കരൽസ്കി പാരീസിലേക്കു രക്ഷപ്പെടുന്നതിനുമുൻപിൽ അദ്ദേഹത്തെ വഞ്ചിച്ചതു ഇവളാണെന്നും, 1920-ൽ കോൾട്ടുചാക്കിന്റെ (Colt Chalk) വധത്തിനും കാരണം അവളായിരുന്നു എന്നും മററും പലരാഷ്ട്രീയരഹസ്യങ്ങളും പ്രത്യക്ഷപ്പെട്ടു. യൂറോപ്പിലെ പ്രധാനപ്പെട്ട മൂന്നുതലസ്ഥാനനഗരികളിൽ പേരും പെരുമയുംനിറച്ച ഡറോത്തിയെ — രാജ്യതന്ത്രജ്ഞന്മാരേയും സ്ഥാനപതികളേയും വട്ടംകറക്കിയ ഈ ബാരണസിനെ — ഏതൻസുനഗരവീഥികളിൽവച്ചു പേപ്പട്ടിയെപ്പോലെ വെടിവച്ചുകൊന്നിരിക്കുന്നു. അവളെ പ്രോത്സാഹിപ്പിച്ച ഗവണ്മെന്റോ അവളുടെ കടാക്ഷവീക്ഷണങ്ങൾ കൊതിച്ച രാജ്യതന്ത്രജ്ഞന്മാരോ ആരുംതന്നെ ഇപ്പോൾ അവളെ സ്മരിക്കുന്നില്ല. ലോകം അവരെ ശപിക്കുകയും മൃത്യു അവരെ അപമാനത്തിലേക്കു തള്ളുകയും ചെയ്തു. രാഷ്ട്രങ്ങളുടേയും രാജ്യതന്ത്രജ്ഞന്മാരുടേയും ജീവിതവുമായി കളിച്ച സുന്ദരിയും കുലീനയുമായ ഈ യുവതിയുടെകഥ എത്ര ബീഭത്സവും ലജ്ജാകരവും ആയിരിക്കുന്നു.

പോളണ്ടിന്റെ അതിർത്തിദേശത്തെ ജർമ്മൻചാരസൈന്യത്തിന്റെ നേതാവായ കേണൽമാക്സ്ഫീൽഡ് യുദ്ധകാലത്തു ആന്റോസ്ചാ (Antoscha) എന്നൊരു യുവതിയെ അറസ്റ്റുചെയ്യുകയുണ്ടായി. അവൾ ഒരു നല്ല സുന്ദരിയായിരുന്നു. അവളുടെ കാമുകന്റെ അടുക്കൽനിന്നും ഒരു രഹസ്യസന്ദേശം ഒരു ചാരനെ ധരിപ്പിക്കുവാനായി വിസ്റ്റുലാനദി കടക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്ന അവസരത്തിലാണു അദ്ദേഹം അവളെ പിടികൂടിയതു്. അവളുടെ കാമുകൻ അവളെ എങ്ങനെ ഈ തൊഴിലിൽ ഏർപ്പെടുത്തി എന്നറിഞ്ഞപ്പോൾ അദ്ദേഹം കോപത്തോടുകൂടി അവളോടുപറഞ്ഞു. "ഒരുദിവസം നീ ഉണൎന്നു എഴുന്നേൽക്കുമ്പോൾ നീ നിന്റെ കാമുകന്റെ ആലിംഗനത്തിലല്ലാ മൃത്യുവിന്റെ വായിലാണെന്നു മനസ്സിലാകും" അദ്ദേഹത്തിന്റെ ആ മുന്നറിയിപ്പു അവളെസംബന്ധിച്ചിടത്തോളവും വെറുംവനരോദനമായി എങ്കിലും പരമാർത്ഥമായിപരിണമിച്ചു.

മഹായുദ്ധകാലത്തു ഇംഗ്ലണ്ടിൽവച്ചു അറസ്റ്റുചെയ്ത മി. ജസ്റ്റീസ് ഡാർലിംഗ് വധശിക്ഷയ്ക്കു വിധിച്ച ഈവ. വിഡി ബോനാൻവില്ലി E Ve De Bournonvelle പണത്തെ കൊതിച്ചാണോ ചാരവൃത്തിയിലേർപ്പെട്ടതു്? നിശ്ചയമായും അല്ല. പ്രതിമാസം അവൾക്കു മുപ്പതുപവൻമാത്രമെ ശമ്പളമുണ്ടായിരുന്നുള്ളു. ഈ യുവതി ഒരു സ്വീഡൻകാരിയും സൌന്ദര്യത്തിന്റെയും ആകർഷകമായ സംഭാഷണരീതിയുടേയും അവതാരവുമായിരുന്നു. ബുദ്ധിശക്തി തുളുമ്പുന്ന മുഖവും സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്ന വസ്ത്രധാരണവും അവൾക്കുണ്ടായിരുന്നു. അവൾ ജർമ്മൻചാരസൈന്യത്തിൽ ഏർപ്പെട്ടു അവളുടെ മാതൃരാജ്യത്തെ വഞ്ചിച്ചു. ദൈവഗത്യാ അവളുടെ വധശിക്ഷ ജീവപര്യന്തം തടവായി മാററിക്കൊടുത്തു.

ഒരുജർമ്മൻപട്ടാളഉദ്യോഗസ്ഥന്റെ പുത്രിയായ 23-വയസ്സുപ്രായമുള്ള ഓഗറക്ക് (Ogarek) എന്ന യുവതി ജർമ്മൻചാരസൈന്യത്തിൽചേൎന്നതു് അവളുടെ സ്വരാജ്യസ്നേഹംകൊണ്ടായിരിക്കാം. ഇന്നു അവൾ പോളണ്ടിൽ ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്നു.

ഫ്രഞ്ചുയുദ്ധവിദഗ്ദ്ധന്മാർ കണ്ടുപിടിച്ച ഒരു പുതിയതരം യന്ത്രത്തോക്കിന്റെ രഹസ്യം ശത്രുക്കളെ ധരിപ്പിക്കുന്നതിനു സോഫിഡ്രെഡ്സ് എന്ന ഫ്രഞ്ചുയുവതിയെ പ്രേരിപ്പിച്ചതു് അവളുടെ പ്രതികാരേച്ഛയോ സ്വകാര്യവൈരമോ അസൂയയോ വെറുപ്പോ എന്താണ്? ഈ ചോദ്യത്തിനുള്ള ഉത്തരം അവളെ പൂട്ടിയിട്ടുള്ള ഫ്രഞ്ചുകാരാഗൃഹത്തിൽതന്നെ പൂട്ടിയിട്ടിരിക്കുന്നു. ഇതുപോലെതന്നെ അമിലിയാലാന്റേൻ (Amelia Lantern) മിസ്സസ് മേരീലൂയി, ബാരണസ്സ് ഓൺ [illegible] ഇങ്ങനെ ദുഷ്കീർത്തിസമ്പാദിച്ച അനവധി സ്ത്രീകൾ യൂറോപ്പിൽ ചാരവൃത്തിയിൽ ഏർപ്പെട്ടതായി കാണാവുന്നതാണ്.

ചാരവൃത്തി വ്യക്തിപരമായും രാഷ്ട്രപരമായുംഉണ്ട്. മിക്കപരിഷ്കൃതരാജ്യങ്ങളും രാജ്യതന്ത്രപരമായി ചാരവൃത്തിയെ ന്യായീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയുംചെയ്തുവരുന്നു. ഹേഗ്കൺവെൻഷന്റെ 24-ാം ഖണ്ഡപ്രകാരം യുദ്ധകാലങ്ങളിൽ ചാരവൃത്തി അനുവദിച്ചിരിക്കുന്നു.

ലോകത്തിൽ ചാരവൃത്തി വളരെ പ്രചാരംസമ്പാദിച്ചിട്ടുള്ള ഒരുകാലമാണ് ഇതു്. മറെറാരുകാലത്തും ഉണ്ടായിട്ടില്ലാത്തവിധം അനവധി സ്ത്രീകൾ ഇന്നു ഇതിൽ ഏർപ്പെട്ടിരിക്കുന്നു. യൂറോപ്പും അമേരിക്കയും ജപ്പാനും ഇന്നു ചാരവൃത്തിയിൽമത്സരിക്കുന്നു.

കഴിഞ്ഞകൊല്ലത്തിൽതന്നെ യൂറോപ്പിൽ ഇരുനൂറു ചാരന്മാരെ ശിക്ഷിച്ചിട്ടുണ്ട്. ജർമ്മൻവാർഓഫീസിലെ ജോലിക്കാരും കുലീനകളുമായ പല യുവതികളും ഉൾപ്പെടെ നാല്പത്തിഏഴുപേരെ തൂക്കിക്കൊന്നിട്ടും ഉണ്ട്. എന്നിട്ടും ചാരവൃത്തി ത്വരിതമായി വർദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു.

സിനിമയിലെ ഒരു രക്തസാക്ഷി.

എം. എൻ. ജി നായർ.

മതമർദ്ദനങ്ങളുണ്ടാകുമ്പോൾ, തങ്ങളുടെ വിശ്വാസത്തിനും, ദൈവത്തിനുംവേണ്ടി, മർദ്ദിതരുടെ ക്രൂരതകൾക്കിരയായി ജീവൻവെടിയുന്ന മഹാന്മാരെ ആമതക്കാർ തങ്ങളുടെ മതത്തിന്റെ രക്തസാക്ഷികളായി കരുതി ബഹുമാനിച്ചുപോരുന്നു കത്തോലിക്കമതത്തിൽ ധാരാളം രക്തസാക്ഷികളുണ്ടായിട്ടുണ്ട്. എന്നാൽ ഇക്കാലത്തു രക്തസാക്ഷി (Martyr) എന്നുള്ള ബഹുമതി ഏതെങ്കിലും ഒരു മഹത്കാര്യത്തിനായി ശ്രമിച്ച് ആ ശ്രമത്തിനിടയിൽ കഠിനമായ അദ്ധ്വാനംമൂലം മരണമടയുന്നവർക്ക് കൊടുത്തുവരാറുണ്ട്. വിനോദസാഹിത്യകാരന്മാർ, ആ വാക്കിന്റെ ഉപയോഗത്തെ ഒന്നുകൂടി വിപുലമാക്കി, പല്ലുകുത്തുകൊണ്ടു കഷ്ടപ്പെടുന്നവനെ 'പല്ലുകുത്തിന്റെ രക്തസാക്ഷിയെന്നും, മുഷിപ്പൻപ്രസംഗംകേട്ട് മനസ്സുമുട്ടുന്നവനെ 'ഇന്നാരുടെ ബോറിങ്ങിന്റെ രക്തസാക്ഷിയെന്നും' വിളിക്കാൻ മടി കാണിക്കാറില്ല. സിനിമാനടനത്തിന്റെ പരിപൂർണ്ണവിജയത്തിനായിശ്രമിച്ചുഅതിനൊരു രക്തസാക്ഷിയായിത്തീർന്ന 'ലോൺചാനി'യെപ്പററിയാണു ഇവിടെ പ്രസ്താവിക്കാൻ ഉദ്ദേശിക്കുന്നത്.

ലോൺചാനി സ്പെയിൻകാരനാണ്. ചെറുപ്പംമുതൽതന്നെ നാടകങ്ങളിൽ അഭിനയിച്ചു സ്തോഭപ്രകടനവിദഗ്ദ്ധൻ എന്നുള്ള പേരുസമ്പാദിച്ചു ഏകദേശം നാല്പതുവയസ്സോടടുത്തപ്പോഴാണു ചാനി സിനിമയേപ്പററി കേട്ടത്. തന്റെ സാമർത്ഥ്യപ്രകടനത്തിനു പററിയ രംഗം സിനിമയാണെന്നു അദ്ദേഹം നിശ്ചയിച്ചു ഹോളിവുഡ്ഡുലേക്കു തിരിച്ചു. എല്ലാവിധക്കാരും, തരക്കാരും, വിവിധരാജ്യക്കാരും സമുദായക്കാരും ഒന്നുചേർന്നു നടനകലയെ ഉപാസിച്ചുകൊണ്ടിരിക്കുന്ന ഹോളിവുഡ്ഡിൽ സ്പെയിൻകാരനായ ചാനിക്കും താമസിയാതെ ഒരു നല്ലസ്ഥാനം ലബ്ധമായി രണ്ടുമൂന്നു കഥകളിൽ അഭിനയിച്ചുകഴിഞ്ഞപ്പോഴേക്കു ആയിരം മുഖങ്ങളുള്ള മനുഷ്യൻ (Man of Thousand faces) എന്ന പേർ അദ്ദേഹത്തിനുലഭിച്ചു. താൻ മരിക്കുന്നതിനു മുമ്പു ഇരുപതു ഫിലിമെങ്കിലും നിർമ്മിക്കണമെന്നായിരുന്നു ചാനിയുടെ ആഗ്രഹം. അതിൽ പകുതിസാധിച്ചപ്പോഴേക്കും അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

മുഖത്തുള്ള അവയവങ്ങളെയും മാംസപേശികളെയും തോന്നുന്നവിധത്തിൽ വളയ്ക്കുകയും വഴക്കുകയും ചെയ്യാൻ ലോൺചാനിക്കുണ്ടായിരുന്ന സാമർത്ഥ്യം അൽഭുതകരമായിരുന്നു. Phantom of theOpera നാടകശാലയിലെ ഭൂതം) എന്ന കഥയിൽ, സദാമുഖംമൂടിക്കൊണ്ടിരുന്ന കാമുകന്റെ മുഖം കാണുവാൻ ഒരു യുവതി അയാളുടെ പുറകിൽകൂടി ചെന്നു മുഖാവരണം പെട്ടെന്നു പിടിച്ചുമാററുന്നു. തന്റെ മുഖം ഒരുതരത്തിലും കണ്ടുപോകരുതെന്നു കർശനമായി ആജ്ഞാപിച്ചിട്ടുള്ള അൽഭുതജീവിയായ ആ കാമുകന്റെ ഭാഗം അഭിനയിച്ച ലോൺചാനി, ഉടൻ അവളുടെ നേരേതിരിഞ്ഞു "എന്റെ സുന്ദരമായ മുഖം ഇതാ! നോക്ക്!" എന്നു പറയുന്നു ആയ്യോ! ഇത്രവികൃതവും ബീഭത്സവുമായ ഒരു മുഖം ആരും കണ്ടിരിക്കയില്ല. ഏതു ധീരനും അതു കണ്ടാൽ ഞെട്ടിപ്പോകും. തന്റെ മുഖത്തെ ആ രൂപത്തിലാക്കാൻ യാതൊരു കൃത്രിമ ഉപകരണങ്ങളും ചാനി ഉപയോഗിച്ചിരുന്നില്ലെന്നാണു ആ കഥ ചിത്രീകരിച്ചുകൊണ്ടിരുന്നപ്പോൾ സന്നിഹിതരായിരുന്നവർ പറയുന്നത്. താൻ ഉദ്ദേശിക്കുന്നവിധത്തിൽ മുഖത്തെ രൂപപ്പെടുത്തുന്നതിൽ അദ്ദേഹം ഉപകരണങ്ങളുടെ സഹായം സ്വീകരിക്കാറില്ലെന്നുമില്ല

Hunch Back of Notre Dame എന്ന കഥയിലാണു ചാനി ഉപകരണങ്ങൾകൊണ്ടു തന്റെ ദേഹത്തെ ഏററവും കൂടുതൽ കഷ്ടപ്പെടുത്തിയതു്! ആ കഥയിലെ ഒരു വിരൂപിയായ കൂനന്റെ ഭാഗം അഭിനയിക്കുന്ന ചാനി, കൂനു ശരിയാകുന്നതിനായി ഇരുമ്പുകൊണ്ടുള്ളഒരു ചട്ടക്കൂടു ദേഹത്തു ധരിച്ചിരുന്നു. അതുകൊണ്ടു ദേഹം കഠിനമായി വളയ്ക്കുമ്പോൾ അദ്ദേഹത്തിനു അസഹ്യമായ വേദന ഉണ്ടായിക്കൊണ്ടിരുന്നു. ഇത്രമാത്രം കഷ്ടപ്പാടും വേദനയും സഹിച്ചുകൊണ്ടാണു ലോൺചാനി തന്റെ അഭിനയത്തിനു തന്മയത്വം നൽകിക്കൊണ്ടിരുന്നതു്. മുമ്പുപറഞ്ഞ രണ്ടുകഥകളെ കൂടാതെ,

London After Midnight
Laugh Clown Laugh
The Unholy Three എന്നീ കഥകളിലും ലോൺചാനിയുടെ അഭിനയം ഇതെഴുതുന്നയാൾ കണ്ടിട്ടുണ്ട്. പ്രകൃത്യാസുമുഖനായ ചാനിയുടെ മുഖത്തിനു കഥാഭാഗങ്ങളിൽ സംഭവിക്കുന്ന ആകൃതിവ്യത്യാസം പ്രേക്ഷകരെ അൽഭുതപരതന്ത്രരാക്കുകതന്നെചെയ്യും. സ്തോഭപ്രകടനത്തിനു ചാനിയെ അതിശയിക്കുന്ന സിനിമാനടന്മാർ ഇല്ലതന്നെ.

ചാർലിചാപ്ലിനെപ്പോലെതന്നെ ലോൺചാനിയും ടാക്കികളുടെ ശത്രുവായിരുന്നു പക്ഷെ, ചാനിക്കു തന്റെ ആ വിരോധത്തെ ജയിക്കേണ്ടതായ ഒരു സന്ദർഭം വന്നുകൂടി. അദ്ദേഹത്തിനു മുഖത്തു പലപല സ്തോഭങ്ങളും പ്രകടിപ്പിക്കുന്നതിനല്ലാതെ പലവിധത്തിലും, ശബ്ദത്തിലും സംസാരിക്കാൻ ശേഷിയില്ലെന്നും അതുകൊണ്ടാണു ടാക്കികളിൽ അഭിനയിക്കാത്തതു് എന്നും ചില നിരൂപകന്മാർ പറഞ്ഞുണ്ടാക്കി. വിവിധശബ്ദപ്രകടനങ്ങൾക്കും താൻ ശക്തനാണെന്നു കാണിക്കണമെന്നു വാശിപിടിച്ചുകൊണ്ട് അദ്ദേഹം താൻ മുമ്പു അഭിനയിച്ചിട്ടുള്ള Unholy T ree എന്ന കഥയെ ടാക്കിയായി അഭിനയിച്ചു. ആ കഥയിൽ ചാനി മൂന്നുപേരുടെ ഭാഗം അഭിനയിക്കുന്നുണ്ട് ആ മൂന്നുപേരുടെയും ഒരു തത്തയു



മിസ്സ് ഫേറേയും മി. വിക്ടർ ജോറിയും "മിൽസ് അഫ് ദി ഗാഡ്സ്" എന്ന ചിത്രത്തിൽ. മിസ്സ് ഫേറേ ആയിരുന്നു കിങ്കോങ് എന്ന സുപ്രസിദ്ധ ടാക്കിയിലെ കഥാനായികയുടെ ഭാഗം അഭിനയിച്ചതു്.

ബുദ്ധമതതത്വങ്ങൾ.

(കേ. പി. ഗോപാലമേനോൻ)

അദ്ധ്യായം ൧൨.

"സംഘാരംഭം."

കീടോപിസ്സുമനസ്സംഗാ
ദാരോഹതിസതാംഗിരാ
അശ്മാപിയാതിദേവത്വം
മഹദ്ഭിഃസുപ്രതിഷ്ഠതാ.

അഞ്ചു ഭിക്ഷുക്കൾക്കും ഈ ഉപദേശം കൊടുത്തശേഷം ബുദ്ധൻ അവരോടു ഇങ്ങനെ പറഞ്ഞു. "സത്യത്തെ പിന്തുടൎന്നു ശരിയായി ജീവിക്കണമെന്നു ഒരുവൻ വിചാരിച്ചാൽ ചിലപ്പോൾ അതു് സാധിച്ചില്ലെന്നു, കുറേക്കാലത്തിനുശേഷം ശക്തിക്കുറവിനാൽ ആ മാൎഗ്ഗം വിട്ടു പൂൎവ്വഗതിയെ അവലംബിച്ചു എന്നും വരാം. എന്നാൽ നിങ്ങൾ ഒന്നായിരുന്നു്, ഒരുത്തനു് ഒരുത്തൻ ഉദാഹരണമായിത്തീൎന്നു് അന്യോന്യം വേണ്ട കാലങ്ങളിൽ സഹായിച്ചുകൊണ്ടിരിക്കുന്നുഎങ്കിൽ ഒരുകാലത്തും ഈമാററം ഉണ്ടാകയില്ല. അതിനാൽ നിങ്ങൾ ഐകമത്യത്തോടുകൂടി സത്യാന്വേഷണം ചെയ്യിൻ. ഏകമാതൃസന്താനങ്ങളെപ്പോലെ സാഹോദൎയ്യം കൊണ്ടാടുവിൻ ഒരാൾ സ്നേഹത്തിലും ഒരാൾ പരിശുദ്ധതയിലും, മറെറാരാൾ ആത്മസംസ്കാരത്തിലും അദ്വിതീയനായി എന്നിരിക്കട്ടെ ആ ആൾ മററുള്ളവൎക്കു മാതൃകാപുരുഷനായിത്തീരുകയും അവർ അയാളെ അനുകരിക്കയും ചെയ്യുമല്ലോ. ഇങ്ങനെ നിങ്ങൾ ഒന്നെ ഒരു സംഘമായി ഭൂലോകത്തിന്റെ നാനാഭാഗങ്ങളിലും ഈ തത്വത്തെ പ്രചരിപ്പിക്കുവിൻ. തൻമൂലം ജീവജാലങ്ങൾക്കെല്ലാം മോക്ഷം സുലഭമാകട്ടെ"

ഇതാണു പരിശുദ്ധമായ സഹോദരസംഘം. ബുദ്ധമതതത്വങ്ങളിൽ വിശ്വസിക്കുന്നവൎക്കെല്ലാം ധൈൎയ്യമായി വിശ്രമിക്കുന്നതിനുള്ള മന്ദിരം ഈ സംഘംതന്നെ. ഈ സംഘസ്ഥാപനയിൽനിന്നും ക്രമേണ ധാരാളം ശിഷ്യരും ഉണ്ടായിക്കൊണ്ടിരുന്നു

ഈ തത്വത്തെ ശരിയായി അറിഞ്ഞുഅനുവൎത്തിച്ചുവന്ന ആദ്യശിഷ്യൻ "കൌണ്ഡിന്യൻ" എന്ന ആളായിരുന്നു. ഇതു മനസ്സിലാക്കി ഈ "ശിഷ്യനെ ആജ്ഞനയാത കൌണ്ഡന്യൻ" എന്നു ബുദ്ധൻ വിളിച്ചുവന്നു.

ഒരുദിവസം കൌണ്ഡന്യൻ ബുദ്ധന്റെ അടുത്തുവന്നു നമസ്കരിച്ചു "ഗുരോ ഞങ്ങൾക്കു ഇനിയും ഉപദേശംതരണമേ" എന്നു അപേക്ഷിക്കയും അതിനു "ഇഹലോകദുഃഖങ്ങളെ നീക്കത്തക്ക പരിശുദ്ധജീവിതത്തിൽ നിങ്ങൾ താല്പൎയ്യപ്പെടുവിൻ" എന്നു ബുദ്ധൻ പറകയും ചെയ്തു.

ഇതുകേട്ടു കൌണ്ഡന്യനും മററു ശിഷ്യരും താഴെപ്പറയുന്ന മൂന്നു പ്രതിജ്ഞകൾ നിശ്ചഞ്ചലമനസ്സോടും ഭക്തിവിശ്വാസത്തോടും കൂടിച്ചെയ്തു.

൧. ഞങ്ങൾ ബുദ്ധനിൽമാത്രം വിശ്വസിക്കുന്നു. പരിപൂൎണ്ണനായ ഇദ്ദേഹം അദ്വിതീയനും പരിശുദ്ധനുമാണു്.

൨. അദ്ദേഹം ഉപദേശംചെയ്ത തത്വങ്ങളിൽമാത്രം ഞങ്ങൾ ആശ്രയിക്കുന്നു. മനുഷ്യൎക്കു സുലഭമാകത്തക്കവണ്ണം ഈ തത്വങ്ങൾ അദ്ദേഹം വെളിപ്പെടുത്തിയിരിക്കുന്നു. അവ കാലദേശഭേദങ്ങളാൽ വ്യത്യാസംവരുന്നവയല്ല. അഭ്യുദയമാൎഗ്ഗത്തിനുള്ള തത്വം ഇതുമാത്രമാണു്. ഇഹലോകത്തിൽ പരമഗുരുവായി അവതാരംചെയ്തിട്ടുള്ളതു ബുദ്ധനാണു. അദ്ദേഹത്തിൽനിന്നുമാത്രമേമോക്ഷമാൎഗ്ഗം മനസ്സിലാക്കാൻ സാധിക്കയുള്ളു

൩. ബുദ്ധനാൽ സ്ഥാപിതമായ സംഘത്തിൽമാത്രമേ ഞങ്ങൾക്കു വിശ്വാസമുള്ളു. ശരിയായ ജീവിതത്തിൽ കാലംകഴിച്ചുവരുന്നതു ഈ സംഘം മാത്രമാണു്. സത്യം, ന്യായം എന്ന ഗുണങ്ങൾ ഈ സംഘത്തിന്റെ മുഖ്യോദ്ദേശങ്ങളാണു് ഈ സംഘത്തിലുള്ളവർ ദയ, ധൎമ്മം ഇവയെ മുറുകെപ്പിടിച്ചിരിക്കുന്നു. അവർ ദിവ്യവന്ദിതരാണു് സത്യമാൎഗ്ഗങ്ങളിൽ ചരിച്ചു്, എപ്പോഴും ഗുണകാൎയ്യങ്ങൾ ചെയ്തു മോക്ഷമടയുവാൻ നിഷ്ഠയോടുകൂടിയിരിക്കുന്ന സഹോദരസംഘം ഇതുമാത്രമാണു്.

ഈ സംഘം സ്ഥാപിച്ചു കുറച്ചുകാലത്തിനിടയ്ക്കു അതിന്റെ പ്രസിദ്ധി നാടെല്ലാം പരന്നു അക്കാലത്തു കാശിയിൽ ഒരു വലിയ വണിക ശ്രേഷ്ഠന്റെ പുത്രനായി "യഷൻ" എന്നു പേരുള്ള ഒരുവൻ ഉണ്ടായിരുന്നു. ഇഹലോകദുഃഖങ്ങളാൽ മനഃസമാധാനമില്ലാതെ കാലംകഴിച്ചുവന്ന ഈ "യഷൻ" ബുദ്ധന്റെ നേതൃത്വത്തിലുള്ള ഈ സംഘത്തെപ്പററി കേൾക്കുകയും ഒരുദിവസം രാത്രി ഉറക്കത്തിൽനിന്നും എണീററു ഈ സംഘം സ്ഥാപിച്ചിരുന്ന സ്ഥലത്തേക്കു പുറപ്പെടുകയും ചെയ്തു.

ദൂരെനിന്നും വന്നുകൊണ്ടിരിക്കുന്ന ഈ യുവാവിനെ ബുദ്ധൻ കണ്ടു അത്ഭുതപ്പെട്ടു.

യഷൻ അടുത്തുവന്ന ഉടനേ ബുദ്ധനെ സാഷ്ടാംഗം നമസ്കരിച്ചു "മഹാപ്രഭോ ഇഹലോകത്തിൽ എന്തു ദുഃഖമാണു്. എന്തു കഷ്ടമാണു്" എന്നു നിലവിളിച്ചു പറഞ്ഞു.

ഇതുകേട്ടു ബുദ്ധൻ "ഇവിടെകഷ്ടമില്ല, ദുഃഖവുമില്ല"എന്നു പറയുന്നതുകേട്ടു യഷനുസമാധാനംഉണ്ടായി. ഉടനേ അവൻ ബുദ്ധന്റെ അടുത്തുചെന്നു ഇരുന്നു അവനിൽ പ്രത്യക്ഷമായിരുന്ന ദൃഢവിശ്വാസം, താല്പൎയ്യം ഇവകളെ കണ്ടു വിസ്മയിച്ചു അവനു സത്യം, ധൎമ്മം എന്നീ ഗുണങ്ങളെപ്പററി ബുദ്ധൻ ഉപദേശംകൊടുത്തു. ഇഹലോകമോഹങ്ങളാൽ ഉണ്ടാകുന്ന ദുഃഖങ്ങൾ, പാപങ്ങൾ, അഹംഭാവം എന്നിവയെ അവനു മനസ്സിലാക്കുകയും, നിൎവ്വാണമാൎഗ്ഗങ്ങളെ ഉദാഹരണസഹിതം കാണിച്ചുകൊടുക്കുകയും ചെയ്തു

ഇവയെല്ലാം ശ്രദ്ധാപൂൎവ്വം കേട്ടു മനസ്സിലാക്കി യഷൻ താൻ അണിഞ്ഞിരുന്ന വിലയേറിയ ആഭരണങ്ങൾ, വസ്ത്രങ്ങൾ എന്നിവയെ നോക്കി ലജ്ജതോന്നി നെടുവീൎപ്പിടുകയും "കഷ്ടം ഇതാണല്ലോ മനുഷ്യസ്ഥിതി" എന്നു ഉറന്നു പറയുകയും ചെയ്തു

തഥാഗതൻ യഷനിൽ ഉണ്ടായ വികാരഭേദങ്ങൾ മനസ്സിലാക്കി "ആഭരണങ്ങളാലും ആടകളാലും ഒരുവൻ സൎവ്വാലംകൃതനായിരുന്നാലും, അവന്റെ മനസ്സു് പഞ്ചേന്ദ്രിയങ്ങളെ അടക്കംചെയ്തതായിരിക്കാം. വെളിയിൽകാണുന്നവ മനസ്സിനെയോ വിശ്വാസത്തിനെയോ മതത്തിനെയോ ബന്ധിക്കുന്നവയല്ല. കാഷായവസ്ത്രംധരിച്ചു് ഭസ്മം ദേഹമെല്ലാം വാരിത്തേച്ചിരിക്കുന്ന ഒരു ശ്രമണന്റെ മനസ്സു് ഇഹലോകവാഞ്ഛകളിലും വ്യാപാരങ്ങളിലും മുഴുകിയിരിക്കാം. വിജനമായ ഒരു സ്ഥലത്തിരുന്നും ഒരുവൻ ഇഹലോകസുഖങ്ങളെ ആഗ്രഹിച്ചുകൊണ്ടിരിക്കാം പട്ടുതൃത ആഭരണംമുതലായവ ധരിച്ചു മനുഷ്യരുമായി ചേൎന്നു നടക്കുന്ന ഒരുവന്റെ മനസ്സു് സദാ ഈശ്വരനിൽ സമൎപ്പിച്ചിരിക്കാം. 'അഹം' എന്നുള്ള ഭാവംത്യജിച്ചാൽ സന്യാസിക്കും ലൌകികത്തിൽ വ്യാപരിക്കുന്ന ഒരുവനും വ്യത്യാസമില്ല" എന്നു പറഞ്ഞു.

ഇത്രയും കേട്ടഉടനേ, യഷൻ ഈ സംഘത്തിൽ ചേരുവാനായി താല്പൎയ്യപ്പെടുകയും ബുദ്ധൻ അവനു തന്റെ ശിഷ്യന്മാർധരിച്ചുവന്നമാതിരിയുള്ള പീതാംബരം ധരിക്കാൻ കൊടുത്തു് അവനും ഉപദേശം നൽകുകയുംചെയ്തു.

ഇങ്ങനെ യഷൻ ഉപദേശംവാങ്ങിക്കൊണ്ടിരിക്കുമ്പോൾ തന്റെ പുത്രനെ കാണാത്തതിൽ വ്യാകുലചിത്തനായി അവനെതേടി യഷന്റെ അച്ഛൻ ആവഴി വരികയും ബുദ്ധനെക്കണ്ടു് "മഹാനുഭാവൻ, എന്റെ പുത്രനെ അവിടുന്നു് എവിടെയെങ്കിലും കണ്ടോ" എന്നു ചോദിക്കുകയുംചെയ്തു.

ഇതുകേട്ടു് "അകത്തുവരികാ, പുത്രനേ

ടെയും ശബ്ദം ചാനി കേൾപ്പിക്കതന്നെചെയ്തു. ഈ ഫിലിം തയാറാക്കിക്കൊണ്ടിരുന്നപ്പോൾ ചാനി തത്തയുടെ കരച്ചിലിനെ പലതരത്തിൽ അനുകരിച്ചു. അതിൽതന്നെ ശ്രദ്ധിച്ചു പരിശീലിച്ചുകൊണ്ടിരുന്ന സമയത്തു അദ്ദേഹത്തിന്റെ കണ്ഠത്തിലെ ഒരു രക്തവാഹിനി പൊട്ടിപ്പോയി. അതിൽനിന്നുണ്ടായ വ്രണത്താൽ ആ അഭിനയവിദഗ്ദ്ധൻ അകാലമൃത്യുവിനിരയാവുകയും ചെയ്തു

ഇന്നും പ്രഭുരതനായ ലോൺചാനിതന്നെയാണു സിനിമാനടനത്തിന്റെ പരിപൂൎണ്ണതയ്ക്കു മാതൃകയായിരിക്കുന്നതു്. ഇതേവരെ ആൎക്കും അദ്ദേഹത്തെ ജയിക്കാൻ കഴിഞ്ഞിട്ടില്ല. സിനിമയുള്ളടത്തോളംകാലം ലോൺചാനിയുടെപേരും നിലനില്ക്കും.

"കാണാം" എന്നു് ബുദ്ധൻ പറഞ്ഞതുകേട്ടു് യക്ഷന്റെ പിതാവിന്നു് അളവററ സന്തോഷവും സമാധാനവും ഉണ്ടായി. അകത്തുകടന്നു തന്റെ മകന്റെ അടുത്തുതന്നേ ഇരുന്നു എങ്കിലും അവനിൽ ഉണ്ടായ ഒരു മാററത്താൽ തന്റെ മകനെ മനസ്സിലാക്കാത്തേയും ഉപദേശംകേട്ട വിസ്മയിച്ചും യക്ഷന്റെ അച്ഛൻ സ്തംഭിച്ചു് അവിടെ ഇരുന്നു.

കുറേനേരം കഴിഞ്ഞു യക്ഷന്റെ അച്ഛൻ സാഷ്ടാംഗം വീണു നമസ്കരിച്ചു "മഹാപ്രഭോ, അവിടുന്നുതന്നെയാണു ലോകരക്ഷിതാവു്, അലങ്കോലമായി മായാനിമഗ്നമായിപ്പോകുന്നലോകത്തിന്നു് രക്ഷകൻ വേറെയാരാണു്? മാർഗ്ഗം തെററിപ്പോകുന്നവന്നു് ശരിയായവഴി കാട്ടികൊടുക്കുവാൻ വേറെ ആൎക്കു കഴിയും? കണ്ണുള്ളവൎക്കുമാത്രം കാണത്തക്കവണ്ണം ഇരുട്ടിൽ ശരിയായ ദീപം കത്തിച്ചുകാണിക്കുന്നതും അവിടുന്നല്ലേ? ഞാനും അവിടത്തെ ശിഷ്യരിൽ ഒരുവനാകാൻ ആഗ്രഹിക്കുന്നു. ഈ സഹോദരസംഘത്തിൽ ചേൎന്നാലല്ലാതെ എനിയ്ക്കു് മോക്ഷം ലഭ്യമാകയില്ലാ. എന്റെ അളവററ ധനവും ഭൂമികളും ഈ ലോകത്തിൽ ബുദ്ധിമുട്ടി തിരിയുന്ന സാധുജനങ്ങൾ എടുത്തു് ശരിയായി അനുഭവിയ്ക്കട്ടേ" എന്നുപറഞ്ഞു ഈ സംഘത്തിൽ യക്ഷന്റെ അച്ഛനും ചേൎന്നു.

ഇതുകഴിഞ്ഞു് ഉപദേശം വാങ്ങിയ ഉടൻ തന്റെ കണ്ണുകൾ തുറന്നുനോക്കുകയും തന്റെ പ്രിയപുത്രൻ പീതാംബര വസ്ത്രധാരിയായി അടുത്തിരിക്കുന്നതു അപ്പോൾ അവൻ കാണുകയും ചെയ്തു.

തന്നത്താൻ മറന്നു "എന്റെ പ്രിയബാലകാ നിന്റെ മാതാവു് കണ്ണീരും കയ്യുമായി കഴിച്ചുകൂട്ടുന്നു. വേഗം വീട്ടിൽപോയി അവളെ സമാധാനപ്പെടുത്തു. ഇല്ലെങ്കിൽ അവൾ മരിയ്ക്കുതന്നെ ചെയ്യും" എന്നു യക്ഷനോടായി അവന്റെ അച്ഛൻ പറഞ്ഞു.

ഇതുകേട്ടു് ബുദ്ധൻ "ഇത്രവേഗം മാററം വന്നോ. ശ്രേഷ്ഠോത്തമനായ യക്ഷൻ എന്താ ഇനിയും ലൗകികബന്ധങ്ങളിൽഉൾപ്പെടണമെന്നാണോ നിങ്ങൾ വിചാരിക്കുന്നതു്, ഇതു സാദ്ധ്യമല്ല. ശരിയല്ലാ" എന്നു കല്പിച്ചു.

"അങ്ങിനെയാണു് അവന്റെ താല്പൎയ്യമെങ്കിൽ മായാബന്ധങ്ങളിൽനിന്നും വിമുക്തനായി അവൻ ഇവിടെത്തന്നെ താമസിച്ചുകൊള്ളട്ടേ" എന്നു യക്ഷന്റെ അച്ഛനുംപറഞ്ഞു. ലൗകികഏൎപ്പാടുകൾ എല്ലാം ശരിപ്പെടുത്തുവാനും തന്റെ ഭാൎയ്യയെ വിവരം അറിയിക്കുവാനും, തിരിച്ചു കാശിക്കുപോകണമെന്നു യക്ഷന്റെ അച്ഛനു തോന്നുകയും അതിന്നായി ബുദ്ധനോടു് അനുവാദം ചോദിച്ചുവാങ്ങുകയും ചെയ്തു.

പുറപ്പെട്ടുപോകുമ്പോൾ അവൻ "തഥാഗതാ, മഹാത്മാവേ, ദയവുചെയ്തു എന്നിൽ കരുണയുണ്ടായി എന്റെ ആതിഥ്യം സ്വീകരിച്ചു് ഒരുനേരം എന്റെ ഭവനത്തിൽ ഭക്ഷണം കഴിക്കാൻ തിരുവുള്ളമുണ്ടാകണേ" എന്നു സവിനയം അപേക്ഷിച്ചു. ഇതുകേട്ട ബുദ്ധൻ പീതാംബരവസ്ത്രങ്ങൾ ധരിച്ചു ഭിക്ഷാപാത്രം കയ്യിലെടുത്തു "ഞാൻ നിന്നോടുകൂടെത്തന്നെ വരാം" എന്നു പറഞ്ഞു പുറപ്പെട്ടു.

ഈ വണിക്ശ്രേഷ്ഠന്റെ ഭവനത്തിൽ രണ്ടുപേരും ചെന്നുചേരുകയും ഉടനെ യക്ഷന്റെ മാതാവും പത്നിയും ഇവരെസ്വീകരിച്ചു നമസ്കരിക്കയും ചെയ്തു.

ബുദ്ധൻ മതതത്വങ്ങളെപ്പററി അവിടെയും പറയുകയും ഇതുകേട്ട യക്ഷന്റെ അമ്മയും ഭാൎയ്യയും അത്യാസക്തിയോടുകൂടി ശിഷ്യകളാകയും ചെയ്തു. ഈ സംഘത്തിലെ ആദ്യ സ്ത്രീശിഷ്യകളായിത്തീൎന്നതു് ഇവരാണു്.

കാശിയിൽതന്നെ യക്ഷന്റെപ്രാണമിത്രങ്ങളായി കുബേരന്മാരായി, വിമലൻ, സുബാഹു, പുണ്യജിത്തു്, ഗവാംപതി എന്നു നാലുപേർ ഉണ്ടായിരുന്നു ഇവർ യക്ഷൻ സന്യാസംസ്വീകരിച്ചു വേഷംമാറി തത്വാന്വേഷണത്തിൽ താല്പൎയ്യപ്പെട്ടിരിക്കുന്നു എന്നു കേട്ടഉടനേ "ഇതിൽ യക്ഷൻ ചേരണമെങ്കിൽ അതിനു എന്തോ മാഹാത്മ്യമുണ്ടു്. ഇല്ലെങ്കിൽ അവൻ നമ്മെയും അവന്റെ കുടുംബത്തെയും വിട്ടുപോകുകയില്ല, നിശ്ചയംതന്നെ. അവനെ കണ്ടു നമുക്കും ഇതു മനസ്സിലാക്കണം" എന്നു നിശ്ചയിച്ചു പുറപ്പെടുകയും യക്ഷന്റെ വ്യത്യസ്തസ്ഥിതിയേയും ജ്ഞാനാനുഭവത്തേയും കണ്ടുമനസ്സിലാക്കി പെട്ടെന്നു് അത്യാസക്തയോടുകൂടി ഈ സംഘത്തിൽ ചേൎന്നു ലൗകികാചാരങ്ങളെ ത്യജിച്ചു തത്വാന്വേഷണത്തിൽതാല്പൎയ്യപ്പെട്ടു് ഉപദേശംവാങ്ങി ശിഷ്യലോകത്തോടു ചേരുകയുംചെയ്തു.

THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah o Travancore.)

CHAIRMAN:- K. C. PANDALA B. Sc. (LOND.)

Subscribed Capital :- 15,60,400.

Capital Paid up :- 7,93,589 3 11.

Reserve and other Funds :- 2,23,500.

HEAD OFFICE:- ALLEPPEY.

Branches: Trivandrum, Changanacherry, Cochin and Quilon.

Sub-Offices: Ernakulam, Kayamkulam and Kottayam.

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted

For Particulars apply to

C. KRISHNA MENON M.A.
MANAGER ALLEPPEY.

or to the
CHAIRMAN
COLLEGE BUILDINGS
ESPLANADE, MADRAS'

ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

THOMAS MEMORIAL SAMUDAYA PU...
K. JACOB

നോവലുകൾ.

	ക.	ണ.	സ.
അഹിഭയം അഥവാ കേരളകാളിദാസൻ.	1	8	0
സത്യഗ്രാഹി.	1	8	0
വിജയലക്ഷ്മി.	0	4	0
ചമ്പകമാല അഥവാ			
വനേശരാജ്യത്തിലെ ഒരു ഘാതകൻ.	0	10	0
ദേവകി.	0	8	0
അംഗനാചുംബനം ഒന്നാംഭാഗം.	0	12	0
രണ്ടാംഭാഗം.	0	12	0
മൂന്നാംഭാഗം.	1	0	0
മൂന്നുഭാഗങ്ങളും ചേർന്നതിന്	2	4	0
അരമനരഹസ്യം.	1	0	0
താരാഭായി.	1	0	0
കാലൻെറ കൊലയറ ഒന്നാംതരം.	1	4	0
രണ്ടാംതരം	1	0	0
മരതകമണി.	0	12	0
പ്രേമധാമം അഥവാ സുവർണ്ണകുമാരി	0	12	0
മലയൻ അഥവാ മലേഷ്യയിലെ			
കുമുദപ്രിയതമൻ.	0	12	0
കമലാഭായി.	1	0	0
നാഗേശ്വരൻ അഥവാ കപടരാജാവ്.	1	0	0
വീരകേസരി.	1	0	0
ചിത്രലേഖ	0	12	0
അമരസിംഹൻ	0	12	0
ഡൊരസ്ലിണി മുഴുകാലിക്കോബയൻറ്	1	0	0
സാധാരണബയൻറ്.	0	12	0
കുസുമോത്സവം.	1	8	0
ഇന്ദിര.	1	0	0
പ്രണയപാശം.	1	0	0
വാസിനി.	0	12	0
മേനിക്കടെലാസ്സ്.	1	0	0
അവളുടെ അത്ഭുതപ്രേമം.	0	8	0
പ്രണയപ്രതികാരം.	1	0	0
ബാങ്കർ ചന്ദ്രശേഖരൻ.	0	12	0
കഷ്ടം അഥവാ സെസിലിയുടെ പ്രണയം.	0	4	0
മായാമണ്ഡലം.	1	8	0
കനകമംഗലം.	1	0	0

ജീവചരിത്രങ്ങൾ.

	ക.	ണ.	സ.
ശ്രീരാമകൃഷ്ണദേവൻ.	0	12	0
വിവേകാനന്ദസ്വാമികൾ	0	4	0
മഹാത്മാഗാന്ധി.	0	2	0
ശ്രീമച്ഛങ്കരാചാര്യർ.	0	4	0
ഗുരുനാനാക്ക്.	0	4	0
ലാലാലജപതറായി.	0	4	0
പണ്ഡിതമോതിലാൽനെഹ്റു.	0	8	0
ഹെൻറിഫോർഡ്.	0	8	0
മുഹമ്മദുനബി.	2	0	0
ജനറൽ ഗാർഫീൽഡ് അഥവാ			
സാർവ്വഭൗമനായിത്തീർന്ന കൃഷകബാലൻ.	0	4	0
ഡാക്ടർ ലിവിംഗ്സ്റ്റൺ.	0	4	0
ബുദ്ധിമാനായ അഹിക്കർ.	0	4	0
വിക്ടോറിയാമഹാറാണി.	0	8	0

ചെറുകഥകൾ.

	ക.	ണ.	സ.
കഥാവല്ലരി ഒന്നാംഭാഗം.	0	4	0
ബാഷ്പാങ്കുരം	0	8	0
മുരളീഗാനം മുതലായ ചെറുകഥകൾ.	0	4	0
രാധാറാണി.	0	3	0
വൃദ്ധാചലൻ.	0	4	0
സുഭദ്ര.	0	4	0
ബട്ട്ളർപപ്പൻ.	0	4	0

വ്യാകരണഗ്രന്ഥങ്ങൾ.

	ക.	ണ.	സ.
ശബ്ദമുക്താവലി മലയാളം പാക്കറ്റുനിഘണ്ടു	1	4	0
ശബ്ദരൂപാവലി പ്രഥമഭാഗം.	0	3	0
അമരകോശം മൂന്നുകാണ്ഡം			
സാരാർത്ഥബോധിനി എന്ന വ്യാ: സഹിതം	1	0	0
കുമാരസംഭവം സവ്യാഖ്യാനം.	1	0	0
സിദ്ധരൂപം	0	3	0
പ്രയോഗദീപിക	1	8	0

ശ്രീരാമവിലാസം പ്രസ്സിനോട് അനുബന്ധിച്ചിട്ടുള്ള "ശ്രീരാമവിലാസം"

ഫൈൻ ആർട്ട്സ് സ്റ്റുഡിയോയിൽ

ഹാഫ്ടോൺബ്ളാക്കുകൾ, ലൈൻബ്ളാക്കുകൾ, വിവിധവർണ്ണമഷികളിലടിക്കാവുന്ന ബ്ളാക്കുകൾ മുതലായവ

പരിഷ്കൃതരീതിയിൽ കൃത്യസമയത്തു് കുറഞ്ഞ റേറ്റിൽ ചെയ്തുകൊടുക്കുന്നതാണ്.

തിരുവിതാംകൂറുകാരുടെ വകയായ ഏക

ബ്ളാക്കുനിർമ്മാണശാല ഇതുമാത്രം.

അപേക്ഷിക്കേണ്ടും മേൽവിലാസം,— ശ്രീരാമവിലാസം ഫൈൻ ആർട്ട്സ് സ്റ്റുഡിയൊ—കൊല്ലം.

THE MALAYALA RAJYAM
25th FEBRU 1935. CHITRAVARIKA. Vol. VII No. 25

ബാംബെ മെഡിക്കൽഹാൾ, കൊല്ലം.

ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

അനവധി സർട്ടിഫിക്കററുകൾ ലഭിച്ച
ആരോഗ്യസിദ്ധ എന്ന

കാമബാണരസായനം

രക്തശുദ്ധിക്കും ശുക്ലവർദ്ധനയ്ക്കും ദേഹപുഷ്ടിക്കും ശ്രേഷ്ഠവും മററെല്ലാ രോഗങ്ങളെയും ശമിപ്പിക്കുന്നതിന് അദ്വിതീയവുമായ സിദ്ധയോഗം. ധാതുപുഷ്ടിക്ക് ഇത്ര നല്ല ഔഷധം വേറെ ഇല്ല. അമിതഭോഗത്താലോ പ്രകൃതിവിരുദ്ധങ്ങളായ ആഭാസപ്രവൃത്തികളാലോ ഉണ്ടാകുന്ന മൂത്രച്ചുടിൽ, അസ്ഥിസ്രുരുക്കം, മേഹപ്പോക്ക്, പഴുപ്പുപോക്ക്, സ്വപ്നസ്ഖലനം, മൂത്രം ഒഴിച്ചതിനു മുമ്പും പിമ്പും ഉണ്ടാകുന്ന ശുക്ലസ്രാവം, ശുക്ലം മൂത്രത്തിൽ കലൻപോകുക, ഉഷ്ണപ്പുണ്ണു മുതലായ കഷ്ടാൽകഷ്ടതരങ്ങളായ ഭയങ്കരവ്യാധികളെ നിശ്ശേഷം മാററി ശരീരത്തിന് ഓജസ്സും തേജസ്സും നൽകി, കോമളസ്വരകമായ്ത്തെ പ്രദാനം ചെയ്യുന്നതിന് ഇത്ര ശക്തിയുള്ള ഔഷധം വേറെ അറിയപ്പെട്ടിട്ടില്ല.

സ്നേഹിതന്മാരേ!

മേൽ പറഞ്ഞ രോഗങ്ങൾ പിടിപെട്ടവർ, കണ്ണുകുഴിഞ്ഞു്, കവിളൊട്ടി, തോൾ ഇടിഞ്ഞുതാണു് കയ്യും കാലും മെലിഞ്ഞു്, വിളറിവെളുത്തു് എല്ലുംതോലുമായി, വിളവുകൾക്കു കണ്ണുപെടാതെ നാട്ടിനിറുത്തുന്ന കോലംപോലെ വിലക്ഷണരൂപികളായിത്തീരുന്നു. പഴുപ്പുപോക്കാണെങ്കിൽ അതിന്റെ ദുർഗ്ഗന്ധവും, ക്ഷീണവും, ദേഹത്തിന്റെ ചുടിച്ചിലും, നടക്കാനോ നിൽക്കാനോ ഇരിക്കാനോ നല്ലപോലെ സംസാരിക്കാനോ ശക്തിയില്ലായ്കയാലുള്ള വൈഷമ്യവും ഒരുവനാൽ സഹിക്ക സാദ്ധ്യമോ? തന്നിലും പ്രായംകുറഞ്ഞ ബാലന്മാരും തന്റെ സമപ്രായക്കാരും ഒരിക്കൽ തന്നേക്കാൾ എത്രയോ ശക്തികുറഞ്ഞവരായിരുന്നിട്ടും ഇപ്പോൾ അവരോട് അടുത്തുനിന്നു സംസാരിക്കാൻകൂടി ശേഷിയില്ലാത്ത ആ സ്ഥിതി എത്ര വ്യസനകരം!

ഇതോടുകൂടി 1 രൂപാ വിലയുള്ള മാൻകൊമ്പുഭസ്മം കൂടി വരുത്തി ഉപയോഗിക്കണം.

15 ദിവസം 30 നേരം സേവിക്കാനുള്ള ടിൻ ഒന്നുക്കു
വില രൂപാ 2.
(അഞ്ചൽകൂലി പുറമെ.)

പിത്തകുലാന്തകൻ.

പിത്തരോഗികൾക്കു് ഒരു വലിയ
അനുഗ്രഹം.

അതിദാഹം, ശരീരത്തിന്റെ മഞ്ഞളിപ്പ്, ദേഹം എല്ലായ്പോഴും വിയർക്കുക, ശരീരത്തിനു ചൂടുണ്ടാകുക, ക്ഷീണം, കോപശീലം, വായിൽനിന്നും പുളിപ്പും കൈപ്പും ഉള്ള വെള്ളം ഊറുക മുതലായ പിത്തസംബന്ധമായ രോഗങ്ങളെ ഈ മരുന്നു നിശ്ശേഷം നശിപ്പിക്കുന്നതാണ്. കണ്ണിന്റെ മഞ്ഞക്കം, ഹൃദയത്തിന്റെ അസ്വാസ്ഥ്യം, ശരീരത്തിന്റെ വേദന, കണ്ണിൽകാണുന്ന സാധനങ്ങൾ മഞ്ഞനിറത്തോടുകൂടി ചലിക്കുന്നതുപോലെ തോന്നുക, എപ്പോഴും കിടക്കത്തക്കവണ്ണം ശരീരത്തിനു തളർച്ച ബാധിക്കുക, എപ്പോഴും മയക്കം ഉണ്ടാവുക, ഉറക്കത്തിൽ ദുസ്വപ്നം കാണുക, മൂത്രം മഞ്ഞളിച്ചു പോവുക, കൈകാൽകഴപ്പ്, നടക്കാൻ വൈഷമ്യം തോന്നുക, ഭക്ഷണത്തിൽ അരുചി തോന്നിക്കുക മുതലായ പിത്തസംബന്ധമായ മററു സുഖക്കേടുകൾക്കും ഈ ഔഷധം കൈകണ്ട ഫലത്തെ ചെയ്യുന്നതാണ്.

30 നേരം സേവിക്കാനുള്ള മരുന്നടങ്ങിയ ഡപ്പി ഒന്നുക്കു
വില രൂപാ 2.

വില്ലൻചുമ ഗുളിക.

കുട്ടികൾക്കു് ഈ ചുമ പിടിപെട്ടാൽ കുറച്ചുദിവസം കഴിഞ്ഞതിനുശേഷം മാത്രമേ അതു വിട്ടുമാറുകയുള്ളു എന്നു പറയുന്നതു് അബദ്ധമാണ്. മൂന്നുനാലു ദിവസംകൊണ്ടു സുഖത്തെ നൽകുന്ന ഞങ്ങളുടെ ഈ ഔഷധം ഉപയോഗിച്ചാൽ മാത്രമേ ഫലം അറികയുള്ളു. ഈ രോഗത്തിന്റെ പ്രാരംഭത്തിൽ പനി, ഉഷ്ണം, അരിയായവിയർപ്പ്, ദാഹം, ശ്വാസംമുട്ട്, അന്നദ്വേഷം ഇവ വന്നു ശമിച്ചതിനു പുറമേയാണ് ചുമ തുടങ്ങുന്നതു്.

32 ഗുളിക അടങ്ങിയ കുപ്പി ഒന്നുക്കു വില അണ 8.

കൂടുതൽ വിവരം അറിയേണ്ടവർ 12 കാശു് (തപാലിൽ ഒരു അ.) സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

താഴേ ചേർക്കുന്നതും മേൽവിലാസം:—

ബൊംബെ മെഡിക്കൽഹാൾ, കൊല്ലം—തിരുവിതാംകൂർ.

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.